# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 43

വാല്യം - 17 ലക്കം - 06 ഇടവം - 1200 ജൂൺ - 2025



ERNAKULAM KARAYOGAM

# കഥകളി ഉത്സവം

(1–ാം ദിവസം)

ജൂൺ 20 – വെള്ളി, 3 .00 pm

തോടയം - പകുതി പുറപ്പാട് - ഡബിൾ മേളപ്പദം

## രുഗ്മിണി സ്വയംവരം കഥകളി



അരങ്ങത്ത് : കലാമണ്ഡലം മയ്യനാട് രാജീവൻ നമ്പൂതിരി
കലാനിലയം രാജീവൻ തുടങ്ങിയവർ

കുണ്ഡീനത്തിലെ ഭീഷ്മക രാജാവിന്റെ മകളായ രുഗ്മിണി മഹാലക്ഷ്മിയുടെ അവതാരമാണ്. അവൾ ചെറുപ്പത്തിലേ ശ്രീകൃഷ്ണനെ കാന്തനായി മനസാവരിച്ചിരുന്നു. എന്നാൽ മാധവവിദ്വേഷിയായ അവളുടെ സഹോദരൻ രുഗ്മി അവളെ തന്റെ സുഹൃത്തായ ചേദി രാജാവ് ശിശുപാലന് വിവാഹം ചെയ്തു കൊടുക്കാൻ തീരുമാനിക്കുന്നു. ഇതറിഞ്ഞ രുഗ്മിണി ഒരു ബ്രാഹ്മണൻ വഴി തന്റെ സ്ഥിതി ശ്രീകൃഷ്ണനെ അറിയിച്ച ഉടനെ ശ്രീകൃഷ്ണൻ ബ്രാഹ്മണനെയും കൂട്ടി കുണ്ഡീനത്തിൽ പോയി രുഗ്മിണിയുടെ കരംഗ്രഹിച്ച് തേരിലേറ്റി കൊണ്ടുപോകുന്നു.

(2–ാം ദിവസം)

ജൂൺ 21 – ശനി , 5 .30 pm

## നളചരിതം 1 –ാം ദിവസം



അരങ്ങത്ത് : കലാമണ്ഡലം ഷണ്മുഖൻ,
കലാമണ്ഡലം ചമ്പക്കര വിജയൻ,
കലാമണ്ഡലം ബാബു നമ്പൂതിരി,
കലാമണ്ഡലം വിനോദ് മുതലായവർ

നിഷധ രാജ്യത്തെ രാജാവായ നളനോട് നാരദൻ കുണ്ഡീന രാജ്യത്തെ രാജകുമാരി ദമയന്തിയുടെ ഗുണഗണങ്ങൾ വർണ്ണിക്കുന്നു. ഇത് കേട്ട് അവളിൽ പ്രേമം തോന്നിയ രാജാവ് രാജ്യകാര്യങ്ങൾ ഉപേക്ഷിച്ച് ഉദ്യാനത്തിൽ പോയിരിക്കുന്നു. അവിടേക്ക് ഒരു സ്വർണ്ണഹംസം പറന്നു വരുന്നു. നളൻ അതിനെ പിടിക്കുന്നു. അത് കരഞ്ഞുപറഞ്ഞപ്പോൾ വിട്ടയക്കുന്നു. ആ ഹംസം തിരികെ വന്ന് എന്തെങ്കിലും ഉപകാരം ചെയ്യാമെന്ന് നളനോട് പറയുന്നു. ഇത് കേട്ട് നളൻ ഹംസത്തിനോട് ദമയന്തിയുടെ അടുത്ത് പോയി തന്റെ കാര്യം അറിയിക്കുവാൻ ആവശ്യപ്പെടുന്നു. ഹംസം ദമയന്തിയുടെ അടുത്ത് പോയി നളന്റെ ഗുണഗണങ്ങൾ വർണ്ണിക്കുന്നു. അവളിൽ നളനോട് അനുരാഗം വളരുന്നു.

(3–ാം ദിവസം)

ജൂൺ 22 – ഞായർ, 5 .30 pm

(ബീം – ന്റെ സഹകരണത്തോടെ)

## കല്യാണ സൗഗന്ധികം



അരങ്ങത്ത് : സദനം ഭാസി, കലാമണ്ഡലം വൈശാഖ്,
നെടുമ്പള്ളി റാം മോഹൻ, സദനം ജ്യോതിഷ് ബാബു,
കലാമണ്ഡലം കൃഷ്ണദാസ് തുടങ്ങിയവർ

പാണ്ഡവരുടെ വനവാസകാലത്ത് ഒരുദിവസം പാഞ്ചാലിയുടെ മുന്നിൽ അതുവരെ കണ്ടിട്ടില്ലാത്ത സൗഗന്ധിക പുഷ്പം വന്ന് വീഴുന്നു. ഇതുപോലുള്ള പുഷ്പങ്ങൾ ഇനിയും വേണമെന്ന് പാഞ്ചാലി ഭീമനോട് ആവശ്യപ്പെടുന്നു. പുഷ്പം ശേഖരിക്കാൻ കദളീവനത്തിൽ പ്രവേശിച്ച ഭീമന്റെ പരാക്രമം കാരണം അവിടെ ശ്രീരാമധ്യാനത്തിലിരിക്കുന്ന ഹനുമാന് തപോഭംഗം സംഭവിക്കുന്നു. മനക്കണ്ണാൽ കാര്യം മനസ്സിലാക്കിയ ഹനുമാൻ, തന്റെ അനുജനായ ഭീമന്റെ ശക്തിയെ പരീക്ഷിക്കാൻ തീരുമാനിച്ച് ഒരു വൃദ്ധവാനര വേഷത്തിൽ വഴിയിൽ കിടക്കുന്നു. വഴിയിൽ നിന്ന് മാറി കിടക്കാൻ ഭീമൻ പറയുന്നു. തനിക്ക് വയ്യ എന്നും തന്നെ ചാടിക്കടക്കാൻ ഹനുമാൻ പറയുന്നു. എനിക്ക് വാനരവർഗ്ഗത്തിൽ ഒരു ജേഷ്ഠൻ ഉണ്ട്. അത് കൊണ്ട് ചാടി കടക്കാൻ പറ്റില്ല എന്ന് ഭീമൻ. അത് കൊണ്ട് വാല് മാറ്റി വച്ച് കടക്കാം എന്ന് തീരുമാനിക്കുന്നു. ആ വാൽ ഒന്ന് അനക്കാൻ പോലും ഭീമന് സാധിക്കുന്നില്ല. അങ്ങരാണെന്ന് താഴ്മയായി ചോദിച്ച ഭീമനോട് ഹനുമാൻ താനരാണെന്ന് പറഞ്ഞ് അനുഗ്രഹിച്ചു യാത്രയാക്കുന്നു

**Centenary Celebrations**
Curtain raiser programmes
June 2025



## എഡിറ്റോറിയൽ...

# മഴക്കാല ദുരിതങ്ങളും കോവിഡും

ഇക്കൊല്ലം കാലവർഷം വളരെ നേരത്തെ തന്നെ ആരംഭിച്ചിരിക്കുന്നു. ഏതാണ്ട് 16 വർഷങ്ങൾക്ക് മുമ്പാണ് മേയ് മാസത്തിൽ കാലവർഷം ആരംഭിച്ചത്. ഈ വർഷം മഴ നേരത്തെ എത്തുമെന്ന് കാലാവസ്ഥാനിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പ് ഉണ്ടായിരുന്നു എന്നുള്ളത് ശരിയാണുതാനും. എന്നിട്ടും മഴക്കെടുതികളും, പകർച്ചവ്യാധികളും ഒക്കെ തടയുന്നതിനുവേണ്ട മുൻകരുതലുകൾ നാം സ്വീകരിച്ചോ എന്നത് ഒന്ന് പരിശോധിക്കേണ്ടതല്ലേ?

ഇത്തവണ മഴ തുടങ്ങിയതു തന്നെ ശക്തമായ കാറ്റ് വീശി അടിച്ച് ഒട്ടേറെ നാശനഷ്ടങ്ങൾ വരുത്തിക്കൊണ്ടാണ്. വഴിയോരങ്ങളിലുള്ള വൃക്ഷങ്ങൾ ഒടിഞ്ഞ് വീണും, ഇലക്ട്രിക്ക് പോസ്റ്റുകൾ വീണും ഒക്കെ അപകടങ്ങൾ ഉണ്ടായിരിക്കുന്നു. മരണങ്ങൾ സംഭവിച്ചിരിക്കുന്നു. അല്പം ജാഗ്രത പുലർത്തിയിരുന്നെങ്കിൽ ഒഴുവാക്കാമായിരുന്ന അപകടങ്ങളാണ് ഇവയെല്ലാം.

അതുപോലെ നമ്മുടെ ഈ നഗരത്തെ ഏറെ ബുദ്ധിമുട്ടിലാക്കുന്ന ഒന്നാണ് ശക്തമായി ഉയരുന്ന തിരമാലകളും, കടൽ കയറ്റവും. പല വഴികളിലേക്കും അപ്രതീക്ഷിതമായി വെള്ളം കയറുന്നതുമൂലം യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ട് ചില്ലറയല്ല. എറണാകുളത്തെ സംബന്ധിച്ചിടത്തോളം ഇവിടെയുള്ള പ്രധാനപ്പെട്ട അഞ്ചാറു തോടുകളുടെ ആഴം കൂട്ടി,

വാല്യം 17 ✤ ലക്കം – 6 ✤ ജൂൺ – 2025

## ഉള്ളടക്കം

എഡിറ്റോറിയൽ 3
സെക്രട്ടറിയുടെ പംക്തി 5
ബാലലോകം 8
വാസ്തു ശാസ്ത്രം 9
ക്ഷേത്രങ്ങളിലൂടെ 10
സുഭാഷിതം 14
മദ്യവും മയക്കുമരുന്നും 15
നമഃശിവായ 19
വൈശാഖമാസാചരണം മാനസിക സൗഖ്യത്തിന് 23
അവിസ്മരണീയമായ ചില അനുഭവങ്ങൾ 25
കേരളത്തിന്റെ ശാക്തേയ പാരമ്പര്യം-14 27
എന്റെ പാറുട്ടിയവർ (ഒരു നഖചിത്രം) 33
ദൃഗ് ദൃശ്യ വിവേകം 37
മാസഫലം 40
മാട്രിമോണിയൽ. 41

പത്രാധിപസമിതി

ആലപ്പാട്ട് മുരളീധരൻ
(മാനേജിംഗ് എഡിറ്റർ)

എം. ശ്രീവല്ലഭൻ നായർ
(എഡിറ്റർ)

പി. രാമചന്ദ്രൻ (വേണു)

കെ.ടി. മോഹനൻ

കയ്യേറ്റങ്ങളൊഴിവാക്കി, പണ്ടുണ്ടായിരുന്നത്ര വീതി പുനഃസ്ഥാപിച്ചാൽ ഈ കടലേറ്റത്തിനും വെള്ളക്കെട്ടിനും ഒരു പരിധിവരെയെങ്കിലും പരിഹാരമുണ്ടാകും. ഇക്കാര്യം ഈ പംക്തിയിലൂടെ പല പ്രാവശ്യം സൂചിപ്പിച്ചിട്ടുള്ളതാണ്. പക്ഷെ എന്തുകൊണ്ടോ ഉത്തരവാദപ്പെട്ടവർ മൗനം പാലിക്കുന്നു.

ഇനി നാം ഭയക്കേണ്ടത് മഴക്കാല രോഗങ്ങളെയാണ്. പ്രധാനമായും ടൈഫോയിഡ്, ഡങ്കിപ്പനി, ചിക്കൻഗുനിയ, മലേറിയ , ഇൻഫ്ളുവൻസ, മഞ്ഞപ്പിത്തം, എലിപ്പനി, അതിസാരം തുടങ്ങിയവയാണ് ഗുരുതരമാംവിധം ആളുകളെ ബാധിക്കുന്നത്. ഇതെല്ലാം പകർച്ചവ്യാധികളുമാണ്. ഇവിടെയാണ് പൊതുജനപങ്കാളിത്തവും സമൂഹത്തിന്റെ കുട്ടായ്മയോടുള്ള ശുചീകരണ പ്രവർത്തനങ്ങളും ഏറെ ഉണ്ടാവേണ്ടത്. സർക്കാരിന് മാത്രമായി ഒന്നും ചെയ്യാൻ കഴിയില്ല. ജനങ്ങൾ ജാഗ്രത പാലിക്കുക, ശുചിത്വം ഉറപ്പുവരുത്തുക എന്നുള്ളതാണ് അത്യാവശ്യമായും ചെയ്യേണ്ടത്.

സർക്കാർ ഭാഗത്തുനിന്നും അടിയന്തിരമായി ചെയ്യേണ്ടത് കാനകളെല്ലാം വൃത്തിയാക്കുക, റോഡുകളിലും പൊതുസ്ഥലങ്ങളിലുമുള്ള കുണ്ടും കുഴികളും അടച്ച് ഭംഗിയാക്കുക, വഴിയോരങ്ങളിൽ അപകടകരമാം വിധം നിൽക്കുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റുക തുടങ്ങിയവയാണ്. റോഡുകളിലെ കുഴികളടച്ചില്ലയെങ്കിൽ വാഹനാപകടങ്ങൾ പ്രത്യേകിച്ചും ഇരുചക്ര വാഹനാപകടങ്ങൾ സംഭവിച്ച് യാത്രക്കാരുടെ ജീവനുവരെ ഭീഷണിയായേക്കും. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിയെണമെന്ന് അഭ്യർത്ഥിക്കുന്നു.

'ഇടിവെട്ടിയവനെ പാമ്പുകടിച്ചു' എന്ന് പറഞ്ഞതുപോലെ ഈ ദുരിതങ്ങൾക്കൊപ്പം ഇപ്പോഴിതാ വീണ്ടും കോവിഡ് വ്യാപിക്കുന്നു. രാജ്യത്ത് പലയിടങ്ങളിലും കോവിഡ് വ്യാപിക്കുന്നതായുള്ള വാർത്തകൾ വന്നു കഴിഞ്ഞു. കേരളത്തിലും 700-ൽ പരം ആളുകൾക്ക് കോവിഡ് പിടിപെട്ടതായാണ് അറിവ്. രാജ്യത്ത് ഏറ്റവും കൂടുതൽ കോവിഡ് ബാധ റിപ്പോർട്ട് ചെയ്തിരിക്കുന്നതും കേരളത്തിലാണ്. അതുകൊണ്ടുതന്നെ മുമ്പ് നാം എടുത്തിരുന്ന എല്ലാ മുൻകരുതലുകളും വീണ്ടും എടുക്കണം. ആളുകൾ കൂടുന്നിടത്തും പൊതുസ്ഥലങ്ങളിലും മാസ്ക് നിർബന്ധമായും ധരിക്കുക. അതാണ് ഏറ്റവും നല്ല രക്ഷാമാർഗ്ഗം.

കോവിഡിന്റെ വ്യാപനം തടയുന്നതിന് സർക്കാർതല സംവിധാനങ്ങൾ ഇപ്പോൾ തന്നെ ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. മാസ്ക് നിർബന്ധമായും ഉപയോഗിക്കണമെന്ന് ഉത്തര വിറക്കുക. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാസ്ക് ധരിക്കുന്നതിനോടൊപ്പം നിശ്ചിത അകലം പാലിക്കുക, സാനിറ്റൈസർ ഉപയോഗിക്കുക തുടങ്ങിയ മുൻകരുതലുകൾ എടുക്കുവാൻ സർക്കാർ ഉത്തരവിറക്കുകയും അവ പാലിക്കപ്പെടുന്നുണ്ടെന്നുള്ളത് ഉറപ്പുവരുത്തുകയും ചെയ്യണം.

ശക്തമായ മുൻകരുതൽ സംവിധാനങ്ങൾ ഉണ്ടാവേണ്ടത് ബസുകൾ, ഓട്ടോറിക്ഷകൾ, കാറുകൾ തുടങ്ങിയവയിലും ട്രെയിൻ യാത്രക്കാരിലുമാണ്. രോഗം പകരുവാൻ ഏറെ സാദ്ധ്യതയുള്ള മേഖലയാണിത്. ഇവിടെ കർക്കശ പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തിയാൽ രോഗവ്യാപനം ഫലപ്രദമായി തടയുവാൻ നമുക്ക് കഴിയും. ഇക്കര്യത്തിൽ സർക്കാരും ജനങ്ങളും പരിപൂർണ്ണസഹകരണത്തോടെ യോജിച്ച് പ്രവർത്തിക്കണം, എങ്കിൽ നമുക്ക് ഖേദിക്കേണ്ടിവരില്ല.

കോവിഡിൽ നിന്നും, മഴക്കാല രോഗങ്ങൾനിന്നും രക്ഷപ്പെടുവാനുള്ള എല്ലാ സർക്കാർ നിർദ്ദേശങ്ങളും പാലിക്കുക. എല്ലാവരും സുരക്ഷിതരായിരിക്കുക. എല്ലാ വായനക്കാർക്കും ആയുരാരോഗ്യസൗഖ്യം നേരുന്നു.

**ജയ് ഹിന്ദ്**



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

**എല്ലാ കരയോഗാംഗങ്ങൾക്കും എറണാകുളം കരയോഗത്തിന്റെ ശതാബ്ദി ആശംസകൾ**

*പ്രിയ കരയോഗാംഗങ്ങളെ,*

നമ്മുടെ 100-ാമത് വാർഷികപൊതുയോഗത്തിൽ പങ്കെടുക്കുവാൻ അവസരം ലഭിച്ച നാം ഓരോരുത്തരും ഭാഗ്യവാൻമാരും ഭാഗ്യവതികളുമാണ്. അതോടൊപ്പം തന്നെ ശതാബ്ദിയാഘോഷം വിപുലമായ രീതിയിൽ നടത്തുക എന്നതും നമ്മുടെ ഉത്തരവാദിത്വവും അതിലുപരി ഒരു സംഘടനയുടെ - സമാജത്തിന്റെ 100-ാം ജന്മദിനത്തിൽ പങ്കാളിയാകുവാനുള്ള സൗഭാഗ്യവും വളരെ വിലപ്പെട്ടതാണ്. നമുക്ക് ഒത്തൊരുമിച്ച് എന്നും നമുക്കും വരും തലമുറകൾക്കുമുള്ള സൂക്ഷിപ്പിനായി ആഘോഷിക്കുക എന്നതാണ് നമ്മുടെ കർത്തവ്യം. അതിന് നിങ്ങൾ ഓരോരുത്തരും പ്രസ്ഥാനത്തിനൊപ്പം സജീവമായി ഉണ്ടാകണമെന്ന് ആമുഖമായി പറഞ്ഞുവെയ്ക്കുന്നു.

കരയോഗസൗഹൃദത്തിലൂടെ പലപ്പോഴായി കരയോഗത്തിന്റെ പ്രവർത്തനങ്ങളും പദ്ധതികളും അതിന്റെ ആസൂത്രണവും, എല്ലാ മാസവും നടന്നുവരുന്ന പരിപാടികളും വ്യക്തമായി തന്നെ അംഗങ്ങളെ അറിയിച്ചു പോരുന്ന ഒരു രീതിയാണ് ഇപ്പോഴുള്ളത്. നമ്മുടെ പ്രസ്ഥാനത്തിന്റെ ദൈനംദിനപ്രവർത്തനങ്ങൾ അംഗങ്ങളിലേയ്ക്ക് എത്തിക്കുകയും അതുവഴി അവരുടെ നിർദ്ദേശങ്ങളും ഉപദേശങ്ങളും സ്വീകരിക്കുക എന്നതുമാണ് ഇതിന്റെ മുഖ്യലക്ഷ്യം. അത് കൃത്യമായി തന്നെ കുറേയേറെ വർഷങ്ങളായി മുടങ്ങാതെ ചെയ്തു പോന്നിട്ടുള്ളതാണ് എന്ന് നിങ്ങൾക്ക് ഏവർക്കും അറിയാവുന്നതാണല്ലോ.

ഈ ലക്കം സൗഹൃദം എറണാകുളം കരയോഗത്തിന്റെ 100-ാമത് വാർഷികപൊതുയോഗത്തിന്റെ നോട്ടീസ്, പ്രവർത്തന റിപ്പോർട്ട്, വരവ് ചിലവ് കണക്കുകൾ, റവന്യൂബഡ്ജറ്റ്, ക്യാപിറ്റൽബഡ്ജറ്റ്, ഓഡിറ്റ് റിപ്പോർട്ട് തുടങ്ങിയ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചാണ് പ്രസിദ്ധീകരിക്കുന്നത്. ക്യാപ്പിറ്റൽബഡ്ജറ്റിൽ 133,75,00,000 രൂപയും റവന്യൂബഡ്ജറ്റിൽ 470 ,00,000 രൂപയും അടക്കം ആകെ 138,45,00,000 രൂപയുടെ ബഡ്ജറ്റാണ് അവതരിപ്പിക്കുന്നത്.

ശതാബ്ദി വർഷമായ 2025 ലെ 100-ാമത് പൊതുയോഗത്തിൽ കഴിഞ്ഞ പൊതുയോഗത്തിന്റെ അംഗീകാരം ലഭിച്ച പദ്ധതികളുടെ പ്രവർത്തനപുരോഗതിയും ചേർത്തിട്ടുണ്ട്. ചെറായി തൃക്കടക്കാപ്പിള്ളി കരയോഗം വക സ്ഥലത്ത് പെൺകുട്ടികളെ സംരക്ഷിക്കുന്നതിന് ആവശ്യമായ ഒരു വാസഗൃഹത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. നാളിതുവരെ (2025 മെയ് 31) 9667261 രൂപ ഈ ഇനത്തിൽ ചിലവായിട്ടുണ്ട്. അതോടൊപ്പം ഈ ബഡ്ജറ്റിൽ അമ്മമാർക്ക് താമസിക്കുന്നിനുള്ള ഒരു മാതൃഭവനം നിർമ്മിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി പൊതുയോഗം മുമ്പാകെ സമർപ്പിക്കുന്നു.

കഴിഞ്ഞ 17 വർഷങ്ങളായി എറണാകുളം കരയോഗത്തിന്റെ മുഖപത്രമായ കരയോഗസൗഹൃദം പ്രിന്റ് ചെയ്ത് സൗജന്യമായി കരയോഗാംഗങ്ങൾക്ക് എല്ലാ മാസവും മുടങ്ങാതെ നൽകിവരുന്നുണ്ട്. കാലത്തിനനുസൃതമായി കരയോഗസൗഹൃദം online മാഗസിനായും അതോടൊപ്പം online റേഡിയോ സംവിധാനവും ആരംഭിക്കുന്നതിനും ക്യാപ്പിറ്റൽ ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മുൻവർഷങ്ങളെ പോലെ 'വസുധൈവകുടുംബകം' ഭവനപദ്ധതിയും തുടർചികിത്സാകേന്ദ്രവും കരയോഗത്തിന്റെ

സ്വപ്നപദ്ധതികളായി ഇപ്പോഴും കരയോഗത്തിന്റെ മനസ്സിൽ നിറഞ്ഞ് നില്ക്കുന്നുണ്ട്. അതിനുവേണ്ടി നിരന്തരം പരിശ്രമിക്കുകയും ചെയ്യുന്നുണ്ട് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

മേൽപറഞ്ഞ എല്ലാ വിഷയങ്ങളും വളരെ സമുചിതമായി വിലയിരുത്തുകയും അതിനെ ഗൗരവത്തോടെ കണക്കിലെടുത്ത് നിങ്ങളുടെ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുമെന്നും പ്രതീക്ഷിച്ചുകൊള്ളുന്നു.

ജൂൺ 15-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് എറണാകുളം കരയോഗം **സാംസ്ക്കാരികവേദിയുടെ** ആഭിമുഖ്യത്തിൽ 'അകായിലെ സംഗീതം' പരിപാടിയിൽ **ജോൺസൺ മാസ്റ്ററിന്റെ** പാട്ടുകൾ ടി.ഡി.എം. ഹാളിൽ നടത്തുന്നു.

എറണാകുളം കരയോഗം ശതാബ്ദി ആഘോഷത്തോട് അനുബന്ധിച്ച് നടന്നു വരുന്ന പ്രതിമാസ പരിപാടിയിൽ 2025 ജൂൺ 20 വെള്ളിയാഴ്ച വൈകുന്നേരം 3.00-ന് തോടയം- പകുതി പുറപ്പാട്- ഡബിൾ മേളപ്പദവും, തുടർന്ന് രുഗ്മിണി സ്വയംവരം കഥകളിയും, ജൂൺ 21 ശനിയാഴ്ച വൈകുന്നേരം 5.30 ന് **നളചരിതം ഒന്നാം ദിവസം** കഥകളിയും ഉണ്ടായിരിക്കും

**കഥകളി ഉത്സവത്തിൽ,** 2025 ജൂൺ 22 ഞായറാഴ്ച്ച വൈകുന്നേരം 5.30 ന് **ബീമിന്റെ സഹകരണത്തോടെ** കല്യാണസൗഗന്ധികം കഥകളിയും നടത്തുന്നു

**എറണാകുളം കരയോഗം** സാഹിതീയോഗം പരിപാടി, **എൻ. കെ. ദേശത്തിന്റെ കവിതകൾ, അവതരണം: ടി. എൻ. ടി നായർ,** ജൂൺ 22 ഞായറാഴ്ച രാവിലെ 10.30 ന് ടി.ഡി. എം. ഹാളിൽ

എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ പ്രതിമാസ പരിപാടി, ''**ചീനവല കൊച്ചിയുടെ സാംസ്കാരിക പ്രതീകം**' എന്ന വിഷയത്തെ ആസ്പദമാക്കി **ശ്രീ. കെ. ജെ. സോഹന്റെ** പ്രഭാഷണം, 2025 ജൂൺ 28 ശനിയാഴ്ച വൈകുന്നേരം 5.00 മുതൽ 6.00 വരെ ടി. ഡി. എം. ഹാളിൽ ഉണ്ടായിരിക്കും. ഏവരേയും സ്വാഗതം ചെയ്യുന്നു.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

**ജനറൽ സെക്രട്ടറി**

---

തുല്യം ചൊല്ലിക്കൊടുക്കുന്നിതു ഗുരു ജഡനും
പ്രാജ്ഞനും വിദ്യയെത്താ-
നില്ലാതാക്കില്ലെവന്നും ഗ്രഹണ പടുതയെ-
ത്താൻ കൊടുക്കാറുമില്ല;
തെല്ലം മൺകട്ട ബിംബത്തിനെ വിമലമണി-
ക്കൊപ്പമായുൾഗ്രഹിക്കു-
ന്നില്ലവ്വണ്ണം ഫലംകൊണ്ടവരിരുവരുമാ-
യേറ്റവും ഭേദമുണ്ടാം.

**ഉത്തരരാമചരിതം**

കുശലവന്മാരുടെ സതീർത്ഥ്യയായ ആത്രേയി അവരുടെ പഠന സാമർത്ഥ്യത്തെക്കുറിച്ചു പറയുന്നതാണ് സന്ദർഭം.

ഗുരു, ബുദ്ധിമാനും ബുദ്ധികുറഞ്ഞവനും ഒരുപോലെ അറിവ് പറഞ്ഞുകൊടുക്കുന്നു. ആരുടെയും ഗ്രഹണശക്തി വർദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നില്ല. ബുദ്ധിമാൻ അത് ശരിയായി സ്വീകരിക്കുന്നു. ബുദ്ധികുറഞ്ഞവന് അത് അത്രയ്ക്ക് സാധിക്കുന്നില്ല . നല്ല രത്നത്തിൽ ഏതു രൂപവും പ്രതിഫലിക്കും. മൺകട്ടയിൽ പ്രതിഫലിക്കുകയില്ല.

# അറിയിപ്പ്

## ശതാബ്ദി ആനുകൂല്യ ആജീവനാന്ത അംഗത്വം

### അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

### അംഗത്വത്തിനുള്ള അപേക്ഷാഫാറം കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്

23-6-2024 ൽ കൂടിയ എറണാകുളം കരയോഗം പൊതുയോഗം എറണാകുളം കരയോഗം നിയമാവലി 5, 7(i) (ii), 8,9,10,11,13,14 എന്നീ വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും നില നിർത്തിക്കൊണ്ട് കരയോഗത്തിലെ ഓരോ അംഗങ്ങൾക്കും അവരവരുടെ കുടുംബാംഗങ്ങൾക്ക് (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) 2025 ഡിസംബർ 31 വരെ അംഗത്വഫീസിൽ ഇളവു നല്കി അംഗത്വം നല്കുവാൻ തീരുമാനം എടുത്തിട്ടുള്ള വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

എല്ലാ അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

* * *

### എറണാകുളം കരയോഗം ശതാബ്ദിയാഘോഷഫണ്ട് സമാഹരണം

2025 ൽ എറണാകുളം കരയോഗം ശതാബ്ദിയാഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേയ്ക്കുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിന് ധനസമാഹരണം ഒരു പ്രധാന ഘടകമാണ്. ആയതിലേയ്ക്ക് ഓരോ കരയോഗാംഗവും 2000 രൂപ വീതവും ഒരേ വീട്ടിൽ മൂന്നോ അതിൽ കൂടുതലോ കരയോഗാംഗങ്ങളുള്ളവർ 5000 രൂപയും ശതാബ്ദി ഫണ്ടിലേയ്ക്ക് നൽകണമെന്ന് 23-6-2024 ൽ കൂടിയ 99-ാം വാർഷികപൊതുയോഗം തീരുമാനമെടുത്തിട്ടുള്ള വിവരം കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

✦ ✦ ✦

**കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അറിയുന്നതിനായി അംഗങ്ങൾ മാത്രം താഴെ കാണുന്ന WhatsApp നമ്പറിൽ ബന്ധപ്പെടുകയോ link ലൂടെ ജോയിൻ ചെയ്യുകയോ ചെയ്യാവുന്നതുമാണ്.**

☞ **8281588833**

OPEN THIS LINK TO JOIN MY WHATSAPP GROUP:
https://chat.whatsapp.com/JvuXAILW6Tg8UD6J29v1Vy

എറണാകുളം കരയോഗം



# ബാലലോകം



പറവൂർ രാജഗോപാൽ – 9847291483

## മധുരനാരങ്ങകൾ

**പ്രിയരേ, സുഖം?**

ഒരു കഥയിലൂടെ ഒരു കാര്യം പറയാൻ പോകയാണ്. കഥ വായിച്ചു നോക്കൂ....

നാട്ടിലെ കച്ചേരിമൈതാനത്തിന്റെ തെരുവോരത്ത് നിറയെ പഴക്കടകളാണ്. വിവിധ ഇനം പഴങ്ങൾകൊണ്ട് സമ്പന്നമായ കടകൾ. അവിടെ പണ്ട്, കാന്തിയെന്നൊരു വൃദ്ധസ്ത്രിയുടെ പഴക്കടയുണ്ടായിരുന്നു.

രാംപാൽ എന്ന് പേരായ ഒരാൾ നിത്യവും അവിടെനിന്ന് മധുരനാരങ്ങകൾ വാങ്ങുക പതിവായിരുന്നു. നാരങ്ങ ത്രാസ്സിൽവെച്ച് തൂക്കംനോക്കി വാങ്ങി വിലകൊടുക്കുമ്പോൾ അതിലൊരെണ്ണം തൊലികളഞ്ഞ് അതിൽനിന്നൊരല്ലി അയാൾ തിന്നുനോക്കും. എന്നിട്ടു പറയും–

'ഹോ, ഈ നാരങ്ങായ്ക്കെന്തുപുളിയാണ്.'

അപ്പോൾ കാന്തിമുത്തശ്ശി ചോദിക്കും.

'പുളിയോ? എന്റെ നാരങ്ങായ്ക്കോ ...?

'ആഹ്! ദേ തിന്നുനോക്കിയേ'– എന്നുപറഞ്ഞ് അത് അയാൾ കാന്തിക്കു കൊടുക്കും. അവർ അതുവാങ്ങി കഴിച്ചിട്ടുപറയും–

'നല്ല മധുരമാണല്ലോ ഇതിന്'. അപ്പോഴേക്കും വാങ്ങിയ നാരങ്ങയുമായി രാംപാൽ അവിടെ നിന്നും പോയിരിക്കും. വീട്ടിൽ അയാൾ ഭാര്യ കമലയോടും പറയും ഇങ്ങനെ– 'ഓഹ്. എന്റമ്മോ കച്ചേരികിഴക്കേലെ കാന്തിമുത്തീടെ കടേന്നു വാങ്ങുന്ന മധുരനാരങ്ങയ്ക്കെന്താ പുളി...'

'പിന്നെന്തിനാ നിങ്ങൾ അവിടെനിന്നുതന്നെ എന്നും നാരങ്ങ വാങ്ങുന്നത്?'– ഭാര്യ ചോദിക്കും.

അതിനു മറുപടിയായി അയാൾ ഒന്നും പറയില്ല.

മധുരനാരങ്ങ കഴിക്കാനെടുക്കുമ്പോൾ, രാംപാലിന്റെ ഭാര്യ കമല പറയും. ഇത് നല്ല നാരങ്ങായാണല്ലോ. എന്താസ്വാദും മധുരവും. അപ്പോൾ രാംപാൽ മറ്റെന്തെങ്കിലും പറഞ്ഞ് വിഷയം മാറ്റും

ഇതൊക്കെ പല ദിവസങ്ങളിലും ആവർത്തിച്ചിരുന്നു. ഒരു ദിവസം അയാളുടെ ഭാര്യ ചോദിച്ചു. 'ആ സ്ത്രീയുടെ കടയിലെ മധുരനാരങ്ങയ്ക്ക് നല്ല മധുരമാണല്ലോ? പിന്നെ നിങ്ങളെന്തിനാണ് ദിവസവും അതിന് പുളിയാണെന്ന് അവരോടു പൊളി പറയുന്നത്?.

അയാൾ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.

'എടീ അവരുടെ മധുരനാരങ്ങയ്ക്ക് മധുരം തന്നെയാണ്. അതിന് പുളിയാണെന്ന് പറഞ്ഞു ഒരെണ്ണം ഞാനവർക്ക് കൊടുക്കുമ്പോൾ അവർ അത് എത്ര സ്വാദോടെയാണ് കഴിക്കുന്നതെന്നറിയോ. പാവം! അവർ ഒരു നാരങ്ങ കഴിച്ചോട്ടെയെന്ന് വെച്ച് ചെയ്യുന്നതാ. അല്ലാതെ അവർ അതിൽനിന്നൊരെണ്ണം പോലും എടുത്ത് കഴിക്കുകയില്ലെന്നറിയാം എനിക്ക്.


കാന്തിയുടെ പഴക്കടയ്ക്ക് തൊട്ടുള്ളതാണ് പലഹാരങ്ങൾ വിൽക്കുന്ന സർവ്വോത്തമ മല്ലന്റെ കട. മല്ലൻ എന്നും കാണുന്നതാണ് രാംപാലും കാന്തിയുമായുള്ള ഇടപാട്. അവരറിയാതെ മറ്റൊന്നുകൂടി അയാൾ കാണുന്നുണ്ടായിരുന്നു. അതേപ്പറ്റി ഒരു ദിവസം മല്ലൻ കാന്തി മുത്തശ്ശിയോട് ചോദിച്ചു.

രാംപാൽ എന്നയാൾ നാരങ്ങ വാങ്ങാൻ വരുമ്പോഴെല്ലാം നിങ്ങൾ എന്തിനാണ് അധികമായി രണ്ടു നാരങ്ങകൾ കൂടി അയാൾക്ക് കൊടുക്കുന്നത്?' വൃദ്ധ ചിരിച്ചുകൊണ്ട് പറഞ്ഞു.

മധുരനാരങ്ങയ്ക്ക് പുളിയാണെന്ന് പറഞ്ഞ് അയാൾ എന്നും ഒരെണ്ണം തിരികെ തരിക പതിവാണ്. അങ്ങനെയെങ്കിലും ഞാനത് കഴിക്കട്ടെ എന്ന ചിന്തയാണ് അയാൾക്ക്. ഇക്കാര്യം എനിക്കറിയില്ലെന്നാണ് ആ പാവത്തിനെ വിചാരം. അതുകൊണ്ടാണ് രണ്ടുനാരങ്ങ അധികമായി ഞാൻ അയാളറിയാതെ അയാളുടെ സഞ്ചിയിലിട്ടുകൊടുക്കുന്നത്.

ഇത്തരം പരസ്പര സ്നേഹവും ആദരവുമാണ് സമൂഹത്തിന്റെ ജീവശ്വാസം. നാം അറിയാതെ പോകുന്നതും, വളർത്തിയെടുക്കേണ്ടതും ഇതുതന്നെ!

മഴക്കാലം വരികയാണ്. കൂട്ടുകാർ ജൂൺമഴ നനയാൻ തയ്യാറായിക്കൊള്ളൂ. ■




# വാസ്തു ശാസ്ത്രം



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ – 9447032434

കഴിഞ്ഞ മാസം ഒരു സ്നേഹിതൻ ആവശ്യപെട്ടതനുസരിച്ച് കൊല്ലങ്ങളായി പണിതീരാത്ത ഒരു വീട് പരിശോധിച്ചു. വീടുപണി തുടങ്ങിയിട്ട് 13 കൊല്ലമായി. വീടുപണിയുടെ Structural Work തീർന്നു. Flooring ന് ആവശ്യമായ വലിയ മാർബിൾ Slab- കൾ കൊണ്ടുവെച്ചിട്ടുണ്ട്. പണിയാൻ വരുന്നവർ ഒരു കാരണവുമില്ലാതെ പണിനിർത്തി പോകുന്നു. ആകെ നിരാശ കാരണം അദ്ദേഹത്തിന്റെ കാര്യങ്ങളെല്ലാം താറുമാറായിരിക്കുകയാണ്. വീട് പരിശോധിച്ചതിൽ പണിതുടങ്ങിയിട്ട് 13 കൊല്ലമായി. പലപ്പോഴും പറഞ്ഞിട്ടുള്ള കാര്യമാണ് പ്ലോട്ട് ശരിയാകാതെ വീടുപണി തുടങ്ങരുതെന്ന്. ഇവിടെ വീടുപണിതിരിക്കുന്നത് വലിയ ഒരു പ്ലോട്ടിന്റെ വടക്കുകിഴക്കേ ഭാഗത്താണ്. പ്ലോട്ടിന്റെ കിഴക്കും, പടിഞ്ഞാറും, തെക്കും റോഡുകളുണ്ട്. തെക്കും, പടിഞ്ഞാറുമുള്ള റോഡുകൾ പ്ലോട്ടിൽനിന്നും രണ്ടുമീറ്റർ താഴ്ന്നുകിടക്കുന്നു. റോഡിൽക്കൂടി നടന്നു പോകുമ്പോൾ പറമ്പിലുള്ളതൊന്നും കാണാൻ പറ്റില്ല. പ്ലോട്ട് കിഴക്കുനിന്നും പടിഞ്ഞാറോട്ട് ചരിവാണ്. കിഴക്കേപറമ്പിൽ നിന്ന് പടിഞ്ഞാറേപറമ്പ് 30 cm താഴെയാണ്. വീടിന്റെ കിഴക്ക് ഒഴിഞ്ഞസ്ഥലം 7 മീറ്ററും, പടിഞ്ഞാറ് 30 മീറ്ററുമുണ്ട്. അതുപോലെ വടക്ക് ഒഴിഞ്ഞസ്ഥലം 5 മീറ്ററും, തെക്ക് 22 മീറ്ററുമുണ്ട്. കിണർ കിഴക്കുവശത്ത് മദ്ധ്യത്തിന് വടക്കാണ്. വീടിന്റെ കിഴക്കുവശം വടക്കോട്ടുതള്ളി അടുക്കളയും, വർക്ക് ഏരിയയും എടുത്തിട്ടുണ്ട്. അതായത് വീടിന്റെ തെക്കുപടിഞ്ഞാറുഭാഗം മുറിഞ്ഞുപോയിട്ടുണ്ട്. ഒരു മഴ പെയ്താൽ എല്ലാ വെള്ളവും കിഴക്കുനിന്നും പടിഞ്ഞാറോട്ടൊഴുകി റോഡിലെത്തുന്നു. താഴെ മൂന്ന് കിടപ്പുമുറികളും, മുകളിൽ രണ്ടു കിടപ്പുമുറികളും, വലിയ ഹോളുമുണ്ട്. കിടപ്പുമുറികളുടെയും, അടുക്കളുടെയും സ്ഥാനങ്ങളിൽ ഒരു കുഴപ്പവുമില്ല. പ്ലോട്ട് ശരിയാക്കിയാൽ അവിടുത്തെ എല്ലാ പ്രശ്നങ്ങളും തീരും. അതിനുവേണ്ടി വീടിന്റെ പടിഞ്ഞാറുവശത്തും, തെക്കുവശത്തും അതിരിട്ട്, വീടുനിൽക്കുന്ന സ്ഥലം വേറെ പ്ലോട്ട് ആക്കണം. വീടിന്റെ പടിഞ്ഞാറുവശത്ത് വീടിനു സമാന്തരമായി വീട്ടിൽ നിന്നും 3 മീറ്റർ മാറി 30 cm ഉയരത്തിൽ കുട്ടിമതിൽ കെട്ടണം. അതുപോലെ തന്നെ തെക്കുവശത്ത് വീടിനു സമാന്തരമായി 2 മീറ്റർ മാറി 30 cm ഉയരത്തിൽ കുട്ടിമതിൽ കെട്ടണം. വീടിന് ഈ തിരിച്ച അതിരിനുള്ളിൽ മണ്ണിട്ടുപൊക്കി മഴവെള്ളത്തിന്റെ ഒഴുക്ക് കിഴക്കോട്ടാക്കി മാറ്റണം.

ചിത്രത്തിൽ AB, BC വീടിന്റെ തെക്കുപടിഞ്ഞാറെ മൂല 24 cm ഉയരത്തിൽ മതിൽ കെട്ടിയത്. AB1, B1, D1, C1 വീടിന് കുട്ടിമതിൽകെട്ടി അതിരുതിരിച്ചിട്ടുണ്ട്. ഒരിക്കൽക്കൂടി പറയുന്നു പറമ്പ് ശരിയാക്കാതെ വീടുപണി തുടങ്ങരുത്.



ക്ഷേത്രങ്ങളിലൂടെ

# തളിപ്പറമ്പ് ശ്രീ രാജരാജേശ്വര ക്ഷേത്രം

ഇന്ദിരാഭായി – 8078552892

(തുടർച്ച.....)

വെട്ടന്ന് സത്യാവസ്ഥ മനസ്സിലാക്കിയ ദേവി പുറത്തേക്കിറങ്ങാൻ ഭാവിച്ചപ്പോൾ പരമശിവൻ ദേവിയെ തന്റെ വിഗ്രഹത്തിന് പിന്നിലാക്കി മറച്ച് പടിഞ്ഞാറെ നട അടച്ചു. ഇതുകണ്ട് വിഷ്ണുഭഗവാൻ സുബ്രഹ്മണ്യവേഷധാരിയായി എത്തി, സുബ്രഹ്മണ്യനെ കണ്ട പരമശിവന്റെ ശ്രദ്ധ മകനിലേക്കു തിരിഞ്ഞ തക്കം നോക്കി വിഷ്ണുഭഗവാൻ ലക്ഷ്മിദേവിയേയും കൂട്ടി പുറത്തു കടക്കുകയും ചെയ്തു. ക്ഷേത്രത്തിൽ ലക്ഷ്മിസാന്നിദ്ധ്യം ഉണ്ടാകുന്നതിന് വേണ്ടിയായിരുന്നു പരമശിവൻ ഇങ്ങനെ ചെയ്തത് എന്ന് മനസ്സിലാക്കിയ മഹാവിഷ്ണു, ലക്ഷ്മി സാന്നിദ്ധ്യമുണ്ടാകട്ടെ എന്നനുഗ്രഹിച്ചു. അങ്ങനെ രാജരാജേശ്വര വിഗ്രഹത്തിൽ ലക്ഷ്മി സാന്നിദ്ധ്യമുണ്ടാവുകയും ക്ഷേത്രത്തിന് ഐശ്വര്യം വർദ്ധിക്കുകയും തളിപ്പറമ്പ് ലക്ഷ്മിപുരം എന്ന് അറിയപ്പെടുകയും ചെയ്തു. ഈ സംഭവത്തിന്റെ സ്മരണയിൽ ശിവരാത്രിക്കും വിഷുവിനും തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിൽനിന്നും ശ്രീകൃഷ്ണ ഭഗവാനെ എഴുന്നള്ളിച്ച് ശ്രീ രാജരാജേശ്വര ശ്രീകോവിലിലെത്തിക്കും. അതിനുശേഷം ശങ്കരനാരായണ പൂജ നടക്കുന്നു. ഇത് കുടിപൂജ എന്നും അറിയപ്പെടുന്നു.

തളിപ്പറമ്പ് നിവാസികൾക്കിടയിൽ നിലനിൽക്കുന്ന ഒരു ആചാരമാണ് മൂന്നിടം തൊഴൽ എന്നത്. രാജരാജേശ്വരക്ഷേത്ര പരിസരവാസികളായ സ്ത്രീകൾ ഗർഭിണികളായാൽ അവർ ഒരേ ദിവസം മൂന്നമ്പലദർശനം നടത്തുന്നത് ഒരു പതിവാണ്. കാഞ്ഞിരങ്ങാട് വൈദ്യനാഥക്ഷേത്രം, തൃച്ചംബരം ശ്രീകൃഷ്ണക്ഷേത്രം, തളിപ്പറമ്പ് ശ്രീ രാജരാജേശ്വരക്ഷേത്രം എന്നീ ക്ഷേത്രങ്ങളാണ് മൂന്നമ്പലങ്ങൾ. ഗർഭിണികൾ മൂന്നമ്പലദർശനം നടത്തുന്നതിലൂടെ അവരുടെ കുഞ്ഞുങ്ങൾക്ക് രാജരാജേശ്വരൻ പ്രതാപവും, തൃച്ചംബരത്തപ്പൻ നല്ല സ്വഭാവവും, കാഞ്ഞിരങ്ങാട്ട് വൈദ്യനാഥൻ ആയുരാരോഗ്യവും പ്രദാനം ചെയ്യും എന്നാണ് വിശ്വാസം. കുഞ്ഞുങ്ങളുടെ നന്മയെക്കരുതി വിശ്വാസികൾ ഈ പതിവ് തെറ്റിക്കാറുമില്ല.

ക്ഷേത്രാരാധനയുടെ ഉല്പത്തിക്ഷേത്രമായി വിശ്വസിക്കുന്ന ശ്രീ രാജരാജശ്വരക്ഷേത്രം എന്ന് സ്ഥാപിതമായി എന്നതിനെപ്പറ്റി വ്യക്തമായ രേഖകളൊന്നും ലഭ്യമല്ല. ത്രേതായുഗത്തിൽ ശ്രീരാമചന്ദ്രദേവൻ രാജരാജശ്വരക്ഷേത്രത്തിലെത്തി നമസ്കരിച്ചിരുന്നു എന്ന് വിശ്വസിക്കുന്നു. സൂര്യവംശരാജാവായിരുന്ന മാന്ധാതാവ് യുദ്ധത്തിൽ പരാജിതനായി, രാജ്യം നഷ്ടപ്പെട്ട്, കൈലാസത്തിലെത്തി ശ്രീപരമേശ്വരനെ തപസ്സു ചെയ്തു. ഉഗ്രതപസ്സനുഷ്ഠിച്ച മാന്ധാതാവ് മഹർഷിക്ക് ശ്രീ പാർവ്വതിദേവി ഒരു ശിവലിംഗം നൽകി. സൂര്യതേജസ്സിനാൽ വിശ്വകർമ്മാവ് നിർമ്മിച്ച മുന്ന് ശിവലിംഗങ്ങളിൽ ഒന്നായിരുന്നു അത്. ഈ ശിവലിംഗങ്ങളെ ശ്രീ പാർവ്വതിദേവി നിത്യം പൂജിച്ചുകൊണ്ടിരുന്നതാണ്. അതിലൊരു വിഗ്രഹമാണ് ദേവി മാന്ധാതാവിനു നൽകിയത്. ഒരു സൂക്ഷ്മജീവിക്കുപോലും ശമ്ശാനം ആയിട്ടില്ലാത്ത സ്ഥലത്ത് ഈ വിഗ്രഹം പ്രതിഷ്ഠിച്ച് പൂജിക്കുക. ഐശ്വര്യ പ്രാപ്തിയുണ്ടാകും എന്ന് ദേവി അനുഗ്രഹിച്ചു. മാന്ധാതാവ് മഹർഷി തനിക്കു കിട്ടിയ വിഗ്രഹം പ്രതിഷ്ഠിക്കുന്നതിന് ശവസ്പർശമേൽക്കാത്ത

സ്ഥലമന്വേഷിച്ച് ഭൂമിയിലൊട്ടാകെ സഞ്ചരിച്ചു. സഞ്ചാരത്തിനൊടുവിൽ അദ്ദേഹം പെരിഞ്ചെല്ലൂർ എന്ന ഗ്രാമത്തിലെത്തി. അവിടെ തളികവട്ട ആകൃതിയിൽ അങ്ങനെയൊരു സ്ഥലം കണ്ടെത്തി. തനിക്കുകിട്ടിയ ശിവലിംഗം അവിടെ പ്രതിഷ്ഠിച്ചു പൂജിച്ചു. എന്നാൽ അതിശക്തമായ ചൈതന്യം പ്രസരിപ്പിച്ചുകൊണ്ട് ആ വിഗ്രഹം ഭൂമിയിലേക്ക് താഴ്ന്നു പോയി. കുറെകൊല്ലങ്ങൾക്ക് ശേഷം മുചുകുന്ദരാജർഷിയും കൈലാസത്തിലെത്തി ശ്രീ പരമേശ്വരനെ തപസ്സു ചെയ്തു. അദ്ദേഹത്തിനും ശ്രീ പാർവ്വതിദേവി പൂജിച്ചിരുന്നതിൽ നിന്നും ഒരു ശിവലിംഗം നൽകി. അദ്ദേഹവും ശിവലിംഗവുമായി തന്റെ പിതാവ് ശിവലിംഗം പ്രതിഷ്ഠിച്ച സ്ഥലത്തെത്തി ശിവലിംഗം പ്രതിഷ്ഠിച്ചു. എന്നാൽ ഈ ശിവലിംഗത്തിന്റെ ശക്തിയെ ഭൂമിയുടെ ഉപരിതലത്തിനു താങ്ങാൻ കഴിയുമായിരുന്നില്ല. അതിനാൽ ആ ശിവലിംഗവും താഴ്ന്നുപോയി. കാലാന്തരത്തിൽ ശതസോമരാജർഷിയും കൈലാസത്തിലെത്തി പരമശിവനെ തപസ്സു ചെയ്തു. അദ്ദേഹത്തിന്റെ തപസ്സിൽ പ്രസന്നരായി പാർവ്വതീപരമേശ്വരന്മാർ അദ്ദേഹത്തെ അനുഗ്രഹിക്കുകയും മൂന്നാമത്തെ ശിവലിംഗം ദേവി ശതസോമനു നൽകുകയും ചെയ്തു. അദ്ദേഹവും ശിവലിംഗവുമായി ശവസ്പർശമില്ലാത്ത സ്ഥലമായ തളികവട്ടപ്പറമ്പിലെത്തി. ആദ്യത്തെ രണ്ടു ശിവലിംഗങ്ങളും താഴ്ന്നുപോയി എന്നത് തപഃശക്തിയാൽ അദ്ദേഹം മനസ്സിലാക്കിയിരുന്നു. അഗസ്ത്യമഹർഷിയുടെ ആശ്രമപ്രദേശമായിരുന്നു തളികവട്ടപ്പറമ്പ്. ശതസോമരാജർഷി ശിവലിംഗം പ്രതിഷ്ഠിക്കുന്നതിനായി അഗസ്ത്യമഹർഷിയെ സമീപിച്ചു. അദ്ദേഹം കാമധേനുവിന്റെ പാലിൽ വിഗ്രഹം കഴുകി ശുദ്ധമാക്കി അവിടെ പ്രതിഷ്ഠിച്ചു. കാമധേനുവിന്റെ പാലിലെ നെയ്യുകൊണ്ട് ദീപവും തെളിയിച്ചു. എന്നാൽ ഈ വിഗ്രഹവും താഴ്ന്നു പോകാൻ തുടങ്ങുന്നു എന്ന് മനസ്സിലാക്കിയ മഹർഷി ശ്രീരുദ്രമന്ത്രം ചൊല്ലി നമസ്കരിക്കുവാൻ തുടങ്ങി. അദ്ദേഹം പന്ത്രണ്ടുതവണ മന്ത്ര ജപത്തോടുകൂടി നമസ്കരിച്ചു. പതിമൂന്നാമത്തെ തവണ നമസ്കരിക്കുവാൻ തുടങ്ങുമ്പോഴേക്കും ശിവലിംഗം അവിടെ ഉറച്ചു. അങ്ങനെ പന്ത്രണ്ടര നമസ്കാരം രാജരാജേശ്വരക്ഷേത്രത്തിൽ വഴിപാടായി. ഇന്നും അശ്വമേധനമസ്കാരം രാജരാജേശ്വരനായ ഭഗവാന് പ്രധാനവഴിപാടായി ഇവിടെ നടത്തപ്പെടുന്നു. അഗസ്ത്യമഹർഷി പ്രതിഷ്ഠാസമയത്ത് കൊളുത്തിയ ദീപം ഇന്നും കെടാവിളക്കായി തെളിഞ്ഞുകൊണ്ടിരിക്കുന്നു. പെരിഞ്ചെല്ലൂർ ഗ്രാമത്തിൽ അഗസ്ത്യമഹർഷി പന്ത്രണ്ടര നമസ്കാരംനടത്തി പ്രതിഷ്ഠിച്ച ശിവലിംഗമാണ് തളികവട്ടപ്പറമ്പ് രാജരാജശ്വരക്ഷേത്രത്തിൽ ഇന്ന് നാം കാണുന്നത്. തളികവട്ടപ്പറമ്പ് പിന്നീട് തളിപ്പറമ്പ് എന്നും അറിയപ്പെട്ടു. കണ്ണൂരിൽ നിന്നും 21 കി. മി. ദൂരത്തായാണ് തളിപ്പറമ്പ് രാജരാജേശ്വരക്ഷേത്രം നിലകൊള്ളുന്നത്.

ഈ ക്ഷേത്രത്തിന് അല്പം അകലെ അതിവിശാലമായ ഒരു ചിറയുണ്ട് . അഗസ്ത്യ മഹർഷി നിത്യസ്നാനം നടത്തിയിരുന്ന ഈ ചിറ ആശ്രമത്തുച്ചിറയെന്നറിയപ്പെടുന്നു. ഈ ചിറയുടെ സമീപത്തായി വേണുഗോപാലമൂർത്തി പ്രതിഷ്ഠയുള്ള വാസുദേവപുരം ശ്രീകൃഷ്ണക്ഷേത്രവും, ഇടതുഭാഗത്തായി ഭൂതനാഥക്ഷേത്രവുമുണ്ട്. ഇവിടെ തൊഴുതശേഷം രാജരാജേശ്വരക്ഷേത്ര ഗോപുരകവാടത്തിലെത്തി കാഞ്ഞിരങ്ങാട്ട് വൈദ്യനാഥസ്വാമിയെ തൊഴുതശേഷം ഗോപുരം കടന്ന് ക്ഷേത്രമതിൽക്കെട്ടിനകത്തു കടക്കാം. അതിനുശേഷം അലക്ഷ്മിയെയും, ലക്ഷ്മിയേയും തൊഴുത്, യക്ഷിയമ്മയേയും, ഋഷഭദേവനെയും തൊഴുത് പ്രദക്ഷിണം ആരംഭിക്കാം. ദക്ഷിണാമൂർത്തി, ഗണപതി, സുബ്രഹ്മണ്യൻ, മഹാകാളൻ, നന്ദികേശൻ, അന്നപൂർണ്ണേശ്വരി, മാന്ധാതാവ്, മുചുകുന്ദൻ,

ശതസോമൻ, അഗസ്ത്യമഹർഷി, വിശ്വാമിത്ര മഹർഷി, മാടായിക്കാവിലമ്മ (ഭദ്രകാളിയമ്മ), ശ്രീ പാർവ്വതീദേവി എന്നിവരെ തൊഴുത് വടക്കുപടിഞ്ഞാറ് മൂലയിൽ നാലമ്പലച്ചുമരിലെ ചതുരകല്ലിൽ കയറിനിന്ന് കാശി വിശ്വനാഥനെ പ്രാർത്ഥിച്ച് മുന്നോട്ടു നടന്ന് പരശുരാമനെയും, ഗംഗാദേവിയേയും സ്മരിച്ച് കിഴക്കെ നടയിലെത്തി ബലിക്കല്ലിന്റെ ഇടതുഭാഗം ചേർന്ന് നാലമ്പലത്തിലേക്ക് കടക്കാം. അസാമാന്യ വലുപ്പമാണ് ഇവിടുത്തെ ബലിക്കല്ലിന് ഉള്ളത്.

നാലമ്പലത്തിനുള്ളിലെ കാഴ്ചകൾ അത്ഭുതപ്പെടുത്തുംവിധം അതിമനോഹരമായ ശില്പഭംഗിയാർന്നതാണ്, നമസ്കാരമണ്ഡപത്തിന്റെ മച്ച് ശിവകഥകളുടെ അത്യപൂർവ്വമായ ദാരുശില്പങ്ങളാൽ നിറഞ്ഞതാണ്. ശ്രീരാമദേവൻ നമസ്കരിച്ച നമസ്കാരമണ്ഡപത്തിന്റെ തൂണുകൾ പോലും അത്യപൂർവ്വങ്ങളായ ദാരുശില്പങ്ങൾകൊണ്ട് അലംകൃതമാണ്. ഈ ശില്പങ്ങളുടെ ഭംഗി വർണ്ണനാതീതമാണ്. വിശ്വകർമ്മാവിനാൽ നിർമ്മിച്ച ഉയരമുള്ള ശിവലിംഗമാണ് ശ്രീകോവിലിൽ കാണപ്പെടുന്നത്. അതുകൊണ്ടുതന്നെ നിന്നുകൊണ്ടാണ് പൂജാരിമാർ പൂജകൾ നടത്തുന്നത്. സ്ത്രീകൾ തിരുനടയിൽ കുമ്പിട്ടുതൊഴുത് നമസ്കരിക്കണം. അവർക്ക് അത്താഴ പൂജക്കുശേഷം നെയ്യമൃതുമായി അകത്തുകടന്നു തൊഴുതുപ്രാർത്ഥിക്കാം.

ഏഴു നിലകളുണ്ടായിരുന്ന പ്രൗഢഗംഭീരമായ രാജഗോപുരമോ ഉപദേവതാ ശ്രീകോവിലുകളോ ഒന്നും ഇന്നില്ല, അവയുടെ ചുമരിന്റെ ഭാഗങ്ങളും തറക്കല്ലുകളും അവിടവിടെയായി കാണപ്പെടുന്നു. ഈ ശ്രീകോവിലുകളും രാജഗോപുരവും മറ്റും തലയുയർത്തി നിന്നിരുന്ന ആ കാലത്തെ പ്രൗഢിയും, ഗാംഭീര്യവും ഒരിക്കൽകൂടി വീണ്ടെടുത്തിരുന്നുവെങ്കിൽ എന്ന് ആഗ്രഹിക്കാത്ത രാജരാജേശ്വരഭക്തരുണ്ടാകില്ല. രാജരാജശ്വരക്ഷേത്രത്തെ വാക്കുകൾകൊണ്ട് വർണ്ണിക്കുക അസാദ്ധ്യമാണ്. നേരിൽ ഭഗവാനെ ഒരിക്കലെങ്കിലും ദർശിച്ച് സായൂജ്യം നേടുക, അതൊരു മഹാഭാഗ്യം എന്നുമാത്രമേ പറയുവാൻ കഴിയൂ. ഭഗവാന്റെ തൃപ്പടിയിൽ ഒരു നെയ്യ്ക്കുടം സമർപ്പിച്ച് തൊഴാൻ അവസരം കിട്ടുക എന്നത് ജന്മപുണ്യമാണ്.

രാജരാജേശ്വരക്ഷേത്രത്തിലെത്തി, നെയ്യമൃതുമായി ഭഗവാന്റെ സോപാനപ്പടി കയറി, തൃപ്പടിയിൽ നെയ്യമൃത് സമർപ്പിക്കുന്ന ഭക്തൻ സാക്ഷാൽ കൈലാസദർശന സമാനമായ ആത്മീയആനന്ദമാണ് അനുഭവിക്കുന്നത്. നെയ്യ്ക്കുടങ്ങളിലെ നെയ്യ് രാജരാജശ്വരഭഗവാന്റെ തിരുമുന്നിലെ കെടാവിളക്കിൽ പ്രകാശമായി തെളിയുമ്പോൾ ഭഗവാന്റെ അനുഗ്രഹപ്രകാശം ഭക്തന്റെ മനസ്സിലും തെളിയുന്നു. ഭക്തിയുടെ വഴിയിലേക്കെത്തിച്ചേരുവാനും സായൂജ്യത്തിന്റെ അനർഘ നിമിഷങ്ങളെ അനുഭവിക്കാനുമുള്ള ഒരു പുണ്യസ്ഥാനമാണ് ശ്രീ രാജരാജശ്വരക്ഷേത്രം. മുപ്പത്തിമുക്കോടി ദേവകൾക്കും ദേവനായ ശ്രീ രാജരാജശ്വരനായ ഭഗവാന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചുകൊണ്ട് അക്ഷരങ്ങൾ കൊണ്ടൊരുക്കിയ ഈ കാണിക്ക ഭക്തിപൂർവ്വം തൃപ്പടിയിൽ സമർപ്പിച്ചു കൊള്ളട്ടെ. ■

## എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2025 മെയ് മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1 | എം. മുകുന്ദൻ, 68/3205, 9 A, Evalia, പച്ചാളം | 40,000 |
| 2 | പി. ജയരാമൻ , 4 A, കാട്ടിക്കാരൻ ടവേഴ്സ്, പ്രൊവിഡൻസ് റോഡ്, കൊച്ചി | 15,000 |

## എറണാകുളം കരയോഗം
## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ
## കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ




**2025 ജൂൺ 10 മുതൽ ജൂലൈ 10 വരെ**

| | | | | |
|---|---|---|---|---|
| 1. | 11-06-2025<br>18-06-2025<br>25-06-2025<br>02-07-2025<br>09-07-2025 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.30 p.m. |
| 2. | 12-06-2025<br>19-06-2025<br>26-06-2025<br>03-07-2025<br>10-07-2025 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 3. | 14-06-2025<br>21-06-2025<br>28-06-2025<br>05-07-2025 | ശനി | വേദാന്ത പഠന ക്ലാസ്സ്<br>ആചാര്യൻ കെ. ആർ . നമ്പ്യാർ | 10.00 a.m - 12.00 p.m |
| 4. | 15-06-2025 | ഞായർ | എറണാകുളം കരയോഗം സാംസ്കാരികവേദി<br>അകായിലെ സംഗീതം – **ജോൺസൺ മാസ്റ്ററുടെ പാട്ടുകൾ** | 4.00 p.m |
| 5. | 15-06-2025<br>06-07-2025 | ഞായർ | വേദപഠന കളരി | 10.30 a.m |
| 6. | 22-06-2025 | ഞായർ | കല്യാണസൗഗന്ധികം കഥകളി<br>**(ബീമിന്റെ സഹകരണത്തോടെ)** | 5.30 p.m. |
| 7. | 22-06-2025 | ഞായർ | എറണാകുളം കരയോഗം സാഹിതീ യോഗം<br>**എൻ. കെ ദേശത്തിന്റെ കവിതകൾ,**<br>അവതരണം – ശ്രീ. ടി. എൻ. ടി നായർ | 10.30 a.m |
| 8. | 28-06-2025 | ശനി | എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ **'ചീനവല കൊച്ചിയുടെ സാംസ്കാരിക പ്രതീകം'** എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ. കെ. ജെ സോഹന്റെ പ്രഭാഷണം | 5.00 p.m. - 6.00 p.m. |

## 2025 മെയ് മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**മാണിക്കത്ത് സുരേന്ദ്രൻ (L/2738),** ഹരിശ്രീ, ചെറുപിള്ളിൽ ലൈൻ, കലൂർ, കൊച്ചി-682017



**മുകുന്ദൻ. സി (L/0969)** രമ്യ നിവാസ്, SRRA 58, സൊസൈറ്റി റോഡ്, മരട്, കൊച്ചി



**മോഹൻ. കെ. പി (L/3204),** മോഹനം, അംബേലിപ്പാടം റോഡ്, വൈറ്റില, കൊച്ചി-682019



**ശശിധരൻ നായർ. S (L/5232),** GCDA, HIG 61/201, Flat No. A3 കർഷക റോഡ്, കൊച്ചി



**സുവർണ്ണ കുമാരി കുറുപ്പ് (L/0315),** Surabhi Enclave, SA റോഡ്, എറണാകുളം

# സുഭാഷിതം

വിദ്വൽപ്രഭ . ജെ. എസ് – 9847537007

സ്വതന്ത്രമായി പാറിപ്പറന്ന് പൂക്കളിൽ നിന്നും തേൻ ശേഖരിക്കുന്ന ഒരു തേനീച്ച അതിന്റെ യാത്രാമദ്ധ്യേ ഒരു ചിലന്തി വലയിൽ കുടുങ്ങി. തൽക്ഷണം ഒരു മൂലയ്ക്ക് പതിയിരുന്ന ചിലന്തി ഓടി അതിന്റെ സമീപത്തെത്തി, സ്വതന്ത്രമാകാൻ വെപ്രാളം കൂട്ടുന്ന തേനീച്ചയോടു സംസാരിക്കുന്നു. 'തേനീച്ചകളായ നിങ്ങൾ പമ്പര വിഡ്ഢികളാണ് കാരണം നിങ്ങൾ എപ്പോഴും കൂടുവിട്ട് പാറിപറക്കുകയാണ്. വിശ്രമമില്ലാത്ത ജീവിതത്തിലൂടെ തേൻ ശേഖരിച്ച് അറയിൽ വെയ്ക്കുന്നു. അത് മനുഷ്യൻ മോഷ്ടിക്കുന്നു. മറ്റുള്ളവർക്കുവേണ്ടി യത്നിക്കുന്നു.


ചിലന്തികൾ എങ്ങും അലയുന്നില്ല. അവരുടെ അന്തഃപുരത്തിൽ വിഹരിക്കുന്നു. ആർക്കുവേണ്ടിയും പ്രവർത്തിക്കുന്നില്ല. അവരെ തേടിയെത്തും അവരുടെ ആഹാരം. അലസമായ വിശ്രമപൂർണ്ണമായ ജീവിതം.

തേനീച്ചയുടെ മറുപടി കേമമാണ്. 'നിങ്ങൾ വലയൊരുക്കി അതിൽ കഴിയുന്നു. ബാഹ്യലോക സൗന്ദര്യം ആസ്വദിക്കാൻ നിങ്ങൾക്കാവുന്നില്ല. നിറവും വെളിച്ചവും നിഷിദ്ധമാണ്. സമൂഹത്തിലെ ചില മനുഷ്യരെപ്പോലെ സ്വാർത്ഥരായി സന്തോഷവും, യാഥാർത്ഥ്യവും അനുഭവിക്കാൻ കഴിയാത്ത ഹതഭാഗ്യർ. വീട്ടമ്മമാർക്ക് തലവേദനയായി മുക്കിലും മൂലയിലും പാർക്കുന്നു'.

സമൂഹത്തിൽ മേൽപ്പറഞ്ഞ രണ്ടുകൂട്ടരുമില്ലേ? സ്വന്തം സ്വാർത്ഥതാല്പര്യങ്ങൾ മാത്രം പരിഗണിച്ച് കെണിയൊരുക്കി കഴിയുന്നവർ. പരദ്രോഹ ചിന്ത, സ്വാർത്ഥത, അലസത, സങ്കുചിതത്വം ഇതുമാത്രം കൈമുതലായുള്ളവർ, ചിലന്തിയുടെ മനോഭാവമുള്ളവർ.

തേനീച്ചാമനോഭാവമുള്ളവർ ധാരാളം സമൂഹത്തിലുണ്ട്. സദാ കർമ്മനിരതരായി, പരിശ്രമശീലമുള്ളവരായി കയ്പ്പിൽ നിന്നും മധുരമുളവാക്കാൻ സിദ്ധിയുള്ളവർ. ഇക്കൂട്ടർ പരോപകാരത്തിലൂടെ സ്വജീവിതവും മറ്റുള്ളവരുടെ ജീവിതവും പ്രഭാപൂരിതമാക്കുന്നു. ഇത്തരക്കാർ വിരളമാണ്.

സ്വയം ചോദിക്കണം, തേനീച്ചയാകാണോ, ചിലന്തിയാകണോയെന്ന്. ഈ ചെറിയ ജീവിതം പ്രകാശം പരത്താൻ ഉപയോഗിക്കാൻ തോന്നുമാറാകട്ടെ. ■

Ernakulam Karayogam
T.D.M.Hall Complex, D.H.Road, Kochi - 682016

# മദ്യവും മയക്കുമരുന്നും

യു. എസ്. രവീന്ദ്രൻ – 9496120978

(തുടർച്ച.....)

മയക്കു മരുന്നുകളിൽപെട്ട വേറൊരു രാസവസ്തുവാണ് ആമി എന്ന് വിളിക്കുന്ന ആംഫെറ്റാമിൻ, കേരളത്തിൽ യുവാക്കൾ ഇതിനെ ആമിന എന്നാണ് വിളിക്കുന്നത്. ഖസാക്കിന്റെ ഇതിഹാസം ഇറങ്ങിയ ശേഷം കേരളത്തിലെ വിദ്യാർത്ഥികൾ ഇതിനെ കുഞ്ഞാമിന എന്ന് വിളിക്കാൻ തുടങ്ങി. കുറച്ചു നേരം ഉന്മേഷവും സുഖാനുഭൂതിയും നൽകുമെങ്കിലും തുടർന്ന് ക്ഷീണം തോന്നും. പിന്നെയും കുഞ്ഞാമിന ഉപയോഗിക്കും. തുടർന്ന് അടിമപ്പെടും. എഫ്രഡ്ര (Ephedra) എന്ന കുറ്റിച്ചെടിയുടെ ചെറുകൊമ്പുകൾ ഉണക്കിപ്പൊടിച്ച്‌വെള്ളത്തിൽ തിളപ്പിച്ചു കുടിക്കുന്ന രീതി ചില ഏഷ്യൻ അമേരിക്കൻ ആദിവാസികളിൽ നിലനിന്നിരുന്നു. ഇതിന്റെ ഒരു നല്ല ചായ കുടിച്ചാൽ ഉന്മേഷവും സംതൃപ്തിയും ലഭിക്കും.

രണ്ടാം ലോക മഹായുദ്ധകാലത്ത് ആംഫെറ്റാമിനുകൾ ഏറെ ദുരുപയോഗം ചെയ്യപ്പെട്ടു. സൈനികരുടെ റേഷനിൽ ആംഫെറ്റാമിൻ ഗുളികകളും ഉൾപ്പെടുത്തി. ഉറക്കം കുറയ്ക്കാനും ആക്രമശേഷി വർദ്ധിപ്പിക്കാനും ആംഫെറ്റാമിൻ സഹായകമാകുമെന്ന് രാഷ്ട്രീയ നേതൃത്വം സൈനിക നേതൃത്വത്തെ അറിയിച്ചു. ഹിറ്റ്ലർ പ്രതിദിനം എട്ടു തവണ ആംഫെറ്റാമിൻ കുത്തിവെയ്പ്പ് എടുത്തിരുന്നു.

ഉന്മേഷം സുഖാനുഭൂതി ആത്മവിശ്വാസം, വീറ്, സംഘം ചേരാനുള്ള താൽപര്യം എന്നിവ യുവാക്കളേയും, കളിക്കാരേയും, മറ്റ് അത്‌ലറ്റുകളേയും ആംഫെറ്റാമിലേക്ക് ആകർഷിക്കുന്നു. ആംഫെറ്റാമിനുകൾക്ക് അഡ്രിനൽഗ്രന്ഥി ഉല്പാദിപ്പിക്കുന്ന അഡ്രിനാലിൻ ഹോർമോണിനോട് സാമ്യമുണ്ട്. പ്രതിസന്ധി നേരിടുന്നതിന്റെ ഭാഗമായി ഉല്പാദിപ്പിക്കപ്പെടുന്ന ഈ ഹോർമോൺ വിശപ്പ് കുറയ്ക്കും, സുഖാനുഭൂതി നൽകും, ആത്മവിശ്വാസത്തോടെ പ്രശ്നത്തെ നേരിടാനോ, സ്ഥലംവിട്ട് ഓടിരക്ഷപ്പെടാനോ ഉള്ള അധിക ഊർജ്ജം നൽകുന്ന രാസപ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കും. ആംഫെറ്റാമിനുകളും ഇതുതന്നെയാണ് ചെയ്യുന്നത്. പക്ഷെ ദുരുപയോഗം ചെയ്യുന്നവരുടെ നാഡീകോശങ്ങൾ ജീർണ്ണിക്കും. വ്യക്തിത്വം നശിക്കും.

ആംഫെറ്റാമിനുകൾ കേരളത്തിനകത്തും പുറത്തുമുള്ള പ്രൊഫഷണൽ കോളേജുകളിലേയും, ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലേയും വിദ്യാർത്ഥികൾ ദുരുപയോഗം ചെയ്യുന്നു. പരീക്ഷ കാലത്ത് അധിക ഊർജ്ജം ലഭിക്കുവാനും ഉറക്കം വരാതിരിക്കുവാനും ബെൻസാഡ്രിൻ, ഡെക്സാഡ്രിൻ എന്നിവയാണ് ഏറ്റവുമധികം ദുരുപയോഗം ചെയ്യപ്പെടുന്നത്.

രോഗചികിത്സക്കുപയോഗിക്കുന്ന ഉറക്കഗുളികകൾ (ബാർബിറ്റ്യുറേറ്റസ്– Barbiturates) ദുരുപയോഗം ചെയ്യുന്ന മരുന്നുകളിൽ മുന്നിട്ടു നിൽക്കുന്നു. കേന്ദ്രനാഡീവ്യൂഹത്തെ തളർത്തി അതിനിദ്രയും (Coma) മരണവും വരുത്തിവെയ്ക്കുവാൻ ബാർബിറ്റ്യുറേറ്റുകൾക്ക് കഴിയും. മയക്കുമരുന്നുകളെ അഥവാ ഡൌണേഴ്സിനെ (Downers) മൂന്ന് വിഭാഗങ്ങളായി തിരിക്കാം. ഒന്ന് ആലസ്യവും തളർച്ചയും ഉണ്ടാക്കുന്നവ Sedative വിഭാഗത്തിൽപ്പെടുന്നവ. രണ്ട് ആശങ്കയിൽനിന്നു മോചനവും മാംസപേശികളിൽ അയവും മനഃശാന്തിയും ഉണ്ടാക്കുന്നവ മൂന്ന് ട്രാൻക്വിലൈസേഴസ് അഥവാ പ്രശാന്തിദായകങ്ങൾ. ബാർബിറ്റ്യുറേറ്റകൾ ഹിപ്നോട്ടിക് വിഭാഗത്തിൽപ്പെടുന്നു. ഇത് കണ്ടുപിടിച്ച അഡോൾഫ് വോൺബേയറുടെ ഭക്ഷണശാലയിലെ ജീവനക്കാരിയായ ബാർബറയുടെ പേരിൽ

നിന്നാണ് ബാർബിറ്റ്യുറേറ്റ്സ് എന്ന പേര് ഈ മരുന്നിന് കിട്ടിയത്. വോൺബെയറുടെ മരുന്ന് പരീക്ഷണങ്ങൾക്കെല്ലാം സർവ്വാത്മനാ സഹകരിച്ച ബാർബറയുടെ ഓർമ്മയ്ക്ക് വേണ്ടിയാണ് അദ്ദേഹം ആ പേര് നൽകിയത്. അനസ്തേഷ്യ വിദഗ്ധർക്ക് പല ശക്തിയിലുമുള്ള ബാർബിറ്റ്യുറേറ്ററുകൾ ഉപയോഗിച്ച് നിമിഷങ്ങൾക്കുള്ളിൽ രോഗിയെ ബോധം കെടുത്താൻ സാധിക്കും. വധം നടപ്പാക്കാനും ഇത് ഉപയോഗിക്കാറുണ്ട്. മിതോഹെക്സ്റ്റിനാൾ, തയാമൈലാൾ, തയോപെന്റാൾ എന്നി പേരുകളിൽ വ്യത്യസ്ത ശക്തിയുള്ളവ ഉപയോഗിക്കുന്നു. സിനിമാനടിമാർ മുതൽ രാഷ്ട്രീയ നേതാക്കൾ വരെ ഉറക്കഗുളികകൾ ദുരുപയോഗം ചെയ്തു പോരുന്നു. ഹോളിവുഡിലാണ് ഈ ശീലം ആദ്യമായി തുടങ്ങിയത്. പ്രശസ്ത നടിമാരായിരുന്ന കരോൾലാൻസിസ്, മർലിൻ മൻറോ എന്നിവരുടെ മരണം മയക്കുമരുന്നുകളുടെ ദുരുപയോഗവുമായി ബന്ധപ്പെട്ടു കിടക്കുന്നു. പിന്നീട് ബോളിവുഡിലേക്കും, മോളിവുഡിലേക്കും ഈ ദുരുപയോഗം പടർന്നു.

അറേബ്യൻ അർദ്ധ ദ്വീപുമുതൽ ആഫ്രിക്കയിലെ കെനിയ വരെയുള്ള പ്രദേശത്ത് വളരുന്നതും 'ഖാത്ത്' എന്നും 'കോട്ട' എന്നും പേരുള്ള ഒരു ചെറുമരമുണ്ട്. ചരിത്രാതീതകാലം തൊട്ട് ഈ ഭൂവിഭാഗത്തിൽ താമസിക്കുന്ന ജനങ്ങളുടെ പ്രിയപ്പെട്ട ഉത്തേജക മരുന്നാണ്, ഈ മരത്തിന്റെ ഇലകളിൽ നിന്നും കമ്പുകളിൽ നിന്നും ലഭിക്കുന്ന 'കാത്തിനോണിൻ' ചിലർ ചെറുകമ്പും ഇലയും ഉണക്കിപ്പൊടിച്ച് കത്തിച്ച് പുകവലിച്ചും, ചിലർ ചതച്ചരച്ച് കുഴമ്പുരൂപത്തിലാക്കി തേൻ ചേർത്ത് കഴിച്ചും, ചിലർ ഇതിന്റെ ഇലയും കായയും ഇട്ട്വെള്ളം തിളപ്പിച്ച് കുടിച്ചും, ഇതിന്റെ ഉത്തേജക വീര്യം ആസ്വദിക്കുന്നു. കാട്ടുചെടിപോലെ വളർന്നിരുന്ന കാത്താഇഡുലിസ് എന്ന ഈ ചെറുമരം പിന്നീട് കൃഷി ചെയ്യപ്പെട്ടു. കത്തിനോണിനെ ക്യാറ്റ് അഥവാ പൂച്ച എന്ന ചുരുക്ക പേരിലും അറിഞ്ഞിരുന്നു.

1992-ൽ സോമാലിയയിൽ എത്തിയ യു. എസ് സൈനികർ നാട്ടുകാരിൽ വലിയൊരു വിഭാഗത്തെ ഉന്മാദാവസ്ഥയിൽ കാണാനിടയായി. 'ക്യാറ്റ്ബുഷ്' എന്ന് വിളിക്കുന്ന ഈ സസ്യത്തിന്റെ ഇലകൾ പ്രായഭേദമന്യെ ചവച്ചുരസിച്ചു ഉന്മാദാവസ്ഥയിലെത്തുന്നതാണ് അവർ കണ്ടത്. ക്യാറ്റ് പൌഡർ മൂക്കിൽ വലിക്കാം, വെള്ളത്തിൽ കലക്കിക്കുടിക്കാം, കുത്തിവെയ്ക്കുകയും ചെയ്യാം. അറബികളുടെ പ്രിയ രഹസ്യവസ്തുവാണ് ക്യാറ്റ്. ക്യാറ്റ്പൌഡറിൽ ഇഫ്രഡിൻ, പൊട്ടാസിയം പെർമാംഗനേറ്റ്, സോഡിയം ഡൈക്രോമേറ്റ് എന്നി വസ്തുക്കൾ കലർത്തി വിൽക്കുന്നതിനെ തുടർന്ന് 'ഖാത്ത്' ഉപയോഗിക്കുന്നവർ പലരും രോഗികളായിട്ടുമുണ്ട്.

കൊളംബസ് തന്റെ ആദ്യ കപ്പൽയാത്ര നടത്തിയ വർഷത്തിലാണ് (1492) പുകയിലയുടെ ഉപയോഗം പരക്കെ അറിയപ്പെട്ടു തുടങ്ങിയത്. രണ്ടാമത്തെ കപ്പൽയാത്ര (1493) യിൽ നങ്കുരമിട്ടിരുന്ന ഡൊമിനിക്കൻ ദ്വീപുകളിൽ അവിടെയുള്ള തായ്നോ വർഗ്ഗക്കാർ ചില സസ്യങ്ങളുടെ പൊടി മൂക്കിൽ വലിക്കുന്നതായി കണ്ടു. ദൈവവും, പരേതാത്മക്കളുമായി സംവേദിക്കാൻ കഴിവു നൽകുന്നതാണത്രേ ഈ പൊടി. ആൽഫാ ഇതൈൽ ട്രിപ്റ്റമിൻ, ബ്യുഫോറ്റേനിൻ ഡിയംറ്റി, സിലോസൈബിൻ തുടങ്ങിയ ഔഷധ വിഭാഗങ്ങൾ കണ്ടെത്തിയത് ഇതിനെ തുടർന്നുള്ള നിരീക്ഷണങ്ങളിലൂടെയാണ്. ഇവയെല്ലാം തന്നെ മാനസിക വിഭ്രാന്തി ഉണ്ടാക്കുന്നവയാണ്. അമേരിക്കയിലെ റെഡ് ഇന്ത്യൻ വിഭാഗത്തിൽ പെടുന്നവർ 'കഹോബ' എന്ന വൃക്ഷത്തിന്റെ ഇലയും, കമ്പും, വിത്തും പൊടിച്ച് സംസ്കരിച്ച് മൂക്കിൽ വലിച്ച് വിഭ്രാന്തിയനുഭവിക്കുന്നു. 1955 ആയപ്പോഴേക്കും അതിന്റെ രാസഘടന തിരിച്ചറിഞ്ഞു. ഡി .എം. ടി (Dimethyltryptamine) എന്ന ചുരുക്കപ്പേരിൽ ഇവ അറിയപ്പെട്ടു. 1960-കളിൽ ഇതിന്റെ നിർമ്മാണവും വിതരണവും അധോലോകം ആരംഭിച്ചു. ഈ മരുന്ന് ഉപയോഗിക്കുന്നവർക്ക് പല നിറങ്ങളും പല രൂപങ്ങളും മിന്നി മറയുന്നതായി തോന്നും, ചിലർ അശരീരി കേൾക്കും, ചിലർക്ക് മെഴുകുതിരി

പോലെ ഉരുകി ഒലിക്കുന്ന പ്രതീതി ഉണ്ടാകും, ചിലർക്ക് ഹൃദയം നിലച്ചതായി തോന്നും, ചിലർക്ക് താൻ ദൈവമാണെന്ന് തോന്നും. പക്ഷെ പിശാചിന്റെ പെരുമാറ്റം പ്രകടിപ്പിക്കും. പാറ്റയെ ഓടിക്കാൻ ഉപയോഗിക്കുന്ന നാഫ്തലീൻ ഗുളികകളുടെ മണത്തിലുള്ള വെളുത്തപൊടിയായിട്ടാണ് ഡി. എം. ടി ലഭിക്കുന്നത്.

ഇരുന്നൂറിലധികം വിഭാഗങ്ങളിൽ ചൊറിത്തവളകൾ അറിയപ്പെട്ടിട്ടുണ്ട്. ഇതിൽ ബ്യുഫോ എന്ന വിഭാഗത്തിൽപ്പെട്ട ചൊറിത്തവളകളുടെ കണ്ണിന് പുറകിലുള്ള ഗ്രന്ഥികൾ ഡി. എം. ഡി പോലുള്ള രാസവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നു. ഇവയ്ക്കു പൊതുവെ ബ്യുഫോടെനിൽ എന്ന് വിളിക്കുന്നു. എപ്പോഴെങ്കിലും ആദിവാസികൾ വിശപ്പ് മൂലം തവളകളെ ഭക്ഷിച്ചപ്പോൾ അവ ബ്യുഫോ വിഭാഗത്തിലുള്ള തവളകളായതിനാൽ മാനസികവിഭ്രാന്തിയുണ്ടായിട്ടുണ്ടാകും. അന്ന് തൊട്ടായിരിക്കും ബ്യുഫോ തവളകളിലുള്ള മയക്കുമരുന്നുകൾ വേർതിരിക്കാനുള്ള പ്രചോദനം കിട്ടിയിട്ടുണ്ടാകുക. ലോകത്ത് അയ്യായിരത്തോളം കൂൺ വിഭാഗങ്ങളുണ്ട് അതിൽ എൺപതോളം ഇനങ്ങളിൽ വിഭ്രാന്തിയുണ്ടാക്കുന്ന രാസവസ്തു ഉണ്ട്. ഇതിൽ പെട്ട ചിലവയാണ് സിലോസൈബ് പാനിയേലസ്, കോനോസൈബ് തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നത് . അസ്ടെക് (Aztec) എന്നറിയപ്പെടുന്ന അമേരിക്കൻ ആദിവാസികൾ കൂണുകളെ ഭക്ഷിച്ചിരുന്നു. ചില കൂണുകൾ ഭക്ഷിച്ചാൽ പെട്ടന്ന് നിയന്ത്രണംവിട്ട ചിരിവരും. വിചിത്രരൂപങ്ങൾ മാറിമറിയും. ചിലർ ദൈവോപാസനയുടെ ഭാഗമായ കർമ്മങ്ങളിൽ ഇങ്ങനെയുള്ള പ്രത്യേക കൂണുകൾ ഉപയോഗിച്ചിരുന്നു.

മദ്യത്തിൽ മയക്കുമരുന്ന് കലർത്തി നൽകിയാണ് ബലാൽത്സംഗങ്ങൾ ഏറെയും നടക്കുന്നത്. ബാർബിറ്റ്യുറേറ്റ് ഔഷധങ്ങളുടെ ദോഷങ്ങളില്ലാത്ത ഉറക്കഗുളികകൾ കണ്ടെത്താനുള്ള യത്നങ്ങളിലാണ് ഡയസിഫാം (വാലിയം) കണ്ടെത്തിയത്. എന്നാൽ കൃത്രിമ കള്ള് ഉണ്ടാക്കാൻ കേരളത്തിലെ വ്യാജമദ്യനിർമ്മാതാക്കൾ ഡയസിഫാം ഉപയോഗിച്ചുതുടങ്ങി. തുടർന്നാണ് ഫ്ളുനൈട്രാസിഫാം രംഗപ്രവേശം ചെയ്തത്. വോളിയത്തെ അപേക്ഷിച്ച് പത്തിരട്ടി ശക്തിയുള്ളതാണ് ഫ്ളുനൈട്രാസിഫാം. രണ്ടുമില്ലിഗ്രാം കഴിച്ചാൽ നാലു മുതൽ ആറു മണിക്കൂർ വരെ മയക്കമുണ്ടാകും. ഇതേ ഇനത്തിൽപെട്ട വേറെ മയക്കുമരുന്നാണ് ഗാമ ഹൈഡ്രോ ബ്യുടൈറിക് ആസിഡ് (GHB). ചില പ്രത്യേക രോഗങ്ങൾക്ക് ചികിത്സിക്കാൻ ഡോക്ടർമാർ GHB നിർദ്ദേശിക്കാറുണ്ടെങ്കിലും ദുരുപയോഗമാണ് കൂടുതൽ. കാട്ടുപന്നികൾ ഉന്മാദത്തിനായി ചില സസ്യങ്ങൾ കുത്തിമറിച്ച് അതിന്റെ വേരുകൾ ഭക്ഷിക്കാറുണ്ട്. അതുകണ്ടുപിടിച്ച ആഫ്രിക്കൻ വംശജർ അതിന്റെ രഹസ്യം അറിയാനായി ഈ സസ്യങ്ങളുടെ വേര് ചവച്ചുനോക്കി. അവർ വിശപ്പ് മറന്നു, എത്രനേരം വേണമെങ്കിലും ഉറങ്ങാതിരിക്കാം – സ്വപ്നം കണ്ടുകൊണ്ട്, ചില ദേശീയ വിഭാഗങ്ങൾക്കിടയിൽ ഈ ചെടിക്ക് ദൈവീക പരിവേഷം ലഭിച്ചു. 'ഇബോഗ' എന്ന് ഈ നാട്ടുകാർ വിളിക്കുന്നതും നമ്മുടെ കോളാംമ്പിച്ചെടിയുടെ കുടുംബത്തിൽപ്പെട്ടതുമായ ഈ ചെടികളുടെ വേരുകളിലാണ് ഈ ദൈവീക ശക്തി കുടികൊള്ളുന്നത്. മഞ്ഞ, പിങ്ക് പൂക്കൾ ഉള്ള ചെടികളാണിത്. വിഭ്രാന്തി ഉണ്ടാക്കുന്ന ഇബോഗെൻ ഈ ചെടികളിൽ നിന്നുണ്ടാക്കുന്നു.

Extesy – ഹർഷോന്മാദം ഉണ്ടാക്കുന്ന ഉത്തേജക മരുന്ന് ഇന്ന് നൈറ്റ് ക്ലബുകളിലും, ഹൈസ്കൂൾ , കോളേജ് കാമ്പസുകളിലും വ്യാപകമായി ഉപയോഗിക്കുന്നു. MDMA (മെതിലിൻ എൻഡോക്സി മെതാംപിനാമൈൻ) എന്ന ചുരുക്കപേരിലാണ് ഇത് അറിയപ്പെടുന്നത്. ആംഫിറ്റമിനുകളുടെ ഒരു വകഭേദമാണ് ഇത്. ആംഫിറ്റമിനുകൾക്ക് പാർശ്വഫലങ്ങൾ ഉള്ളതിനാൽ പകരക്കാരനായി ഗവേഷണം നടത്തി കണ്ടുപിടിച്ചതാണ് MDMA. പൊടിരൂപത്തിൽ കഴിക്കാനും, മൂക്കിൽ വലിക്കാനും, കുത്തിവെയ്ക്കാനും പാകത്തിൽ MDMA ലഭ്യമാണ്. പാൻകേക്ക് എന്ന പേരിൽ ലഭിക്കുന്ന ഗ്ലൂറ്റെതിമൈഡ് – കോഡിൻ മിശ്രിതം മാൻഡ്രാക്സ് എന്ന പേരിലും കോളേ

ജ് ഹോസ്റ്റലുകളിൽ അധോലോകം എത്തി ക്കാറുണ്ട്. ഇതെല്ലാം കേന്ദ്രനാഡീവ്യൂഹത്തെ തളർത്തുന്നവയാണ്. മാംസപേശികളുടെ വലി പ്പം കൂട്ടാൻ ജിംനേഷ്യങ്ങളിൽ ഉപയോഗിക്കുന്ന സ്റ്റിറോയിഡ് അടങ്ങിയ മരുന്നുകൾ ദീർഘകാ ലാടിസ്ഥാനത്തിൽ ദോഷം ചെയ്യുന്നവയാണ്. കരളിൽ കാൻസർ ഉണ്ടാകാനുള്ള സാധ്യത ഏറെയാണ്.

മണത്തുനോക്കിയാൽ സുഖാനുഭൂതി ലഭി ക്കുന്ന വിവിധ ലായനികളും, പശകളും ലഭ്യ മാണ് ഷൂ പോളിഷ്, നെയിൽ പോളിഷ്, PVC പൈപ്പ് ഒട്ടിക്കാൻ ഉപയോഗിക്കുന്ന സോൾവെന്റ്, അക്രിലിക് പെയിന്റ് തുടങ്ങിയവയും ലഹരി ക്കായി ഉപയോഗിക്കുന്നുണ്ട്. ചായയും, കാപ്പി യും കുടിക്കുമ്പോൾ ചെറിയ ഉന്മേഷം തോ ന്നുന്നത് ചായയിൽ തിയോഫിലിൻ എന്നും, കാപ്പിയിൽ കഫീൻ എന്നും പേരുള്ള രാസപ ദാർത്ഥങ്ങൾ അടങ്ങിയതുകൊണ്ടാണ്. രണ്ടോ മൂന്നോ കപ്പിൽ കൂടുതൽ ചായയോ, കാപ്പിയോ കഴിക്കുന്നത് നല്ലതല്ല . ഗർഭകാലത്ത് കൂടുതൽ ചായയോ, കാപ്പിയോ കഴിക്കുന്നത് ഗർഭസ്ഥ ശിശുവിനെ ബാധിക്കാൻ ഇടയുണ്ടാക്കും എന്ന് കണ്ടെത്തിയിട്ടുണ്ട്.

വിഭ്രാന്തിയുണ്ടാക്കുന്ന രാസവസ്തുക്കൾ ഉൾക്കൊള്ളുന്ന കള്ളിച്ചെടികൾ (Divine lactus) ഉണ്ട്. അടക്കയിൽ അടങ്ങിയിരിക്കുന്ന അരിക്കോ ളിൻ എന്ന രാസപദാർത്ഥം സുഖാനുഭൂതി നൽകുന്നവയാണ്. അതായിരിക്കും ചിലർക്ക് മുറുക്കാനോട് ഇഷ്ടം. ഉമ്മത്തിന്റെ കായയിൽ സ്ല്ലോപോലമിൻ (Scopolamine), ഹയോസമിൻ (Hyoscyamine), അട്രോപിൻ (Atropine) തുടങ്ങിയ ആൽക്കലോയിഡുകൾ അടങ്ങിയിട്ടുണ്ട്. മാന സിക വിഭ്രാന്തിയുണ്ടാക്കുന്ന രാസവസ്തുക്ക ളാണവ. ചിലപ്പോൾ മരണവും സംഭവിക്കാം.

മദ്യവും മയക്കുമരുന്നും മനുഷ്യന്റെ തലച്ചോറി ന്റെ ഭാഗമായ മെഡുല ഒബ്ലാംഗേറ്റയെ ആഘാ തമേൽപ്പിക്കുന്നു. മയക്കവും, മോഹാലസ്യവും, അതിനിദ്രയും ഉണ്ടാക്കിയേക്കാം. അധികമാ യാൽ ശ്വാസതടസ്സവും തുടർന്ന് ചിലപ്പോൾ മര ണവും സംഭവിച്ചേക്കാം. സന്തുലിത നഷ്ടവും, അനിയന്ത്രിതമായ നേത്രചലനങ്ങളുമുണ്ടാ യേക്കാം. എല്ലാം വ്യക്തികളിലും ഒരേ മരുന്ന് ഒരേസമയം കൊണ്ട് വിഘടിക്കുന്നില്ല. നിയമ വിധേയമായി കറുപ്പ് ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന രാജ്യം ഇന്ത്യയാണ്. മരുന്നുകൾ ഉണ്ടാ ക്കാൻവേണ്ടി മാത്രമാണ് അത്. പക്ഷെ കറുപ്പ് കൃഷിചെയ്യാനുള്ള ലൈസൻസുകൾ ദുരുപയോ ഗം ചെയ്ത് മയക്കുമരുന്ന് ലോബി മയക്കുമരുന്ന് മേഖലയിലൂടെ ബിസിനസ്സിലേക്ക് എത്തിച്ചു.

കേരളത്തിലെ ഹൈസ്കൂൾ, പ്ലസ്ടു വി ദ്യാർഥികൾക്കിടയിൽ ഒരു ന്യൂനപക്ഷം മയ ക്കുമരുന്ന് വിപണിയിലെ കണ്ണികളാണ്. അനാഥാലയങ്ങൾ, മതപഠനശാലകൾ എന്നി വിടങ്ങളിൽ മധുരപലഹാരങ്ങൾ ചെയ്യുന്നവ രിൽ ചിലർ മയക്കുമരുന്ന് നൽകി കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്തിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മയക്കുമരുന്ന് കുത്തിവെയ്പി നുള്ള രഹസ്യ ലോബികൾ നിലവിലുണ്ട്. ജിംനേഷ്യങ്ങളിൽ പോകുന്നവരിൽ ചിലർ വി വിധതരം സ്റ്റിറോയിഡുകൾ ഉപയോഗിക്കുന്നു.

മയക്കുമരുന്നുകളും, നീല ചിത്രങ്ങളും കൈകാര്യം ചെയ്യുന്ന വിദ്യാർത്ഥികളെ അദ്ധ്യാ പകർക്ക് ഭയമാണ്. എന്തെങ്കിലും നടപടി എടു ത്താൽ അദ്ധ്യാപകന്റെ പേര് പറഞ്ഞുകൊണ്ട് ആത്മഹത്യ ചെയ്യുമെന്നും കള്ളക്കേസിൽ കു ടുക്കുമെന്നും ഉള്ള ഭീഷണി ഉണ്ടാകും.

ഇന്ത്യയിൽ മയക്കുമരുന്ന് ഉല്പാദന വി പണന ക്രയവിക്രയ സംവിധാനത്തിനെതിരെ കർശനമായ നിയമമുണ്ട്, വിദേശത്തുനിന്നും മയക്കുമരുന്ന് കൊണ്ടുവന്ന ഒരു കുറ്റവാളിയെ രക്ഷിക്കാൻ കൂട്ടുനിന്ന വ്യക്തി മന്ത്രികൂടിയാകുന്ന ഒരു സ്ഥിതി വിശേഷം പ്രബുദ്ധരെന്നു വിശ്വസി ക്കുന്ന മലയാളികൾക്ക് നാണക്കേടാണ്. അങ്ങ് വടക്കോട്ട് UP- യിലേക്ക് നോക്കി ഇരിക്കുന്നതു കൊണ്ട് പലകാര്യങ്ങളും നേതാക്കന്മാർ മറന്നു പോകുന്നു. സ്വയം ഒരു തീരുമാനം എടുക്കുക. മദ്യവും മയക്കുമരുന്നും ഉപയോഗിക്കുകയോ അതിനെ പ്രോത്സാഹിപ്പിക്കുകയോ ഇല്ലായെന്ന്. ■

# നമഃശിവായ

ഡോ. കെ. ഹരിഹരൻ - 9847313322

(തുടർച്ച.....)

അന്തരീക്ഷം ശുദ്ധമാക്കുന്ന കാര്യത്തിൽ യജ്ഞത്തിന്റെ മഹത്വം ആധുനിക ശാസ്ത്രകാരന്മാരും അംഗീകരിക്കുന്നുണ്ട്. വേദശാസ്ത്രങ്ങളിൽ യജ്ഞത്തിന്റെ അപാരമഹിമയെ വർണ്ണിക്കുന്നുണ്ട്. പക്ഷെ വിധിപൂർവ്വമായിരിക്കണം. എല്ലാം വിധിയുക്തമായാൽ അതിന്റെ പ്രയോജനം ഉണ്ടായിരിക്കും. യജ്ഞത്തിലെ ആഹൂതികളുടെ ക്രമം, മാത്രാദികളും, ശുദ്ധ മന്ത്രോച്ചാരണാദികളും സൂക്ഷ്മതത്ത്വങ്ങളുമാണ്. അതിന് ഏറ്റക്കുറച്ചിലുകൾ ഉണ്ടായാൽ, ഫലവും വ്യത്യസ്തമാകും. പൂർണ്ണ രൂപത്തിൽ നടക്കുന്ന യജ്ഞം ഇഷ്ടഫലദായകമാണ്. സർവ്വകാമപ്രദവുമാണ്.

ഹവിർധാനിക്കുശേഷം ശ്രീ വരുന്നു. 'ശ്രീ' യുടെ പ്രസിദ്ധമായ അർത്ഥം ലക്ഷ്മി, ധനം എന്നിങ്ങനെയാണ്. ശ്രയതി ഹരീം ഹരം വാസാശ്രീ'. ആരാണോ ഹരിയേയോ, ഹരനേയോ ശ്രവണം ചെയ്യുന്നത് അവർക്ക് ഐശ്വര്യം വന്നു ചേരും. ലക്ഷ്മിയും സരസ്വതിയും ശ്രീയാകുന്നു. അതുപോലെ ത്രിവർഗ്ഗാദികളിലും ശ്രീ ശബ്ദം പ്രഖ്യാതമാണ്. ഇതിന് സമ്പത്ത്, ലക്ഷ്മി എന്ന അർത്ഥമെടുത്താൽ ഹരിശ്രയണം എന്ന് മനസ്സിലാക്കണം. വിഭൂതി എന്നാണ് അർത്ഥമെടുക്കുന്നതെങ്കിൽ ഹരശ്രയണം എന്നും മനസ്സിലാക്കണം. വിഭൂതി അണിമ തുടങ്ങിയവ ഐശ്വര്യത്തെക്കുറിക്കുന്നതാണ്. ശങ്കര ഭഗവാൻ വിഭൂതിയുക്തനാണ് ധർമ്മം, അർത്ഥം, കാമം ഇവയാണ് ത്രിവർഗ്ഗങ്ങൾ. ധർമ്മാദിയുള്ളവനാണ് ശ്രീമാൻ. ശോഭ എന്ന അർത്ഥം 'ശ്രീ' ക്ക് സർവ്വസാധാരണമാണ്.

'ത്രിഞ്ഞ്സേവയാം' എന്ന ധാതുവിൽ നിന്ന് ഉല്പന്നമായതാണ് ശ്രീ എന്ന ശബ്ദം അതിന് സേവാസമർപ്പണം, ശണാഗതി എന്നൊക്കെ ആദ്ധ്യാത്മികപക്ഷ പ്രമാണം. ഹവിർധാനിയിലൂടെ കർത്തവ്യകർമ്മം വിവക്ഷിതമാകയാൽ, ശ്രീ പദത്തിൽ ഉപാസനയാണ് ഉൽപ്രേക്ഷിതമാകുന്നത്. മനോമാലിന്യനിവാരണാർത്ഥം ആദ്യം കർമ്മമാണ് പറഞ്ഞിട്ടുള്ളത്. ശേഷം വിക്ഷേപനിവാരണാർത്ഥമാണ് ഉപാസന ആവശ്യമായി വരുന്നത്. പ്രേമലക്ഷണഭക്തിയും ശരണാഗതിയും സേവ തന്നെയാണ്. അതുതന്നെയാണ് ഉപാസനയും. ഭഗവാനെ ശരണം പ്രാപിക്കലാണ് പരമ പ്രാധാന്യം കർമ്മം സമ്പന്നമായാൽ ഫലവും സ്വയം വന്നെത്തും.

ഹവിർധാനിയെ ദ്യോതിപ്പിക്കുന്ന കർമ്മം ഒരു രത്നമാണ്, ശ്രീ പദത്തെ ദ്യോതിപ്പിക്കുന്ന ആരാധന - ഉപാസന മറ്റൊരു രത്നമാണ് കർമ്മത്താൽ പാപനിരാസം വരുന്നതിനാൽ ചിത്തം ശുദ്ധമാകുന്നു. കൂടാതെ കർമ്മജന്യ പുണ്യത്താൽ ചിത്തം വിദ്യഗ്രഹണത്തിനും യോഗ്യമാകുന്നു. കർമ്മപ്രായശ്ചിത്തത്താൽ ചിത്തം - അന്തഃകരണമെന്ന പാത്രത്തെ വൃത്തിയാക്കും. അപ്പോൾ കർമ്മജന്യവും ഉപാസനാജന്യവുമായ പുണ്യം സ്പർശമണി ആയിത്തീർന്ന് ലോഹമയമായ അന്തഃകരണത്തെ സ്വർണ്ണമാക്കി മാറ്റും. അപ്പോൾ അത് ജ്ഞാനമാകുന്ന പാൽ സൂക്ഷിക്കാൻ അനുയോജ്യമായ പാത്രമായിത്തീരും. അതിനുശേഷം ഭാഗവതാശ്രയത്തെ രൂപമാകുന്ന ഭഗവദാരാധന തന്നെ ജ്ഞാനമാകുന്ന പാല് ലഭിക്കാൻ സഹായകമായിത്തീരും.

'ഭക്ത്യാ മാമഭിജാനാതി'

ഭക്തിയാൽ ജ്ഞാനമുണ്ടാകും

'ശ്രീ' യ്ക്ക് ശേഷം വാരുണി വരുന്നു. ആധിഭൗതികപക്ഷത്തിൽ വാരുണിയുടെ അർത്ഥം മദിര (മദ്യം) എന്നാണ്. അദ്ധ്യാത്മപക്ഷത്തിൽ വാരുണിയെ വിദ്യ എന്ന് പറയുന്നുണ്ട്.

തപസ്സ്, വാരുണി, വിദ്യ എന്നറിയപ്പെടുന്നുണ്ട്. ആരേയാണോ വരിക്കപ്പെടുന്നത് അവൻ വരുണനാണ്. വരണൻ എന്നും പറയും. വരണം ചെയ്യുന്നവന്റെ ക്രിയ വാരുണി. വാരുണിയെ അസുരന്മാർ കൈക്കലാക്കി.

വേദാന്ത ശ്രവണത്തിന് വിവേക വൈരാഗ്യാദി സാധനാചതുഷ്ടയമാണ് ആദ്യമുണ്ടാവേണ്ടത്. ആദ്യത്തേത് വിവേകം, ബ്രഹ്മം, സത്യം, ജഗത് മിഥ്യ ഇങ്ങനെ നിശ്ചയിച്ചുറപ്പിക്കുന്നതാണ് നിത്യാനിത്യവിവേകം. എന്നാൽ വേദാന്തശ്രവണശേഷം മാത്രമെ ഈ വിവേകം ഉണ്ടാവുകയുള്ളു. അന്യോന്യ ആശ്രയദോഷം വരും ആദ്യം വിവേകാദികൾ ഉണ്ടായിരിക്കണം. എന്നിട്ട് ശ്രവണ മനനാദികൾ, എന്നാൽ ശ്രവണാദികൾ ഉണ്ടായാലേ വിവേകാദികൾ ഉണ്ടാകുകയുള്ളൂ.

'സ്വാധ്യായോ ധ്യേതവ്യ' എന്നത് വേദാധ്യയന വിധി വാക്യമാണ്. അതിൽ വേദാന്തവും ഉൾപ്പെടുന്നു. അതിൽനിന്നും സത്യ - അസത്യ വിവേകവുമുണ്ടാകും, ബ്രഹ്മാത്മൈക്യസാക്ഷാത്കാരം ഉണ്ടാകില്ല. ഏതാണോ ആദ്യത്തെ സാമാന്യമായ ശ്രവണം. അതു തന്നെയാണ് വാരുണി എന്ന ബ്രഹ്മവരണാത്മകവിദ്യ. സാമാന്യമായ സത്സംഗത്തിലും മറ്റും ഈ വിവേകമുണ്ടാകാം.

ഈ വേദാന്ത ശ്രവണം അല്ലെങ്കിൽ സത്സംഗം അസുരഭാവത്തോടെയല്ല , ദേവഭാവത്തോടെയാകണം. അസുരഭാവത്തിൽ ശ്രവണാദികൾ ചെയ്താൽ അത് വേദാന്തയോഗസാധനയാവില്ല, ഭോഗസാധനയാകും. ദേവഭാവത്തിൽ ശ്രവണം ചെയ്യുന്നതിന്റെ ലക്ഷണം വിവേകമാണ്, വിവേകത്തിന്റെ ലക്ഷണം വൈരാഗ്യവുമാണ്. വൈരാഗ്യമുണ്ടായാൽ വിവേകമുണ്ടായി എന്ന് മനസ്സിലാക്കണം. ക്ഷണിക വിവേകത്തിൽ നിന്നാണ് ക്ഷണിക വൈരാഗ്യമുണ്ടാകുന്നത്. ശ്മശാനത്തിലെത്തുമ്പോൾ തോന്നും അൽപ്പസമയം മുൻപ് സംസാരിച്ചും, ചിരിച്ചും, കരഞ്ഞും കഴിഞ്ഞവനാണ് ചാരമായത്. ഈ വൈരാഗ്യം ക്ഷണനേരത്തേക്കാണ് നില നിൽക്കുക. കാമഭോഗം കഴിഞ്ഞാൽ വെറുതെ ശക്തിക്ഷയം ഉണ്ടായത് മിച്ചം എന്ന് ക്ഷണനേരത്തേക്ക് വൈരാഗ്യചിന്തയും വരും. ധനികന് മുഴുവൻ ധനവും നഷ്ടമായാൽ, അയാൾക്ക് ഈ ജഗത്ത് ശൂന്യമായി തോന്നും. വൈരാഗ്യം സ്ഥായിയായാൽ ആ വിവേകം വാരുണീവിദ്യാ പ്രയോജകമാണ്.

അദ്ധ്യാത്മ പക്ഷത്തിൽ വിവിർധാനി എന്നതിന് യജ്ഞാദി കർമ്മങ്ങൾ എന്ന അർത്ഥവും, ശ്രീ പദത്തിന് ആരാധന - ശ്രയതി ഹരിം ഹരംവാ, ഭഗവത് ആരാധന രൂപത്തിലുള്ള ഉപാസനയെന്ന അർത്ഥവും നാം മനസ്സിലാക്കി ശ്രീ എന്നതിന് ശ്രയണം എന്ന് അർത്ഥം. അമരകോശത്തിൽ ശരണമെന്നതിനു രക്ഷകൻ എന്ന വിശേഷ അർത്ഥം കാണാം. അദ്ധ്യാത്മപക്ഷത്തിൽ അപ്സരയ്ക്ക് സ്വർഗ്ഗവരാംഗതയെന്ന അർത്ഥമെടുക്കാം. അപ് എന്നാൽ കർമ്മമെന്നും ജലമെന്നും അർത്ഥമുണ്ട്. സരസ്സ്, സരോവരം എന്ന് ജ്ഞാനത്തെയാണ് പറയുന്നത്, സരസ്വതി എന്ന പദത്തിൽ ഈ സരസ് ശബ്ദമുണ്ട്. ജ്ഞാനത്തിന്റെ അധിഷ്ഠാത്രി തന്നെയാണ് സരസ്വതി.

യജ്ഞാദി സത്കർമ്മങ്ങളാൽ അറിവിനായി ആഗ്രഹിക്കുന്നു. കർമ്മങ്ങളാൽ ജ്ഞാനത്തിനായി ആഗ്രഹിക്കുന്നു. ഇഷ്യമാണ ജ്ഞാനം തന്നെയാണ് അപ്സരസ്സായിരിക്കുന്നത്. ജ്ഞാനമാകയാൽ ഇഷ്യമാണത്വ കാലീന ജ്ഞാനം പരോക്ഷജ്ഞാനം തന്നെയായിരിക്കും. അപരോക്ഷമായാൽ ജ്ഞാനത്തിന് ഇഷമാണത്വം ഉണ്ടായിരിക്കുകയില്ല. വാരുണീ വിദ്യാപക്ഷത്തിലും ആദ്യം പരോക്ഷ ജ്ഞാനമേയുണ്ടാകു. ആദ്യം പരോക്ഷ ജ്ഞാനമുണ്ടായാലെ മുന്നോട്ട് അത് പ്രവർത്തിയായിത്തീരുകയുള്ളു. അനുബന്ധ ചതുഷ്ടയം ഇല്ലാതെയുള്ള ഗ്രന്ഥദ്ധ്യായനാദികളിൽ പ്രവർത്തി ഉണ്ടാവുകയില്ല. അധികാരി, സംബന്ധം, പ്രയോജനം എന്നിവയുടെ ജ്ഞാനമില്ലാതെ യാതൊരു അദ്ധ്യായനാദിയും പ്രവൃത്തമാകുകയില്ല .

സ്കൂളിലും, കോളേജിലും പോയി പഠി

ക്കണമെങ്കിൽ, ആദ്യം അവിടെ എന്താണ് പഠിപ്പിക്കുന്നതെന്ന് മനസ്സിലാക്കണം. എന്ത് വിഷയമാണ് പഠിപ്പിക്കുന്നത് - എന്ന വിഷയ ജ്ഞാനം ആദ്യം ഉണ്ടായിരിക്കണം. അവിടെ വൈദ്യശാസ്ത്രമാണോ പഠിപ്പിക്കുന്നത്, സയൻസ്സാണോ എന്നറിയണം. ഡോക്ടറാകണോ, വ്യാപാരിയാകണോ എന്നത് - അതിന്റെ പ്രയോജനമാണ്. അധികാരി (യോഗ്യൻ) യുമായിരിക്കണം. മെട്രിക്കുലേഷന് വേണ്ടത്ര ശതമാനം മാർക്കുണ്ടെങ്കിലേ അതിന് ചേരാൻ സാധിക്കുകയുള്ളു ശാസ്ത്രപഠനത്തിനും ഇതുപോലുള്ള കാര്യങ്ങളുണ്ട്. വേദാന്തികൾക്ക് വേദാന്ത വിഷയമാണ് പഥ്യം. അതിന്റെ പ്രയോജനം അദ്വൈതഭാവമാണ്. ഭാഗവതത്തിലും അദ്വൈതഭാവത്തിന്റെ പ്രതിപാദ്യം തന്നെയാണ് ഉള്ളതെങ്കിലും വ്യാഖ്യാതക്കൾ അതിനെ ദ്വൈതവും ഭക്തിയുമായേ വ്യാഖ്യാനിക്കുകയുള്ളു.

അദ്വൈത തത്ത്വതിന്റെ പ്രയോജനം കൈവല്യമോക്ഷമാണ്. വിവേകവും വൈരാഗ്യവും ഉള്ളവനാണ് അധികാരി. ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്, ഇതിന് ബ്രഹ്മരൂപത്തിലുള്ള വിഷയത്തിന്റെ ജ്ഞാനം അല്ലെങ്കിൽ ബ്രഹ്മജ്ഞാനം ആദ്യമേ ഉണ്ടായാൽ പിന്നെ വേദാന്തം എന്തിനു പഠിക്കണം, എന്തിന് ശ്രവണം ചെയ്യണം എന്ന സംശയം ഉണ്ടാകാം. വൈദ്യശാസ്ത്രത്തിന്റെ സാമാന്യജ്ഞാനം ആദ്യം ഉണ്ടായി എന്നാൽ വിശേഷജ്ഞാനം ഉണ്ടാകില്ല അത് വൈദ്യശാസ്ത്രായനത്തിലൂടെ മാത്രമെ ലഭിക്കുകയുള്ളു. അതുപോലെ അദ്വൈത എടബ്രഹ്മത്തിന്റെ സാമാന്യ ജ്ഞാനം ഉണ്ടായാൽ വിശേഷജ്ഞാനം കിട്ടുകയില്ല. ബ്രഹ്മത്തിന് സാമാന്യം വിശേഷം എന്നി ഭാവങ്ങളില്ല. അത് സാമാന്യവും നിർവിശേഷവുമാണ്. നിർവിശേഷ ജ്ഞാനം ഉണ്ടാകാൻ വേണ്ടി തന്നെയാണ് വേദാന്തപഠനം, ശ്രവണം, മനനം, നിദിദ്ധ്യാസനം എന്നിവ ചെയ്യേണ്ടതായിട്ടുള്ളത്. അനുബന്ധജ്ഞാനം കേവലം ശബ്ദതജ്ഞാനം മാത്രമായേ കണക്കാക്കുകയുള്ളു പുരാണദികൾക്ക് ആധിഭൗതികം, ആഹാദൈവികം, ആദ്ധ്യാത്മികം എന്നി മുന്ന് വിധ അർത്ഥങ്ങൾ മാനിച്ചിട്ടുണ്ട്.

ഹവിർധാനിയിൽ നിന്നും യജ്ഞാദികളായ കർമ്മങ്ങളും, ശ്രീ യിൽ നിന്നും ആരാധനാരൂപമായ ഭക്തിയുമെന്ന് സ്പഷ്ടമായ അർത്ഥം ലഭിക്കുന്നുണ്ട് എന്തെന്നാൽ ശ്രീ യുടെ അർത്ഥം ലക്ഷ്മിയെന്നും വിഭുതിയെന്നും പറഞ്ഞു. ലക്ഷ്മിക്ക് ആശ്രയം വിഷ്ണു. വിഭൂതിക്ക് ആശ്രയം ശിവൻ. അതിനാൽ ശ്രീ യെ രണ്ടുപേരോടും യോജിപ്പിക്കുന്നു.

'ശ്രീ വിഷ്ണോ, ശ്രവണേ പരീക്ഷി ഭവത്'

എന്നിങ്ങനെയും 'ശ്രീ നീലകണ്ഠായ' എന്ന് ഈ ശ്ലോകത്തിലും പ്രയോഗിച്ചിട്ടുണ്ട്. ഭഗവാനെ ആശ്രയിക്കുന്നതു തന്നെയാണ് ഉപാസനാഭക്തി. സംസാരസാഗരത്തിൽ ഇവ രണ്ടും തന്നെയാണ് രത്നങ്ങൾ, രതി സാധനാദി കർമ്മത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കർമ്മത്തിൽ തന്നെയാണ് ആനന്ദം ലഭിക്കുന്നത് . കർമ്മം ചെയ്യാതിരിക്കാൻ സാധിക്കുകയുമില്ല.

ദൈവമെന്നാൽ ഭാഗ്യം, ഭാഗ്യം പ്രതികൂലമാകാം - ഭഗവാൻ ഒരിക്കലും പ്രതികൂലനാകില്ല, മനുഷ്യർ ഇത്രയെങ്കിലും മനസ്സിലാക്കണം, എപ്പോഴെങ്കിലും ദുഃഖം തരുന്നുവെങ്കിൽ അത് നിറഞ്ഞു തുളുമ്പുന്ന പാപകുടത്തെ എറിഞ്ഞുടയ്ക്കാൻ മാത്രം. അല്ലാതെ ദുഃഖിക്കാൻ വേണ്ടിയല്ല. പ്രാണികൾക്ക് ദുഃഖം പ്രദാനം ചെയ്തിട്ട് ഭഗവാനെന്ത് കിട്ടാൻ? അദ്ദേഹമാകട്ടെ കർമ്മനാശാർത്ഥം നൈഷ്കർമ്മ്യസിദ്ധ്യർത്ഥം ഭഗവാനടുത്തെത്താൻ ബുദ്ധിമുട്ടുകൾ നൽകി പാപകർമ്മങ്ങളെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ ക്രീയകളും ഭഗവത് കൃപയായിവേണം കരുതാൻ. ഭഗവാന് മാതാപിതാക്കളുടെ സ്ഥാനമാണ്, സ്ഥാനം മാത്രമല്ല ജഗത് സൃഷ്ടാവായതിനാൽ വാസ്തവത്തിലുള്ള മാതാവും പിതാവുമാണ്. ഇങ്ങനെയുള്ള ഭഗവാൻ സ്വന്തം കുട്ടികൾക്കെതിരാവുകയില്ല. എന്തെങ്കിലും സ്വാർത്ഥത നമ്മിൽ കണ്ടാൽ മാത്രം ചിലപ്പോൾ പ്രതികൂലനാകും.

→

'രക്ഷിഷ്യതീതി വിശ്വാസ' ഭഗവാൻ തീർച്ചയായും എന്നെ രക്ഷിക്കുമെന്ന് വിശ്വാസം വേണം രക്ഷയെന്നതിന്റെ അർത്ഥം കേവലം ശരീരരക്ഷ മാത്രമല്ല. ശരീരം ഒരിക്കൽ നശിക്കുകതന്നെ ചെയ്യും. അതിനാൽ രക്ഷയുടെ അർത്ഥം - ആത്മദ്ധാരണവും ആത്മക്ഷേമവും അല്ലെങ്കിൽ ആത്മാവിനെ പതനത്തിൽ നിന്നും രക്ഷിക്കുക. ഈ മൂന്നുമാണ് ഭഗവദാശ്രയണരൂപത്തിലുള്ള ശരണാഗതി. ഈശ്വരാനുഗ്രഹമുണ്ടായാലേ അദ്വൈതവാസന ഉണ്ടാവുകയുള്ളു. ഉപേക്ഷാത്മകജ്ഞാനംകൊണ്ട് സംസ്കാരം അല്ലെങ്കിൽ വാസന ഉത്പന്നമാവില്ലെന്ന് ഒരു പക്ഷെ ഉൽപ്പന്നമായാലും ഉൾക്കടമാകില്ലെന്നും വിശ്വസിക്കുന്നു. സംസ്കാരം ഉൾക്കടമായാൽ അത് വാസനാരൂപമായിത്തീരും. വാസനയെന്നാൽ പൂർണ്ണമായും അകപ്പെടൽ. സംസ്കാരം മാറിപ്പോകും. വാസനയാൽ പിന്നെയത് നശിക്കില്ല.

ബ്രഹ്മം പരമാനന്ദസ്വരൂപമാകുന്നു. മോക്ഷം പരമപുരുഷാർത്ഥമാകുന്നു. ഇത്യാദി വാക്യങ്ങളിൽ ശ്രദ്ധയുണ്ടായാൽ (വിശ്വാസമുണ്ടായാൽ) വിവിദിഷയുണ്ടാകുന്നു. ബ്രഹ്മജിജ്ഞാസയുണ്ടാകുന്നു.

'അഥതോ ബ്രഹ്മജിജ്ഞാസ'

ഇവിടെ 'അഥ' ശബ്ദാർത്ഥത്തിൽ സാധനാചതുഷ്ട്യ അന്തർഗതമായ ശ്രദ്ധയും അടങ്ങിയിട്ടുണ്ട്. ഹവിർധാനിയിൽ നിന്നും ബഹിരംഗകർമ്മവും ശ്രീ എന്ന ബഹിരംഗ ഉപാസനയും പറഞ്ഞതിനുശേഷം വാരുണി ശരണാഗതി രൂപത്തിലുള്ള അന്തരംഗഭക്തിയും പറഞ്ഞു. എന്നിട്ട് ശ്രദ്ധയിൽ സുചിതമായ സമസ്ത സാധനാചതുഷ്ടയ ജന്യമായ ബ്രഹ്മജിജ്ഞാസയേയും പറഞ്ഞു.

അവനവന്റെ വർണ്ണാശ്രമധർമ്മത്തിൽ ഹവിർവാതിരൂപത്തിലുള്ള കർമ്മം അന്തർഗതമായിരിക്കുന്നു. തപസ്സിലാണ് ഉപാസന അന്തർഗതമായിരിക്കുന്നത്. ഹരിതോഷണം ശരണാഗതിയെ ധ്വനിപ്പിക്കുന്നു. ഇവയിൽനിന്നും സാധനാചതുഷ്ടയമുണ്ടാകുന്നു. ശ്രദ്ധ പദം കൊണ്ട് അവയെ ഗ്രഹിക്കാവുന്നതാണ്. അതിൽനിന്നും ജിജ്ഞാസയുണ്ടാകും എന്നാണ് മനസ്സിലാകുന്നത് അങ്ങനെ ഇവിടെ നാലു രത്നങ്ങളിലൂടെ വേദാന്തോക്തമായ ബഹിരംഗസാധനയേയും അന്തരംഗസാധനയേയും സംഗ്രഹിച്ചു.

ഹവിർധാനി, ശ്രീ എന്നി രത്നങ്ങളെ കാണുകയുണ്ടായി, വാരുണിയേയും അപ്സ്രസ്സുകളെയും രത്ന രൂപത്തിൽ മനസ്സിലാക്കി. വാരുണിക്ക് ഇവിടെ 'വരണം' ശരണാഗതി ഭക്തി എന്നാണ് അർത്ഥം. അപ്സരസ്സിന് കർമ്മം അല്ലെങ്കിൽ ശ്രദ്ധയിൽ നിന്നുളവാകുന്ന ജ്ഞാനം അല്ലെങ്കിൽ ജിജ്ഞാസ എന്ന് അർത്ഥം കണ്ടു. ഇനി ഐരാവതം നോക്കാം സമുദ്രമഥനം ചെയ്യുമ്പോൾ സമുദ്രത്തിൽനിന്നും ഒരു ആന പ്രകടമായിരുന്നു ആ വെളുത്ത ആനയാണ് ഐരാവതമെന്ന പേരിൽ പ്രസിദ്ധമായത്. ആ ആനയാണ് ഇന്ദ്രന്റെ വാഹനമായിത്തീർന്നത്. ഗീതയിൽ ഭഗവാൻ സ്വയം 'ഐരാവതം ഗജേദ്രാണാം' ഐരാവതത്തെ സ്വന്തം വിഭുതിയാണെന്നു പറയുന്നുണ്ട് ഐരാവതശബ്ദം 'ഇരാവാൻ' എന്നതിൽ നിന്നും ഉണ്ടായതാണ് 'ഇരാവതോയം' ഇരാവാണി - വേദവാണി 'ഐരം കൃത്വോത്ഗായേത്'. ഇരാവാൻ എന്നാൽ വാഗ്മി വാക്പതി പണ്ഡിതനായിരിക്കും. അതിശയാർത്ഥത്തിൽ മതുപൻ എന്ന് പറയും. അതിശയ വാണി ആരിലുണ്ടോ അവൻ വിദ്വാൻ അല്ലെങ്കിൽ ഇരാവാനാണ്. വിദ്വാന്റെ പര്യായ പദങ്ങളിൽ സത് ശബ്ദവും വരുന്നു. സത് എന്നതിനോട് സംബന്ധിതമായത് അതായത് സത്സംഗം. സത്സംഗം ആനയെപ്പോലെ വളരെ ബ്രഹത്താണ്. അത് വലുതാണെങ്കിലും വെളുത്തതാണ് - പരമ സാത്വികമാണ്. സ്വാദ്ധ്യായും എന്നൊന്നുണ്ട്. അദ്ധ്യായനവും അദ്ധ്യാപനവും എന്നാണ് അതിനർത്ഥം. രണ്ടാമത്തെ അർത്ഥമാണ് പ്രവചനം, ദൃഷ്ട്നാദികളാൽ ഓജസ്വിയായ ഭാഷയിലുള്ള വ്യാഖ്യാനം. സ്വാദ്ധ്യായത്തിൽ ഉപനിഷത്ത് സൂത്രം, ഭാഷ്യം വ്യാഖ്യാനം, അനുവ്യാഖ്യാനം തുടങ്ങിയവയുടെ അദ്ധ്യായനവും അദ്ധ്യാപനവുമാണ്.

തുടരും......

# വൈശാഖമാസാചരണം മാനസിക സൗഖ്യത്തിന്

ഡോ. രാജേശ്വരി കുഞ്ഞമ്മ – 9388382009

മനുഷ്യനെ മനുഷ്യനായി കാണുന്ന ഒരു ചിന്തയിലൂടെ വളർന്നു വന്ന ഭാരതീയ വിശ്വാസം അവന്റെ ഉന്നതിക്കായി ചെയ്യേണ്ട മാർഗ്ഗങ്ങളെക്കുറിച്ചാണ് കൂടുതലും ബദ്ധശ്രദ്ധാലുവാകുന്നത്. കിട്ടുന്ന അവസരങ്ങളെ സ്വീകരിച്ചും പ്രതിബന്ധങ്ങളെ തട്ടിത്തെറിപ്പിച്ചും ആദ്ധ്യാത്മികതയുടെ ഉയർന്ന ചിന്താമണ്ഡലം ഉയർത്തിപ്പിടിച്ച് മുന്നേറുന്ന മനുഷ്യന്, അവന്റെ ശാരീരിക മനോബലത്തിന് വിശ്വാസത്തിന്റെ മേൽ പൊടിചേർത്ത് ആസ്വദിക്കുകയാണ് ലക്ഷ്യമെന്ന് കരുതുന്നു. അതിനയാൾ പ്രപഞ്ചത്തെയും ജീവജാലങ്ങളെയും ചുറ്റുപാടുകളെയും കോർത്തിണക്കി സ്നേഹിച്ചും വിശ്വസിച്ചും ആദരിച്ചും കഴിയുന്നു.

മനുഷ്യ ജീവിതമെന്ന് പറയുന്നതു തന്നെ മനുഷ്യനും പ്രപഞ്ചശക്തിയും കൂടി ചേർന്നതാണല്ലോ. ആദ്ധ്യാത്മികശക്തി, ആദ്ധ്യാത്മികസമ്പന്നത ഉണ്ടാക്കുന്നു. ഇത്തരം സമ്പന്നത വേണമെങ്കിൽ ഈശ്വരന്റെ മുൻപിൽ ആത്മസമർപ്പണം ചെയ്യണം. ഈശ്വരകൃപ ഒരു കാറ്റായി നമ്മുടെ ചുറ്റിലും വീശിക്കൊണ്ട് കുളിർമ്മ നൽകുന്നു. അത് മനസ്സിലാക്കണമെങ്കിൽ കാറ്റിനനുസരിച്ച് നീങ്ങാനുള്ള പദ്ധതികൾ അറിയണം. മറ്റുള്ളവർ പറയുമ്പോൾ ചിന്തിച്ചു മുന്നേറണം.

മലയാള മാസങ്ങളായ ചിങ്ങം മുതൽ നോക്കിയാൽ ചിങ്ങം ഓണവെയിലും സമൃദ്ധമായ വിളവെടുപ്പും എവിടെയും ആഹ്ലാദം. പിന്നീടുള്ള 10 മാസങ്ങളിൽ വ്യതാനുഷ്ഠാനവും ക്ഷേത്രങ്ങളിലെ ആഘോഷങ്ങളുമായി മാസങ്ങൾ കടന്നു പോകുന്നു. അവസാനത്തെ മാസമായ കർക്കിടകത്തെ തെല്ലൊരാശങ്കയോടാണ് നാം നോക്കി കാണുന്നത്. മഴ, മാറാവ്യാധി, തൊഴിലില്ലായ്മ ഇതൊക്കെ ഒരു പരിധിവരെ നമ്മളെ ബുദ്ധിമുട്ടിക്കുന്നുവെങ്കിലും അവിടെയും പ്രപഞ്ചശക്തിയായ ശ്രീരാമചന്ദ്രചരിതം ഒരു പരിധിവരെ ആശ്വാസം തരുന്നു.

ജീവിതത്തിൽ ഭക്ഷണക്രമം, വ്യായാമം,ആത്മശുദ്ധി ഇവയുടെ പ്രാധാന്യത്തെക്കുറിച്ച് ഉപനിഷാദിക് ഗ്രന്ഥങ്ങളിൽ കൂടി നാം മനസ്സിലാക്കുന്നുണ്ട്. ഉത്തരായനകാലം തുടങ്ങി പിന്നീട് മേടപ്പുലരി കണികണ്ടുണർന്ന്. രാവും പകലും തുല്യ അളവിൽ, സോഷ്യലിസ്റ്റ് ചിന്താഗതിയുടെ തുല്ല്യത, സമത്വം വിളിച്ചോതുന്ന ദിവസം പൂത്തുലഞ്ഞു നിൽക്കുന്ന പുഷ്പങ്ങളും ഫലവും കണ്ടു. വിത്തുകൾ പാകുന്നു ഞാറ്റുവേലയും കണ്ട്. അതുകഴിഞ്ഞപ്പോൾ വിതച്ച വിത്തുകൾ മുളപൊട്ടി വരുന്ന പ്രകൃതിരമണീയമായ വൈശാഖമാസം. ഈ മാസമാണ് പ്രപഞ്ചനാഥനായ ഭഗവാൻ മാധവൻ ഐശ്വര്യദായിയായ ലക്ഷ്മിദേവിയുമായി ഭൂമിയിലെ മനുഷ്യരെ കാണാൻ വരുന്നത്. മേടത്തിലെ അമാവാസി മുതൽ ഇടവത്തിലെ അമാവാസി വരെ മാധവന്റെ ഇഷ്ടമാസമായതിനാൽ മാധവമാസമെന്നും അറിയപ്പെടുന്നു. വിഷുപ്പുലരിയിൽ വിത്തിട്ടതിന്റെ ബാക്കി ധാന്യങ്ങളും കിഴങ്ങ്, പച്ചക്കറി മുതലായവ ഉള്ളതുകൊണ്ടും ആളുകൾക്ക് വലിയ പട്ടിണിയില്ല. മേടത്തിലെ ചന്നംപിന്നം മഴയും, മീനച്ചൂടിന്റെ കാഠിന്യം കുറച്ചു തരുന്നു.

നമ്മുടെ പുണ്യനദികളായ ഗംഗ, യമുന, സരസ്വതി, നർമ്മദ, ഗോദാവരി, കൃഷ്ണ, കാവേരി ഇവയെല്ലാം സംഗമിക്കുന്നതുകൊണ്ട് ജലാശയങ്ങൾ പുണ്യകളായി നമ്മുടെ മുറ്റത്തുള്ള കിണറ്റിൽ പോലും ഔഷധഗുണങ്ങളുടെ കണികകൾ എത്തുന്നുവെന്നാണ് വിശ്വാസം. ഈ മാസം സ്ത്രീകളുടെ ആദ്ധ്യാത്മിക സങ്കൽപ്പത്തിന് ശക്തി കുടുന്നുവെന്നും പറയപ്പെടുന്നു.

ബ്രഹ്മ മുഹൂർത്തം സാധാരണ വെളുപ്പിന് 3.30 മുതൽ 5.00 മണിവരെയുള്ള സമയമാണ് ആത്മീയശക്തിയും ദൈവീകഊർജ്ജവും, ഈ സമയം ധ്യാനിക്കുന്നവരിലേക്ക് എത്തിച്ചേരുമെന്നുള്ള വിശ്വാസം ഭാരതീയരുടെ ഇടയിൽ പ്രചാരമാണ്. നമ്മുടെ ബുദ്ധിശക്തി, ഘ്രാണശക്തി, വൈകാരിക ബാലൻസിംഗ് ഇവയൊക്കെ ആത്മീയസാധന ചെയ്യാനുള്ള ഉത്തമ സമയാണിത്. ഈ സമയത്ത് ഉണർന്ന് വെള്ളത്തിന്റെ ചെറിയ തണുപ്പിൽ ഔഷധമൂല്യമുള്ള വെള്ളത്തിൽ തലയിൽ എണ്ണ തേയ്ക്കാതെ വൈശാഖസ്നാന മന്ത്രം ജപിച്ച് കുളിച്ചാൽ ആരോഗ്യവും ഉന്മേഷവുമുണ്ടാകുമെന്നതും ഈ വൈശാഖമാസത്തിന്റെ പ്രത്യേകതയായി കരുതുന്നു. കുളികഴിഞ്ഞ് അഷ്ടാക്ഷരീമന്ത്രം, ഓം നമോ ഭഗവതേ വാസുദേവായ... ഇവയൊക്കെ ജപിച്ച് തുളസിക്ക് നീർകൊടുത്ത് ക്ഷേത്രദർശനവും കുടി കഴിയുമ്പോൾ പാപങ്ങളിൽ നിന്നും മുക്തരാകുമെന്നും ഗംഗയെപോലെ പുണ്യമായിമാറുമെന്നുമുള്ള ആത്മീയ വിശ്വാസം വൈശാഖമാസത്തിന്റെ പ്രത്യേകതയാണ്.

വിഷ്ണുലോകത്ത് അനന്തനെ മെത്തയാക്കി പാദത്തിങ്കൽ ലക്ഷ്മീദേവി വിരാജിക്കുന്ന രൂപത്തെ സ്വന്തം കാഴചയ്ക്കുള്ളിൽ ശക്തിവിശേഷമായി കാണുന്ന ദിനങ്ങൾ. വ്യതമനുഷ്ഠിച്ചും, ഭക്ഷണ കാര്യങ്ങളിൽ ക്രമീകരണം നടത്തിയും വിഷ്ണുസഹസ്രനാമം ജപിച്ചും ഭാഗവതം പാരായണം ചെയ്തും ദിവസങ്ങൾ കഴിച്ചുകൂട്ടുമ്പോൾ മാനസിക ശാരീരിക സൗഖ്യമുണ്ടാകും. കൂടാതെ തൊട്ടടുത്തുവരുന്ന കർക്കിടകമാസത്തിലെ മഴയും, വറുതിയും, നിരാശാബോധവും, സാമ്പത്തിക ഞെരുക്കവും നേരിടാനുള്ള ശക്തി ലഭിക്കുമെന്നുള്ളതും സത്യമാണ്.

ഈ മാസത്തിൽ സത്യം, ശുദ്ധി, ദാനം, തപസ്സ് ഇവയ്ക്ക് പ്രാധാന്യമുണ്ട്. സത്യം പറയുകയും പ്രവർത്തിക്കുകയും ശരീരവും മനസ്സും ശുദ്ധിയാക്കി (സ്നാനവും സത്സംഗവും) പുരാണ പാരായണം, ധാർമ്മിക മൂല്യങ്ങൾ, ദാനം ഇവ സഹജീവികൾക്ക് നൽകി വ്യതാനുഷ്ഠാനത്തിലൂടെ തപസ്സാക്കി മാറ്റിയ ജീവിതചര്യ. 'അതിഥി ദേവോ ഭവ' എന്നതാണ് ഈ മാസത്തിലെ പ്രധാനചിന്തയും പ്രവർത്തിയും. സ്കന്ദപുരാണത്തിലും പത്മപുരാണത്തിലും ഇതിന്റെ വിവരണങ്ങൾ കാണാം. സർവ്വ വിദ്യകളിൽ ശ്രേഷ്ഠം വേദം, മന്ത്രങ്ങളിൽ പ്രണവം, വൃക്ഷങ്ങളിൽ കല്പവൃക്ഷം, നദികളിൽ ഗംഗ, രത്നത്തിൽ കൗസ്തുഭം, ഇതുപോലെ മാസങ്ങളിൽ ശ്രേഷ്ഠം വൈശാഖം. ഈ മാസത്തിൽ ശിവപുത്രനായ സുബ്രഹ്മണ്യന് പ്രാധാന്യം തമിഴ്നാട്ടിൽ കൊടുക്കുന്നുമുണ്ട്.

വൈശാഖമാസത്തിലെ ശുക്ല പക്ഷത്തിലെ മൂന്നാമത്തെ തിഥിയാണ് അക്ഷയതൃതീയ. ഈ നാളിൽ ചെയ്യുന്ന സദ്കർമ്മങ്ങളുടെ ഫലം ശ്രേഷ്ഠമാണ്. പരശുരാമൻ, ബാലഭദ്രൻ എന്നിവരും അന്നപൂർണ്ണേശ്വരിയുടെ അവതാരമായ മഹാലക്ഷ്മിയുടെ അനുഗ്രഹം ലഭിക്കുന്നതുമായ ദിവസം. ഈ ദിവസത്തിലാണ് ഭഗീരഥമുനി ഗംഗയെ ഭുമിയെലേക്ക് കൊണ്ടുവന്നതെന്നും, വിഷ്ണുപൂജ നടത്തണമെന്നുമൊക്കെ ധാരാളം വിവരണങ്ങൾ വിഷ്ണുധർമ്മ സൂത്രത്തിലും മത്സ്യപുരാണത്തിലും നാരദിയ പുരാണത്തിലുമൊക്കെ പരാമർശിച്ചിട്ടുണ്ട്. ഇതുപോലെ തന്നെ വിഷ്ണുവിന്റെ അവതാരമായ നരസിംഹം മനുഷ്യ-സിംഹത്തിന്റെ രൂപത്തിൽ അവതരിച്ചതും ഈ വൈശാഖമാസത്തിലെ 14-ാം ദിവസമാണ് . ഇതിനിടയിലുള്ള പൗർണ്ണമി ബുദ്ധപൗർണ്ണമിയായും കണക്കാക്കുന്നു.

ഈ അവസരത്തിൽ ജനിക്കുന്നവർ അതീവ തീക്ഷ്ണശാലികളാണെന്നും പുരുഷന്മാർ കംപ്യൂട്ടർ, പൈലറ്റ്, ജേർണലിസ്റ്റ് ഇങ്ങനെ അതീവശ്രദ്ധ വേണ്ടുന്ന ജോലികളിലും സ്ത്രീകൾ ഫാഷൻ ഡിസൈനിംഗിൽ താല്പര്യമുള്ളവരുമായിരിക്കുമെന്നും ചിലർ അഭിപ്രായപ്പെടുന്നു.

ഇത്തരം വിശ്വാസങ്ങളും അവ ആചരിക്കപ്പെടുമ്പോഴുണ്ടാകുന്ന ആദ്ധ്യാത്മിക സാ

(ശേഷം 63-ാം പേജിൽ)

# അവിസ്മരണീയമായ ചില അനുഭവങ്ങൾ

ഡോ. പ്രസന്ന കുമാർ - 9847083626

ഞാൻ തൃശ്ശിവപേരൂർ ജില്ലാ ആശുപത്രിയിൽ R.M.O ആയി ജോലി നോക്കുന്ന കാലം (ഏതാണ്ട് 1968-69 കാലം) ഒരു ദിവസം ഉച്ചസമയം എനിക്ക് ഒരു ഫോൺകോൾ വന്നു. കോൾ വന്നത് 'രാമനിലയ'ത്തിൽ നിന്നും. മറുവശത്ത് മന്ത്രി ശ്രീ. C.H മുഹമ്മദ്കോയ സാഹിബ് ആയിരുന്നു.

അദ്ദേഹം വളരെ പ്രയാസപ്പെട്ടായിരുന്നു സംസാരിച്ചിരുന്നത്. കഴിയുമെങ്കിൽ അവിടെ വരേയ്ക്കും ഒന്ന് ചെല്ലണമെന്ന് താല്പര്യപ്പെട്ടു, കാരണം അദ്ദേഹത്തിന് പ്രമേഹരോഗവും, അർശ്ശസ്സിന്റെ വിഷമതകളുമുണ്ടായിരുന്നു. അദ്ദേഹം തൃശ്ശൂരിൽ വന്നത് പിറ്റേ ദിവസം രാവിലെ മുതൽ മൂന്ന് ദിവസം മുസ്ലിംലീഗിന്റെ സംസ്ഥാന സമ്മേളനത്തിന് അധ്യക്ഷ പദവിയിലിരിക്കാനായിരുന്നു. പെട്ടന്ന് 'Prolapse Rectum' ഉണ്ടായതിന്റെ അസ്വസ്ഥതയും, സഹിക്കവയ്യാത്ത വേദനയും കാരണം ഉദ്ദേശിച്ചതുപോലെ യോഗത്തിൽ പങ്കെടുക്കുവാൻ കുടി പറ്റുമോ എന്ന ആശങ്കയിലായിരുന്നു അദ്ദേഹം. ഈ വിവരം D.M.O യോ, District Hospital സൂപ്രണ്ടോ അറിയരുതെന്ന് അദ്ദേഹം സൂചിപ്പിച്ചു കൊണ്ടാണ് എന്നെ അവിടേയ്ക്ക് വിളിച്ചത്.

ഞാൻ 'രാമനിലയത്തിൽ' എത്തിയപ്പോൾ കണ്ടത് ദാരുണമായ അവസ്ഥ ആയിരുന്നു. 'Pile Mass' മുഴുവനും പുറത്തേക്കു ചാടി കിടക്കുന്ന കാഴ്ച ആയിരുന്നു അസഹ്യമായ വേദന അനുഭവിക്കുന്ന മുഖം കണ്ടു എനിക്ക് വിഷമം തോന്നി .

D.M.O അറിഞ്ഞാൽ VIP Patients നെ പ്രോട്ടോകോൾ പ്രകാരം District ഹോസ്പിറ്റലിലോ, മെഡിക്കൽ കോളേജിലോ അഡ്മിറ്റ് ചെയ്യുമെന്നായിരുന്നു അദ്ദേഹത്തിന്റെ ഭയം.

ഞാൻ ഏതായാലും അദ്ദേഹത്തിന്റെ അപേക്ഷ പ്രകാരം, Higher Authorities നെ അറിയിക്കാതെ തന്നെ താൽക്കാലികമായി ഒരു മെഡിക്കൽ ടീമിനെ തന്നെ തയാറാക്കി . ഒരു നഴ്സിങ് അസിസ്റ്റന്റ്, ലാബ് ടെക്നീഷ്യൻ എന്നിവരെ എന്റെ ശ്രമത്തിൽ അവിടെ സജ്ജീകരിച്ചു. അടിയന്തിരമായി സെഡേഷൻ കൊടുത്ത് Pile Mass മുഴുവനും Manual ആയി റെഡ്യൂസ് ചെയ്തു. രക്തത്തിൽ പഞ്ചസാരയുടെ അളവ് വളരെ കുടുതലായിരുന്നതിനാൽ മോനിട്ടർ ചെയ്തു കൊണ്ട് ഇൻസുലിൻ ചികിത്സയും ആരംഭിച്ചു. ഏതാണ്ട് രാത്രി 9.00 മണിയോടുകൂടി അദ്ദേഹത്തിന് നല്ല ആശ്വാസം അനുഭവപ്പെട്ടു. എടുത്തുപറയേണ്ട കാര്യം പിറ്റേ ദിവസം വിചാരിച്ചതുപോലെ തന്നെ മീറ്റിങ്ങിൽ അദ്ദേഹത്തിന് പങ്കെടുക്കുവാൻ സാധിച്ചു എന്നുള്ളതാണ്.

മൂന്ന് ദിവസം ഒരു Male നേഴ്സിന്റെയും ലാബടെക്നീഷ്യന്റെയും സേവനം ചെയ്തു കൊടുക്കുവാൻ സാധിച്ചതിൽ, അദ്ദേഹത്തിന് അതിയായ സന്തോഷവും, എനിക്ക് കൃതാർത്ഥതയും ഉണ്ടായി എന്ന് പ്രേത്യകം പറയേണ്ടതില്ലല്ലോ? നാലാം ദിവസം അതിരാവിലെ എന്റെ ക്വാർട്ടേഴ്സിൽ വന്ന് പ്രേത്യകം നന്ദി പറഞ്ഞാണ് അദ്ദേഹം മടങ്ങി പോയത്.

പിന്നീട് എം.പി ആയിരുന്നപ്പോൾ 1974-ൽ അതേ ആശുപത്രിയിൽ ഒരു VIP രോഗിയേ കാണുവാൻ വന്നപ്പോഴും എനിക്ക് ശ്രീ. C.H മുഹമ്മദ് കോയയെ കാണുവാൻ സാധിച്ചു. അന്നും സ്നേഹമായും ഉഷ്മളമായും അദ്ദേഹം സംസാരിച്ചതോർക്കുന്നു.

അതിനുശേഷം 1975 നവംബർ 17 ന് ഒരു ഡെപ്യൂറ്റേഷനിൽ ലിബിയയ്ക്കു പുറപ്പെടുന്നതിന്റെ മുന്നോടിയായി ന്യൂഡൽഹിയിൽ ചില നടപടി

ക്രമങ്ങൾ കഴിഞ്ഞ് ഒരു ഹോട്ടലിൽ (Monoranjan Hotel) എന്റെ കൂടെ യാത്രചെയ്യുന്ന മാളയിൽ നിന്നുള്ള ഒരു ഡോക്ടറിന്റെ കൂടെ (Dr. Joseph Stanly) ഉച്ചഭക്ഷണത്തിനു പോയതാണ്. ആ സമയം അവിടെ നിന്നും ഭക്ഷണം കഴിച്ച് ഇറങ്ങുകയായിരുന്ന ശ്രീ. C.H നെ അവിചാരിതമായി കണ്ടുമുട്ടി. അദ്ദേഹം ഞങ്ങളെയും കൊണ്ട് ഹോട്ടലിൽ തിരികെ കയറി ഞങ്ങൾക്കും ഭക്ഷണം വാങ്ങി തരുവാനുള്ള മഹാമനസ്കത കാണിച്ചു. കൂടാതെ ലിബിയയിൽ ജോലി ചെയ്യുന്ന മരുമകനായ ഡോ. അഹമ്മദ് ഷെറിഫിന്റെ മേൽവിലാസവും തന്നു. പക്ഷെ ഞങ്ങൾക്ക് അദ്ദേഹത്തെ വിളിക്കേണ്ടിവന്നില്ല കുറേനാൾ കഴിഞ്ഞു 'ട്രിപ്പോളിയിൽ' ഒരു കുടുംബ സംഗമത്തിൽ വെച്ച് ഡോ. ഷെറിഫിനെ കാണുവാൻ സാധിച്ചു. അദ്ദേഹം ജോലി ചെയ്തിരുന്നത് തലസ്ഥാനത്തുനിന്ന് വളരെ ദൂരെയുള്ള ഒരു ഹെൽത്ത് സെന്ററിയിൽ ആയിരുന്നു. സൊക്ന (Sokna) എന്നായിരുന്നു ആ സ്ഥലത്തിന്റെ പേര്.

ഞാൻ Tripoli Central Hospital - ൽ റേഡിയോളജിസ്റ്റായി ജോലി ചെയ്തിരുന്ന കാലം 1980 സെപ്റ്റംബർ മാസം. ലിബിയയുടെ സ്വാതന്ത്ര്യദിനം 1 st സെപ്റ്റംബറിൽ ആണ്. വളരെ ആഘോഷമായി നടത്തുന്ന പരിപാടികളിൽ വിദേശ രാഷ്ട്രങ്ങളിൽ നിന്നും വിശിഷ്ടാതിഥികളെ ക്ഷണിക്കാറുണ്ട്. അന്ന് ഇന്ത്യയിൽ നിന്നും എം.പി ആയിരുന്ന ശ്രീ C.H നെയാണ് ക്ഷണിച്ചിരുന്നത്. അദ്ദേഹം State Gust ആയി ഏതാണ്ട് 5 ദിവസത്തോളം അവിടെ ഉണ്ടായിരുന്നു. അന്ന് ലിബിയയിലെ ഇന്ത്യൻ അംബാസിഡർ, മലയാളിയായ ഒരു മുരളീധരമേനോൻ ആയിരുന്നു. എങ്ങനെയോ എംബസ്സിയിൽ നിന്നും വളരെ വിഷമിച്ച് എന്റെ താമസസ്ഥലം മനസ്സിലാക്കി ഒരു ദിവസം വൈകുന്നേരം എന്റെ വീട്ടിലെത്തി. എന്റെ കൂടെ രാത്രി ഭക്ഷണവും കഴിച്ചാണ് അദ്ദേഹം മടങ്ങിയത്.

അതീവ സൂക്ഷ്മ സുരക്ഷിത നടപടിക്രമം ഉള്ള നാടാണ് അന്ന് ലിബിയ. അവിടെ അത്രയും വലിയ ഒരു VIP State Gust ന് പുറത്തുയാത്ര ചെയ്യാനും മറ്റും എങ്ങനെ സാധിച്ചു എന്ന്, എന്റെ അവിടെയുള്ള സുഹൃത്തുക്കൾക്ക് പോലും അത്ഭുതമായിരുന്നു.

ഞാൻ 1981 ഫെബ്രുവരിയിൽ ലിബിയയിലെ ജോലി അവസാനിപ്പിച്ച് നാട്ടിൽ എത്തി. നാട്ടിൽ വരുമ്പോൾ കാണണമെന്നും , ഔദ്യോഗികമായി എന്ത് ആവശ്യമുണ്ടെങ്കിലും അറിയിക്കണമെന്നും അന്ന് വീട്ടിൽ നിന്നും പോകുമ്പോൾ പറഞ്ഞിരുന്നെങ്കിലും കാണുവാനും മറ്റും സാധിച്ചില്ല.

നാട്ടിൽ വന്നു കുറച്ചു നാളുകൾക്കു ശേഷം അദ്ദേഹത്തിന്റെ മരണവാർത്ത അറിയിച്ചുകൊണ്ടുള്ള വാഹനം കടന്നുപോയപ്പോൾ, എനിക്ക് തീവ്രമായ ദുഃഖം തോന്നി. അസാധാരണമായ മനുഷ്യസ്നേഹവും, അതിനൊത്ത വിനയവും കൊണ്ട് അനുഗ്രഹീതനായ ഒരു ശ്രേഷ്ഠ വ്യക്തിയായിരുന്നു ശ്രീ. C.H മുഹമ്മദ് കോയ.

അങ്ങനെ ഔദ്യോഗിക കാലഘട്ടത്തിൽ നാട്ടിലും വിദേശത്തുമായി പല തുറകളിലുള്ളവരുമായി സഹകരിക്കുവാൻ സാധിച്ചത്, ഒരു വലിയ അനുഗ്രഹമായാണ് ഞാൻ കാണുന്നത്. ■

(61-ാം പേജിന്റെ തുടർച്ച...)

ക്ഷാത്കാരവും വളരെ വലുതാണ്. എല്ലാ ജീവജാലങ്ങളിലും ആത്മാവായി ഭഗവാനേയും, ഭഗവാനിൽ എല്ലാ ജീവികളേയും ദർശിക്കാൻ കഴിയുന്ന അമൂല്യനിമിഷം നാരായണോപനിഷത്തിൽ പറയുന്നതുപോലെ നാരായണൻ മനുഷ്യന്റേയും വിശ്വത്തിന്റേയും അകത്തും പുറത്തും വ്യാപിച്ചു നിൽക്കുന്നു. ചുരുക്കത്തിൽ ഭാരതീയ സംസ്കാരങ്ങളിലൂടെയും വിശ്വാസ പ്രമാണങ്ങളിലൂടെയും വളർന്ന് ഓരോ ഭാരതീയപൗരനും കലോപനിഷത്തിൽ വിവരിക്കുന്നതുപോലെ നിർമ്മലമായ ശുദ്ധജലത്തിൽ കുറേക്കൂടി ശുദ്ധജലം ഒഴിച്ചാൽ രണ്ടും ചേർന്ന് ഒന്നായി തീരുന്നതുപോലെ ജീവ-ബ്രഹ്മൈക്യം സാക്ഷാത്കരിച്ച ജ്ഞാനിയായി മാറാൻ നാരായണൻ സഹായിക്കട്ടെ. ■

# കേരളത്തിന്റെ ശാക്തേയ പാരമ്പര്യം-14

എം.ആർ.എസ് മേനോൻ – 9037126220

(തുടർച്ച.....)

കേരളത്തിന്റെ ശാക്തേയ പാരമ്പര്യത്തെയും കേരളത്തിലെ പ്രാചീനങ്ങളായ 13 ശാക്തേയ കാവുകളെപ്പറ്റിയും നാം കണ്ട് കഴിഞ്ഞു തുടർന്ന് കേരളത്തിന്റെ വടക്കേ അറ്റം മുതൽ ചില പ്രധാന ശാക്തേയ കാവുകളെപ്പറ്റിയുള്ള പഠനം കഴിഞ്ഞ ലക്കം മുതൽ തുടരുന്നു. കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ശാക്തേയ കാവുകൾ ഉള്ളതിനാൽ ഒരു സമ്പൂർണ്ണ പഠനം പ്രായോഗികമല്ല. പ്രധാനപ്പെട്ട ശാക്തേയ ആരാധനാകേന്ദ്രങ്ങളോടൊപ്പം ഇരിങ്ങോൾക്കാവ്, കല്ലിൽ ക്ഷേത്രം തുടങ്ങി സവിശേഷതയുള്ള ചില ക്ഷേത്രങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### നെന്മാറ നെല്ലിക്കുളങ്ങര ഭഗവതി

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി മലനിരകൾക്ക് താഴേയാണ് നെന്മാറ നെല്ലിക്കുളങ്ങര ഭഗവതി ക്ഷേത്രം. ഇന്ന് നെന്മാറ വല്ലങ്കിവേല എന്നറിയപ്പെടുന്ന ഇവിടുത്തെ പൂരം ആനകൾ, മേളം , പഞ്ചവാദ്യം, വെടിക്കെട്ട് , അലങ്കാരപ്പന്തലുകളുടെ വൈവിദ്ധ്യം എന്നിവ കൊണ്ട് പ്രസിദ്ധമാണ്.

ആറടി പൊക്കമുള്ള ഭദ്രകാളിയുടെ ദാരു വിഗ്രഹമാണ് ഇവിടുത്തെ പ്രതിഷ്ഠ. നാടുവാഴിയായ കൊടകര നായർ നെല്ലിക്കുളത്ത് മലയിലുണ്ടായിരുന്ന ഭദ്രകാളിയെ ആവാഹിച്ച് കൊണ്ട് വന്നു എന്നാണ് വിശ്വാസം. പറമ്പിക്കുളത്തെപ്പറ്റി പ്രാചീന തമിഴ് രേഖകളിൽ വർണ്ണിക്കുന്നുണ്ട്. സംഘകാലത്ത് പാരിയായിരുന്നു പറമ്പിക്കുളത്തെ മുഖ്യൻ. പാരിയുടെ ഭരണാധികാരം 300 ഊരുകളിലായി വ്യാപിച്ച് കിടന്നു. ചേര, ചോള, പാണ്ഡ്യരാജാക്കന്മാർ ചേർന്ന് പാരിയെ വധിച്ചു. പാരി നെല്ലിക്കുളങ്ങര മലയിൽ പൂജിച്ച് വന്ന ദേവിയെയാണ് നെന്മാറയിൽ കൊണ്ട് വന്ന് പ്രതിഷ്ഠിച്ചത് എന്നാണ് ചില ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്.

നെല്ലിക്കുളങ്ങര ഭഗവതിയുടെ ജന്മദിനമായ മീനം 20 നാണ് പ്രധാന ഉത്സവം. നെന്മാറ വല്ലങ്കി ദേശങ്ങൾക്ക് സ്വന്തമായി കാവുകൾ ഉണ്ടെങ്കിലും രണ്ട് കരക്കാരും നെല്ലിക്കുളങ്ങര ഭഗവതിക്ഷേത്രത്തിലേക്ക് എഴുന്നള്ളുന്നതാണ് നെന്മാറ വല്ലങ്കിവേല

### കല്ലേക്കുളങ്ങര ഭഗവതി

കൈപ്പത്തി പ്രധാന പ്രതിഷ്ഠയായുള്ള ഈ ക്ഷേത്രം പാലക്കാട് നഗരത്തിന് സമീപമാണ്. കേരളത്തിന്റെ രക്ഷക്കായി പരശുരാമൻ പ്രതിഷ്ഠിച്ച നാലു അംബികാലയങ്ങളിലൊന്നാണ് ഇത്. കൊല്ലൂർ മുകാംബിക, ലോകനാർകാവ് ലോകാംബിക, കന്യാകുമാരി ബാലാംബിക എന്നിവയാണ് മറ്റ് മൂന്നെണ്ണം. ഏമൂർ ഹേമാംബിക എന്ന പേരിലും ഈ ക്ഷേത്രം അറിയപ്പെടുന്നു. പാലക്കാട് രാജാവിന്റെ പരദേവതയാണ് ഹേമാംബിക. കേരളത്തിൽ ഏറ്റവുമധികം ഭൂസ്വത്തുള്ള ക്ഷേത്രങ്ങളിൽ ഒന്നായിരുന്നു കല്ലേകുളങ്ങര ക്ഷേത്രം. രാവിലെ സരസ്വതിയായും ഉച്ചക്ക്, മഹാലക്ഷമിയായും, വൈകിട്ട് മഹാകാളിയുമായാണ് ഹേമാംബികയെ ആരാധിക്കപ്പെടുന്നത്. കാലത്ത് മലരും തൃമധുരവും, ഉച്ചക്ക് ഇടിച്ച് പിഴിഞ്ഞ് പായസവും പാൽപ്പായസവും, വൈകിട്ട് നെയ്യപ്പവും നെയ് പായസവുമാണ് നിവേദ്യം.

നെല്ലിയാമ്പതി മലയുടെ കൊടുമുടിയായ കരിമലയുടെ മുകളിലായിരുന്നു ഈ ക്ഷേത്രത്തിന്റെ മൂലസ്ഥാനം. ഇവിടെ ചെന്ന് ദേവിയെ പൂജിച്ചിരുന്ന കുറൂർ നമ്പൂതിരിപ്പാട് തനിക്ക് വാർദ്ധക്യകാലത്ത് അവിടെ ചെന്ന് പൂജ നട

ത്താൻ കഴിയാതിരുന്നപ്പോൾ മലമ്പുഴക്ക് സമീപം മുതിരാംകുന്നിൽ ദേവിയെ പ്രതിഷ്ഠിച്ചു. തീരെ നടക്കാൻ വയ്യാതായപ്പോൾ ദേവിയെ പ്രാർത്ഥിച്ചപ്പോൾ ഇല്ലത്തെ കുളത്തിൽ കുളിക്കുമ്പോൾ രണ്ട് കൈകൾ പൊക്കിക്കാണിച്ച് ദേവി ദർശനം നൽകി. നമ്പൂതിരിപ്പാട് ആ കൈകളിൽ കടന്ന് പിടിച്ചപ്പോൾ രണ്ട് കൈകളും കല്ലായി മാറിയെന്ന് ഐതിഹ്യം. അനുഗ്രഹിക്കുന്ന രൂപത്തിലുള്ള രണ്ട് കൈപ്പത്തികളാണ് ഇവിടുത്തെ പ്രതിഷ്ഠ. ഇന്ദിരാഗാന്ധി തന്റെ പാർട്ടിയുടെ ചിഹ്നം കൈപ്പത്തിയായി തിരഞ്ഞെടുത്തപ്പോൾ ഈ ക്ഷേത്രം സന്ദർശിച്ചതോടെ ഈ ക്ഷേത്രം പ്രസിദ്ധമായി

**ചിനക്കത്തൂർ കാവ്**

പാലക്കാട് ജില്ലയിലെ ചിനക്കത്തൂർ കാവിലെ പൂരം വള്ളുവനാട് മാമാങ്കം എന്നറിയപ്പെടുന്നു. ചിനക്കത്തൂരിൽ രണ്ട് ക്ഷേത്രം ഉണ്ട് മേലേക്കാവും, താഴേക്കോവും. ഇവിടെ താഴേക്കാവിൽ അകത്തും പുറത്തും രണ്ട് കൊടിമരവും മേലേക്കാവിൽ ഒന്നും ഉൾപ്പെടെ മൂന്ന് കൊടിമരങ്ങളാണ്. ഏഴു ദേശങ്ങളുടെ ദേവതയാണ് മേലേക്കാവിൽ അമ്മ. ഇവിടുത്തെ പൂരമാണ് പ്രസിദ്ധമായ ചിനക്കത്തൂർ പൂരം. രസകരമാണ് ഇവിടുത്തെ ആചാരങ്ങൾ. പതിനേഴ് ദിവസത്തെ പാവക്കൂത്ത് കഴിഞ്ഞാണ് കൊടിയേറ്റ്, അന്ന് മുതൽ 'അയ്യയ്യോ അയ്യോ എന്നെക്കൊല്ലുന്നേ ഓടിവായേ' എന്ന് കൂട്ട നിലവിളികൾ കൊണ്ട് അന്തരീക്ഷം മുഖരിതമാകും രാമരാവണയുദ്ധം കഴിഞ്ഞ് പിതൃകർമ്മം ചെയ്യാൻ ശ്രീരാമലക്ഷമണന്മാർ തിരുവില്വാമലയിലെത്തി. ഇരിക്കാൻ പറ്റിയ സ്ഥലം അന്വേഷിച്ച് കണ്ട് പിടിക്കാൻ അയ്യപ്പനോടും ഭഗവതിയോടും ആവശ്യപ്പെട്ടു. ഇപ്പോഴത്തെ തിരുവില്വാമല ക്ഷേത്രം ഇരിക്കുന്ന സ്ഥലത്ത് എത്തിയപ്പോൾ ഇരുവരും അവിടെ ഇരുന്നു. അവരെ കാണാതായപ്പോൾ രാമലക്ഷ്മണന്മാർ അവരെ അന്വേഷിച്ച് തിരുവില്വാമലയിലെത്തി അയ്യപ്പനെ കണ്ട് ലക്ഷ്മ്ണൻ ചവിട്ടി. അയ്യപ്പൻ കുണ്ടിൽ മറിഞ്ഞ് വീണതാണ് തിരുവില്വാമല കുണ്ടിലയ്യപ്പൻ. അയ്യോ എന്നെ കൊല്ലുന്നേ എന്ന് വിളിച്ച് കൊണ്ട് ഭഗവതി ഓടി. ഇതാണ് ചിനക്കത്തൂർ ഭഗവതിയുടെ പിന്നിലുള്ള കഥ. ഈ സംഭവത്തിന്റെ ഓർമ്മ പുതുക്കാനാണ് ഈ നിലവിളി എന്നാണ് ഐതിഹ്യം. ഒട്ടും യുക്തിക്ക് ചേരാത്തതാണ് ഈ വിശ്വാസം. കൊടിയേറ്റ് കഴിഞ്ഞ് ഏഴാം ദിവസമാണ് പ്രസിദ്ധമായ ചിനക്കത്തൂർ പൂരം, നാൽപ്പത് ആനകളും, പതിനാറ് കുതിരകളും, മുതലിയാർ ചെട്ട്യാന്മാരുടെ തേരും, തീയ്യരുടെ തട്ടിന്മേൽ കുത്തും, മണ്ണാന്മാരുടെ പൂതനും തിറയും, പാണരുടെ വെള്ളാട്ടും, പറയരുടെ കുതിരയും, ചെറുമരുടെ കാളകളിയും, ഗംഭീരങ്ങളായ മേളങ്ങളും കരിമരുന്നു പ്രയോഗവും ചേർന്ന് കേരളത്തിൽ മറ്റെങ്ങും കാണാനൊക്കാത്ത മനോഹരദൃശ്യമാണ് ചിനക്കത്തൂർ പൂരം. പൂരം കഴിഞ്ഞ് മകം നാളിൽ താഴേക്കാവിൽ ആറാട്ട്. ആറാട്ട് കഴിഞ്ഞാൽ താഴേക്കാവിൽ നടയടക്കും. വൈവിദ്ധ്യമാർന്ന നിരവധി കലാരൂപങ്ങൾ കൊണ്ട് സമ്പന്നമായ കേരളിലെ ഏറ്റവും മനോഹരമായ ഒരു ഉത്സവമാണ് ചിനക്കത്തൂർ പൂരം.

**ഊരകത്തമ്മ തിരുവടി**

തൃശ്ശൂർ ജില്ലയിലെ പ്രസിദ്ധമായ ഒരു ദേവീക്ഷേത്രമാണ് ഊരകം. ഊരകത്തെ അമ്മയെ അമ്മതിരുവടി എന്നാണ് പറഞ്ഞു വരുന്നത്. പെരുവനം ഗ്രാമത്തിലെ നമ്പൂതിരിമാർ ഏർപ്പെടുത്തിയതനുസരിച്ച് പൂമുള്ളി നമ്പൂതിരി (തിരുവലയന്നൂർ ഭട്ടതിരി എന്നും അദ്ദേഹം അറിയപ്പെടുന്നു) കാഞ്ചി കാമാക്ഷി ക്ഷേത്രത്തിൽ പ്രാർത്ഥിക്കാൻ പോയപ്പോൾ നമ്പൂതിരിയുടെ ഓലകുടയിൽ കയറി കാമാക്ഷി ദേവി കേരളത്തിൽ എത്തിയെന്നാണ് വിശ്വാസം അവിടെ അദ്ദേഹം ക്ഷേത്രം പണിയുകയും തന്റെ സ്വത്തുക്കൾ ക്ഷേത്രത്തിൽ സമർപ്പിക്കുകയും ചെയ്തു. രണ്ട് ഗോപുരങ്ങളിൽ പടിഞ്ഞാറെ ഗോപുരമാണ് വലിപ്പമുള്ളത്. മഹാകാളി മഹാലക്ഷ്മി മഹാസരസ്വതി എന്നീ മൂന്ന് ഭാവങ്ങളിലാണ് ഇവിടെ ദേവിയെ പൂജിക്കുന്നത്. കിഴക്കെ ഗോപുരത്തിൽ കൊടുങ്ങല്ലൂർ ഭഗവതി അധിവസിക്കു

ന്നു എന്നും ഒരു വിശ്വാസം ഉണ്ട്. തിരുവലയന്നൂർ ഭട്ടതിരിയുടെ ഇല്ലത്തിന്റെ പടിഞ്ഞാറ്റിനിയാണ് ഇവിടുത്തെ ശ്രീകോവിൽ എന്നാണ് വിശ്വാസം സ്വപ്ന ദർശനമനുസരിച്ച് തന്റെ സർവ്വസ്വവും ദേവിക്ക് നൽകിയ ഭട്ടതിരിയെ ധനാഢ്യരായ പൂമുള്ളി മനക്കാർ ദത്തെടുക്കുകയാണുണ്ടായത്. ഊരിലെ അമ്മ ഊരകത്തമ്മയായി എന്നാണ് കരുതുന്നത്. സുഗന്ധ പുഷ്പങ്ങൾ പൂജക്ക് ഉപയോഗിക്കാറില്ല. ഓലക്കുടയിൽ കയറി വന്നതിനാൽ എഴുന്നള്ളിപ്പിന് ഓലക്കുടയാണ് ഉപയോഗിക്കുന്നത്. ഇപ്പോൾ ഓലക്കുട പട്ടുകുട കൊണ്ട് മൂടും. ഈ ക്ഷേത്രത്തിന് ഏഴ് ആനകൾക്കുള്ള സ്വർണ്ണത്തലേക്കെട്ട് സ്വന്തമായി ഉണ്ടായിരുന്നു. ഇതിൽ ആറെണ്ണം റയിൽവേ ലൈൻ പണിയാനായി വിറ്റുവത്രേ? ഇന്നും ഒരാനയുടെ സ്വർണ്ണ തലേക്കെട്ടും കോലവും ക്ഷേത്രത്തിന്റെ തന്നെയാണ്.

'ഒരുവരുണ്ടേ ഭഗവതിമാർ
ഒരുവരിലുമഴകിയതോ
അഴകിയതോ ഞാനറിവേൻ
ഊരകത്തെ ഭഗവതി പോൽ'

എന്നാണ് ഉള്ളൂർ കേരള സാഹിത്യചരിത്രത്തിൽ എഴുതിയിരിക്കുന്നത്.

പ്രസിദ്ധങ്ങളായ ആറാട്ട് പുഴ പെരുവനം പൂരങ്ങളിൽ അമ്മ തിരുവടിക്ക് പ്രധാന പങ്കാണ് ഉള്ളത്. ആറാട്ട്പുഴ ക്ഷേത്രത്തിൽ പങ്കെടുക്കുന്ന ഇരുപത്തിമൂന്ന് ക്ഷേത്രങ്ങളോടൊപ്പമാണ് ഇവിടെ കൊടികയറുന്നത് പൂരക്കാലത്തെ ആറാം ദിവസത്തെ ഊരകത്തെ മകയിരം പുറപ്പാടിന്റെ പാണ്ടിമേളം പ്രസിദ്ധമാണ്. പെരുവനം പൂരത്തിന് ചാത്തക്കുടം ശാസ്താവിനോടൊപ്പം കിഴക്കെ നടവഴിയിലെ ഊരകത്ത് അമ്മയുടെ മേളം പ്രസിദ്ധമാണ്. ആറാട്ട് പുഴ പൂരത്തിന് തൃപ്രയാർതേവർ പതിനൊന്ന് ആനകളോടെയുള്ള പഞ്ചവാദ്യത്തോടും തുടർന്ന് 21 ആനകളുടെ അകമ്പടിയോടെ പാണ്ടിമേളവുമായി ആറാട്ട്പുഴ പാടത്ത് എത്തുമ്പോൾ ഇടത് വശത്ത് ചാത്തക്കുടം ശാസ്താവിനോടൊപ്പം ഊരകത്തമ്മ തിരുവടിയും വലത് വശത്ത് ചേർപ്പ് ഭഗവതിയും എഴുപതോളം ആനകളുമായി കൂട്ടിയെഴുന്നള്ളിക്കുന്നന്നതാണ് കേരളത്തിലെ ഏറ്റവും മനോഹരമായ ദൃശ്യങ്ങളിൽ ഒന്നായ ഭൂമിയിലെ ദേവസംഗമം എന്നറിയപ്പെടുന്നത്. മഹാവിഷ്ണു ലക്ഷ്മീ ദേവിയോടും (ഊരകത്തമ്മ) ഭൂമി ദേവിയോടും (ചേർപ്പ് ഭഗവതി) ഒന്നിച്ച് എഴുന്നള്ളിച്ച് നിൽക്കുന്നുവെന്നാണ് വിശ്വാസം. അത്തത്തിന് കൊടിമരം കുത്തുന്നതോടെ പൂരം അവസാനിക്കുന്നു.

**ഇരിങ്ങോൾക്കാവ് കാടിനുള്ളിലെ ക്ഷേത്രം**

പെരുമ്പാവൂർ പട്ടണത്തിനകത്താണ് വനമധ്യത്തിലെ ഇരിങ്ങോൾക്കാവ് ഭഗവതി ക്ഷേത്രം. കേരളത്തിലെ മറ്റ് പല ക്ഷേത്രങ്ങളുടെ ഐതിഹ്യവുമായി സാമ്യമുള്ള പുലയസ്ത്രി അരിവാൾ മൂർച്ച വച്ചപ്പോൾ രക്തം കണ്ട കഥയാണ് ഇരിങ്ങോൾ കാവിലേതും. തന്റെ മറക്കുടയിൽ കരുതിയിരുന്ന ശർക്കര ചിരട്ടയിൽ സമർപ്പിച്ചതാണ് ആദ്യ നിവേദ്യം. കേരളത്തിലെ പഴയകാല ക്ഷേത്രങ്ങൾക്ക് അടിസ്ഥാന വർഗ്ഗവുമായുള്ള ബന്ധത്തെയാണ് ഇത് കാണിക്കുന്നത്.

നിഷ്കളങ്കമായ ബാലികാഭാവത്തിലുള്ള വനദുർഗ്ഗയാണ് ഇവിടുത്തെ പ്രതിഷ്ഠ. ക്ഷേത്രമതിൽക്കകത്ത് കിണർ പാടില്ല എന്നത് ദേവിയുടെ ബാല്യഭാവത്തിന് തെളിവാണ്. പരശുരാമൻ പ്രതിഷ്ഠിച്ച 108 ദുർഗ്ഗാലയങ്ങളിലൊന്നാണ് ഇത്. 32 നമ്പൂതിരി കുടുംബക്കാർക്ക് അവകാശമുണ്ടായിരുന്ന ഈ ക്ഷേത്രത്തിന്റെ അവസാനത്തെ അവകാശി നാഗഞ്ചേരി മനയായിരുന്നു. അടുത്ത കാലത്ത് അന്തരിച്ച നാഗഞ്ചേരി വാസുദേവൻ നമ്പൂതിരിപ്പാടിന്റെ കാലത്ത് മനക്ക് പതിനയ്യായിരം ഹെക്ടർ കൃഷിഭൂമിയുണ്ടായിരുന്നു. ഈ സ്വത്തുക്കൾ തിരുവിതാം കൂറിലും കൊച്ചിയിലുമായി വ്യാപിച്ച് കിടന്നു. എഴുനൂറ് വർഷങ്ങൾക്ക് മുമ്പ് പണി കഴിപ്പിച്ച നാഗഞ്ചേരി മന കാവിന് സമീപത്തായി രണ്ടര ഏക്കറിലായി നിലകൊള്ളുന്നു. പന്ത്രണ്ട് കെട്ട്, രണ്ട് എട്ട് കെട്ടുകൾ, മൂന്ന് നാലു കെട്ടുകൾ എന്നിവ ചേർന്നതായിരുന്നു ഈ മന. വിവിധ വിഷയങ്ങളിൽ നിരവധി പണ്ഡിതന്മാർക്ക് ജന്മം നൽകിയ

തായിരുന്നു ഈ മന. ഭൂപരിഷ്കരണത്തോടെ എല്ലാ സ്വത്തുക്കളും നഷ്ടപെട്ടു. പാട്ടം വരവ് നിലച്ചു. മനയുടെ കീഴിലെ പതിനാലു ക്ഷേത്രങ്ങളിലെ പൂജകൾ മുടങ്ങി. അവശേഷിച്ച 200 കി.ഗ്രാം തിരുവാഭരണങ്ങളും കാർത്യായനി എന്ന പിടിയാനയും തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകി. 1980 ൽ അവസാനത്തെ ഒരു നാലു കെട്ട് മാത്രമായി അവശേഷിച്ച നാഗഞ്ചേരി മനയും ചെറിയ വിലക്ക് പെരുമ്പാവൂർ നഗരസഭക്ക് വിറ്റു. എട്ട് സെന്റ് സ്ഥലവും ഒരു വീടും മാത്രമായി അവശേഷിച്ചു. ചികിത്സക്കായി അതിന്റെ ഒരു ഭാഗവും വിറ്റു. ഇതാണ് ഈ ക്ഷേത്രത്തിന്റെ ഉടമസ്ഥരുടെ അവസ്ഥ.

നൂറ്റി ഇരുപതോളം വൈവിദ്ധ്യമാർന്ന വൃക്ഷങ്ങളും അടിക്കാടുകളും അറുപതിൽപ്പരം ഇനം പക്ഷികളും നിരവധി കുരങ്ങന്മാരും ഈ ക്ഷേത്രത്തിൽ ഉണ്ട്. ഉപദേവതകളില്ലാത്തതിനാൽ വൃക്ഷങ്ങളാണ് ഉപദേവതകൾ എന്നാണ് സങ്കൽപ്പം. വൃക്ഷങ്ങൾ കടപുഴകി വീണാലും ഇവിടെ കിടന്ന് ജീർണ്ണിക്കുകയല്ലാതെ ആരും അവ ഉപയോഗിക്കാറില്ല, മറ്റ് ക്ഷേത്രങ്ങളിൽ നിന്ന് വ്യത്യസ്ഥമായി നിരവധി ആചാരങ്ങൾ ഈ ക്ഷേത്രത്തിന് ഉണ്ട്. വിവാഹം, കെട്ട്, നിറ തുടങ്ങിയവ ഇവിടെ അനുവദനീയമല്ല. സ്ത്രീകൾ സുഗന്ധപുഷ്പങ്ങൾ ചൂടി പ്രവേശിക്കാൻ പാടില്ലെന്നാണ് വിശ്വാസം. എഴുന്നള്ളിക്കാൻ പിടിയാനകൾ മാത്രമേ ഇവിടെ പതിവുള്ളു. വൃശ്ചികത്തിലെ കാർത്തികയും മീനത്തിലെ പൂരവുമാണ് പ്രധാന ആഘോഷങ്ങൾ

**കല്ലിൽ ഗുഹാക്ഷേത്രം**

പെരുമ്പാവൂരിനടുത്ത മേതലയിലെ കല്ലിൽ ഭഗവതിക്ഷേത്രം നിരവധി സവിശേഷതകൾ ഉള്ളതാണ്. 28 ഏക്കർ വിസ്തൃതിയുള്ള ഈ ക്ഷേത്രം ഒരു കുന്നിന്റെ മീതെ പാറയിലാണ്. 120 പടി കയറിയാലേ മുകളിൽ എത്തൂ. കല്ലിൽ പിഷാരടിമാരുടെ കുടുംബത്തിന്റെ ഉടമസ്ഥതയിലാണ് ഈ ക്ഷേത്രം. ആദ്യകാലത്ത് ഇതൊരു ജൈനക്ഷേത്രമായിരുന്നുവെന്നാണ് കരുതപ്പെടുന്നത്. ജൈനമതത്തിലെ പദ്മാവതി ദേവിയാണ് ഭഗവതിയായി മാറിയതെന്ന് കരുതപ്പെടുന്നു. AD ഒന്നാം നൂറ്റാണ്ടിലാണ് ഇത് സംഭവിച്ചത് എന്നാണ് വിശ്വാസം. പക്ഷേ ശ്രീ ശങ്കരന്റെ കാലത്താണ് ജൈനമതത്തിന്റെ ഹിന്ദുവൽക്കരണം നടന്നത് എന്ന വിശ്വാസത്തിനാണ് കൂടുതൽ ചരിത്രപരത. കുന്നിന്റെ മുകളിൽ നിലം തൊടാത്ത ഒരൊറ്റ പാറയിലാണ് ശ്രീകോവിൽ. ഗുഹാക്ഷേത്രമായതിനാൽ ക്ഷേത്രത്തിന് പ്രദക്ഷിണം വയ്ക്കാൻ സാധിക്കാത്തത് മൂലം കല്ലിനാണ് പ്രദക്ഷിണം

ഇരുപത്തിമൂന്നാമത് തീർത്ഥങ്കരൻ പാർശ്വനാഥൻ ഇരുപത്തിനാലാമത് തീർത്ഥങ്കരൻ പദ്മാവതി ദേവി എന്നിവരുടെ രൂപങ്ങൾ പാറയിൽ കൊത്തിയിട്ടുണ്ട്. കല്ലിൽ മലയും ക്ഷേത്ര പരിസരങ്ങളും പ്രകൃതിസൗന്ദര്യം കൊണ്ട് അനുഗ്രഹിതമാണ് .

വനത്തിലൂടെ നായാട്ടിന് പോയവർ അതിസുന്ദരിയായ ഒരു പെൺകുട്ടി കല്ലുകൾ കൊണ്ട് അമ്മാനമാടിക്കൊണ്ടിരുന്ന ഒരു കാഴ്ച കണ്ടു. നായാട്ടുകാർ കണ്ടതോടെ ദേവി രണ്ട് ഭീമൻകല്ലുകൾക്കിടയിലൂടെ അപ്രത്യക്ഷയായി. അത് കണ്ട നായാട്ടുകാർ കൈവശമുണ്ടായിരുന്ന അരിപ്പൊടിയും, വെറ്റില, അടക്ക എന്നിവ ചുണ്ണാമ്പ് കൂട്ടി ഇടിച്ചതും ദേവിക്ക് സമർപ്പിച്ചു. നിലം തൊടാത്ത കല്ലിന് താഴേ ദേവീ സാന്നിധ്യമുണ്ടെന്നാണ് വിശ്വാസം. ഈ ഓർമ്മ നിലനിർത്തും വിധം ഇന്നും അരിപ്പൊടി വെറ്റില അടക്ക ചുണ്ണാമ്പ് കൂട്ടി ഇടിച്ചത് ഉത്സവത്തിന്റെ ആദ്യ ദിവസം ദേവിക്ക് സമർപ്പിക്കാറുണ്ട്.

കല്ല് നേർച്ചയും, ചൂല് നേർച്ചയുമാണ് ഇവിടുത്തെ പ്രധാന നേർച്ചകൾ . ഇരുമ്പ് തൊടാതെ ചൂൽ ഉണ്ടാക്കി സമർപ്പിക്കുന്നത് സ്ത്രീകൾക്ക് മുടി വളരാനും പണി നടക്കുന്ന വീട്ടിൽ നിന്ന് രണ്ട് മൂന്ന് കല്ലുകൾ കൊണ്ടുവന്ന് സമർപ്പിക്കുന്നത് വീടിന്റെ പണി വേഗം പൂർത്തികരിക്കാനും ഉള്ള വഴിപാടുകളാണ്. കേരള പുരാവസ്തു വകുപ്പിന്റെ കീഴിലെ സംരക്ഷിത സ്മാരകങ്ങളിൽ ഒന്നാണിത്.

### ചോറ്റാനിക്കര ഭഗവതിക്ഷേത്രം

കേരളത്തിലെ ഭഗവതിക്ഷേത്രങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും ഏറ്റവും വരുമാനമുള്ളതും ചോറ്റാനിക്കരയാണ്. ശ്രീ ശങ്കരാചാര്യരാണ് ദേവിയെ ചോറ്റാനിക്കരക്ക് കൊണ്ട് വന്നത് എന്നാണ് വിശ്വാസം. ദേവി പിറകെ വന്ന് കൊള്ളാം തിരിഞ്ഞ് നോക്കരുത് എന്ന വ്യവസ്ഥയിൽ ഹിമാലയത്തിൽ നിന്ന് ശങ്കരൻ പുറപ്പെട്ടു. പിന്നാലെ പാർവ്വതിയും. കുറെ കഴിഞ്ഞ് ദേവിയുടെ കാൽച്ചിലമ്പൊലി കേൾക്കാത്തതിനാൽ ശങ്കരൻ തിരിഞ്ഞു നോക്കി. വ്യവസ്ഥ പാലിക്കാത്തതിനാൽ ദേവി അവിടെ ഇരുന്നു. ആ സ്ഥലം കൊല്ലൂരായിരുന്നു. എന്നാൽ ശങ്കരന് വേണ്ട സ്ഥലത്ത് ദേവിയുടെ ജ്യോതിയെ ആവാഹിച്ച് പ്രതിഷ്ഠിക്കാമെന്ന് ദേവി സമ്മതിച്ചു. ആ സ്ഥലമാണ് ചോറ്റാനിക്കര (ജ്യോതിയാനിക്കരയാണ് ചോറ്റാനിക്കരയായത് ) ചോറ്റാനിക്കരയിൽ നട തുറക്കുമ്പോൾ സരസ്വതീ സാന്നിദ്ധ്യമാണ്. ചോറ്റാനിക്കര നിർമ്മാല്യം കഴിഞ്ഞേ കൊല്ലൂര് നട തുറക്കൂ. ചോറ്റാനിക്കരയെപ്പറ്റി മറ്റൊരു ഐതിഹ്യം കൂടി പ്രചാരത്തിലുണ്ട്. പണ്ട് ഇവിടെ ഘോരവനമായിരുന്നു. അവിടെ താമസിച്ചിരുന്ന വനവാസികളുടെ മൂപ്പനായ കണ്ണപ്പന്റെ മകളായ തേവിക്ക് പിതാവ് ബലി കൊടുക്കാൻ കൊണ്ട് വന്ന പശുക്കിടാവിനോട് ഇഷ്ടം തോന്നിയതിനാൽ ബലിക്ക് സമ്മതിച്ചില്ല. അന്ന് രാത്രി പശുക്കിടാവും തേവിയും അപ്രത്യക്ഷമായി, പിറ്റേന്ന് തൊഴുത്തിലെത്തിയപ്പോൾ രണ്ട് ശിലകൾ മാത്രം. കണ്ണപ്പന്റെ കരച്ചിൽ കേട്ട് അവിടെയെത്തിയ ഒരു മുനി 'തേവിയായും പശുക്കിടാവായും ജനിച്ചത് ലക്ഷ്മീനാരായണ മൂർത്തിയാണ്. നിന്റെ അടുത്ത ജന്മം ഈ ക്ഷേത്രം ഒരു മഹാക്ഷേത്രമായി മാറും' എന്ന് പറഞ്ഞ് അനുഗ്രഹിച്ചു. ആയിരക്കണക്കിന് വർഷങ്ങൾ ഈ സ്ഥലം ജനവാസമില്ലാതെ കാടായി കിടന്നു. ഒരു ദിവസം കാട്ടിൽ പുല്ലരിയാൻ എത്തിയ ഒരു ബാലിക പുല്ലരിയാൻ അരിവാൾ മൂർച്ച കൂട്ടിയപ്പോൾ രക്തപ്രവാഹം കണ്ട് ഭയപ്പെട്ടു. തത്സമയം അവിടെയെത്തിയ എടാട്ട് നമ്പൂതിരി ബാലിക കണ്ണൻ ചിരട്ടയിൽ കൊണ്ട് വന്ന മലർ നേദിച്ചു. കണ്ണപ്പന്റെ കുടിൽ ഇരുന്ന സ്ഥലം ക്ഷേത്രവും പശുത്തൊഴുത്ത് ശ്രീമൂലസ്ഥാനമായ പവിഴമല്ലിത്തറയുമായി എന്നാണ് വിശ്വാസം. പവിഴമല്ലിത്തറയാണ് ദേവിയുടെ മൂലസ്ഥാനമായി കണക്കാക്കുന്നത്. ഇന്നും ദേവിക്ക് ചിരട്ടയിൽ ആദ്യം നിവേദിക്കുന്നത് മലരാണ്. ഗുപ്തൻ നമ്പൂതിരി യക്ഷിയിൽ നിന്ന് രക്ഷപ്പെടാൻ ഓടി ക്ഷേത്രനടയിലെത്തിയപ്പോൾ ദേവി യക്ഷിയെ നിഗ്രഹിച്ച കഥയും പ്രസിദ്ധമാണ്.


മഹാമായയെ വെള്ള വസ്ത്രത്തിൽ സരസ്വതിയായും കുങ്കുമവസ്ത്രത്തിൽ മഹാലക്ഷമിയായും നീല വസ്ത്രത്തിൽ ദുർഗ്ഗയായും ആരാധിക്കുന്നു. മൂന്ന് ഭാവങ്ങൾ ഉള്ളതിനാൽ അമ്മയെ രാജരാജേശ്വരി സങ്കൽപ്പത്തിലും ആരാധിക്കുന്നു.

ചോറ്റാനിക്കര ക്ഷേത്രത്തിന്റെ താഴയുള്ള കീഴ്ക്കാവിൽ ആരാധിക്കപ്പെടുന്നത് ദേവിയുടെ രൗദ്രഭാവമായ ഭദ്രകാളിയേയാണ്. വില്വമംഗലത്ത് സ്വാമിയാരാണ് ദേവിയുടെ രൗദ്ര ഭാവത്തിലുള്ള ഈ വിഗ്രഹം പ്രതിഷ്ഠിച്ചത് എന്നാണ് വിശ്വാസം .മേൽക്കാവിലെ അത്താഴ പൂജക്ക് ശേഷമാണ് ഇവിടെ ഗുരുതി. പന്ത്രണ്ട് വലിയ പാത്രങ്ങളിൽ ഗുരുതി നടത്തുന്ന കാഴ്ച ഭയം ഉണ്ടാക്കുന്നതാണ്. കഠിനമായ നിരവധി മാനസികപ്രശ്നങ്ങൾ ഉള്ളവർ ഇവിടെ വന്ന് താമസിച്ച് ദേവിയെ ഭജിക്കുന്നതോടെ പരിഹാരം ലഭിക്കുന്നു. ഗുരുതി സമയത്ത് ബാധകൾ ഉറഞ്ഞ് തള്ളി ഇരുമ്പാണിയിൽ പാല മരത്തിൽ ബന്ധിക്കുന്നു. കിഴ്ക്കാവിലെ പാലമരത്തിൽ ഇത്തരം ആയിരക്കണക്കിന് ഇരുമ്പാണികൾ കാണാം. കന്നി മാസത്തിലെ നവരാത്രിയും കുംഭത്തിലെ ഉത്സവവുമാണ് ഈ ക്ഷേത്രത്തിലെ വിശേഷദിവസങ്ങൾ ഉത്സവക്കാലത്ത് മകം നാളിൽ ഉച്ചക്ക് ദേവിയെ സർവ്വാഭരണവിഭൂഷിതയായി ദർശിക്കുന്നത് പുണ്യമാണെന്ന് കരുതുന്നു. ദേവിയെ വില്വമംഗലത്ത് സ്വാമിയാർ രചിച്ച രൂപത്തിലുള്ള അന്നത്തെ ദർശനവും കിഴ്ക്കാവിലെ മുടിയേറ്റും പ്രസിദ്ധമാണ്.

(തുടരും .......)

## രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ







# അഷ്ടബന്ധകലശം

**2025 ജൂൺ 22 ഞായർ മുതൽ 27 വെള്ളി വരെ**

**ഒന്നാം ദിവസം (22-06-2025) ഞായർ**

**വൈകുന്നേരം:-** ഭജന, ദീപാരാധനയ്ക്ക് ശേഷം - ആചാര്യവരണം, മുളയിടൽ, പ്രാസാദശുദ്ധി, രക്ഷോഘ്നഹോമം, വാസ്തുഹോമം, വാസ്തുകലശാഭിഷേകം, വാസ്തുപുണ്യാഹം, വാസ്തുബലി, അത്താഴപൂജ.

**രണ്ടാം ദിവസം (23-06-2025) തിങ്കൾ**

**രാവിലെ:-** മുളപൂജ, ബിംബശുദ്ധി, കലശാഭിഷേകങ്ങൾ, നവീകരണ പ്രായശ്ചിത്തഹോമം, ടി ഹോമകലശാഭിഷേകം

**വൈകുന്നേരം:-** വേദാർച്ചന, ദീപാരാധന, മുളപൂജ, അത്താഴപൂജ

**മൂന്നാം ദിവസം (24-06-2025) ചൊവ്വ**

**രാവിലെ:-** മുളപൂജ, പ്രായശ്ചിത്തഹോമം, ടി ഹോമകലശാഭിഷേകം ഉപദേവന്മാർക്ക് കലശാഭിഷേകം

**വൈകുന്നേരം:-** മുളപൂജ, അത്താഴപൂജ

**നാലാം ദിവസം (25-06-2025) ബുധൻ**

**രാവിലെ:-** മുളപൂജ, ശാന്തിഹോമം, അത്ഭുതശാന്തി ഹോമം, നായശാന്തിഹോമം, ചോരശാന്തി ഹോമം, ഹോമകലശാഭിഷേകം

**വൈകുന്നേരം:-** ദീപാരാധന, മുളപൂജ, അത്താഴപൂജ

**അഞ്ചാം ദിവസം (26-06-2025) വ്യാഴം**

**രാവിലെ:-** തത്ത്വഹോമം, കുംഭേശകലശപൂജ, ബ്രഹ്മകലശപൂജ, മുളപൂജ, തത്ത്വകലശാഭിഷേകം

**വൈകുന്നേരം:-** പരികലശപൂജ, അധിവാസഹോമം, ദീപാരാധന, കലശാധിവാസം, അത്താഴപൂജ

**ആറാം ദിവസം (27-06-2025) വെള്ളി**

**രാവിലെ:-** പരികലശാഭിഷേകം

**8.45 മുതൽ 9.35 വരെയുള്ള സമയത്ത്**

കർക്കടകം രാശിയ്ക്ക് - അഷ്ടബന്ധക്രിയ, ബ്രഹ്മകലശാഭിഷേകം, ശ്രീഭൂതബലി

---

**മിനിക്കഥ**

**ഉണ്ണി വാരിയത്ത് - 9867179480**

# ചലനം

സമയത്തിന്റെ വില കണക്കാക്കാനാവില്ലെന്ന് എല്ലാവർക്കും അറിയാം. ആ സമയത്തിന്റെ സൂക്ഷിപ്പുകാരാണ് തങ്ങളെന്ന് ഘടികാരസൂചികൾ അവകാശപ്പെട്ടു.

കഷ്ടം! അല്പന്മാരോട് തർക്കിച്ചിട്ടു കാര്യമില്ലല്ലോ. ഘടികാരസൂചികൾ ചലിച്ചില്ലെങ്കിലും സമയവും കാലവും മുന്നോട്ടു പോകും. പക്ഷേ, മനുഷ്യർ ചലിച്ചില്ലെങ്കിൽ അവരുടെ ജീവിതം മുന്നോട്ടുപോകാൻ വഴിയില്ലല്ലോ!

# എന്റെ പാറൂട്ടിയവര് (ഒരു നഖചിത്രം)

മന്മഥൻ വിജയൻ നായർ - 9447650600

അവരെ എന്ത് കൊണ്ടാണ് അങ്ങിനെ വിളിച്ചിരുന്നത് എന്നെനിക്കോർമ്മയില്ല, ഞാൻ മാത്രമാണോ അങ്ങിനെ വിളിച്ചിരുന്നത് എന്നും എനിക്കറിയില്ല. അച്ഛമ്മ വിളിച്ചിരുന്നത് പാറു എന്നായിരുന്നു, അച്ഛമ്മയെക്കാൾ പ്രായമുണ്ടായിരുന്നു എന്റെ പാറൂട്ടിയവർക്ക്. വെള്ളമുണ്ടും റൗക്കയും ധരിച്ച മുറുക്കി ചുവപ്പിച്ച ചുണ്ടുകളുള്ള ഒരു സുന്ദരിയായിരുന്നു എന്റെ അച്ഛമ്മ. പാറൂട്ടിയവരും എപ്പോഴും വെള്ള മുണ്ടാണുടുത്തിരുന്നത്, പക്ഷേ റൗക്ക ഇടുന്ന സ്വഭാവം മാത്രം പാറൂട്ടിയവർക്കില്ല.

വരാന്തയിൽ ഉമ്മറപ്പടിയോട് ചേർത്തിട്ട കസേരയിലിരിക്കുന്ന അച്ഛമ്മക്ക് താഴെയിരുന്ന്, മുറുക്കാൻ നാലും കൂട്ടി ഇടിച്ച് പതംവരുത്തി കൊടുക്കുന്ന പാറൂട്ടിയവർ ഒരു കാഴ്ചയായിരുന്നു. വെളുത്ത നിറവും, നേർത്ത ചുണ്ടും വിടർന്ന മൂക്കും നരവീണ പുരിക കൊടികളും, വീതിയുള്ള നെറ്റിയിലേക്ക് അനുസരണയില്ലാതെ വീണു കിടക്കുന്ന നരച്ച മുടിയിഴകളും, ചുളിവുകൾ വീണ മുഖവും, തലയുടെ ഒരു ഭാഗത്തായി ചെരിച്ചു കെട്ടിയ കനത്ത മുടിക്കെട്ടും അവർക്കൊരു ആനച്ചന്തം നൽകിയിരുന്നു. വരാന്തയിൽ നാലായി മടക്കിയിട്ട മെത്തപ്പായയിലിരുന്ന് ഇളം തിണ്ണയിലേക്ക് രണ്ട് കാലും തൂക്കിയിട്ട്, ഇടത് കൈ കുന്തിച്ച് ആ കൈപ്പത്തികൊണ്ട് കുഞ്ഞു ഇടികല്ലിൽ മുറുകെ പിടിച്ച്, വലത്ത് കൈയിലെ ഇടിയൻ കൊണ്ട് താളത്തിൽ ഇടിച്ച് മുറുക്കാൻ പാകപ്പെടുത്തുമ്പോൾ, പൊക്കിള് വരെ നീണ്ട് കിടന്ന് തൂങ്ങിയാടുന്ന മുലകൾ രണ്ടും താളത്തിൽ ആടുന്നത് അച്ഛമ്മയുടെ മടിയിലിരുന്ന് ഞാൻ കാണുന്നുണ്ടാവും, പതുക്കെ താഴെ ഇറങ്ങി ഞാനാ വറ്റിയ മുലകളിൽ പിടിച്ച് ഞെക്കും. പാറൂട്ടിയമ്മ അതറിഞ്ഞ ഭാവം നടിക്കില്ല. 'പോ ചെക്കാ അവിടുന്ന് ' അച്ഛമ്മ ഒച്ചയിടും. ഞാനോടും, എന്റെ ഓട്ടം കാണുമ്പോൾ, ഇടിച്ചൊതുക്കിയ മുറുക്കാൻ കൈ നീട്ടി മേടിച്ച് പല്ലിന്റെയും കവിളിന്റെയും ഇടക്കായി തിരുകി വെച്ചുകൊണ്ട് അച്ഛമ്മ പറയും, 'അവന്റെ അമ്മയുടെ അടുത്തേക്കാ, മുല കുടിക്കാൻ പോകുന്ന പോക്കാ' അത് പറഞ്ഞു രണ്ട് പേരും ആസ്വദിച്ച് ചിരിക്കുന്നത് കേൾക്കാം.

എന്റെ നാലര വയസ്സിൽ എനിക്കൊരു അനിയനുണ്ടാകുന്ന വരെ അമ്മിണ്ണിഞ്ഞാമ്മയുടെ (അമ്മയെ ഞാനങ്ങനാ വിളിച്ചിരുന്നെ ) മുല കുടിച്ചിരുന്ന എനിക്ക് അതൊരു പ്രശ്നമായിരുന്നില്ല. അനിയൻ ജനിച്ച് അമ്പത്താറാം ദിവസമാണ് ഞങ്ങൾ മധുനിവാസ് എന്ന പുതിയ വീട്ടിലേക്ക് മാറുന്നത്, അതുവരെ പെരുമ്പിള്ളിൽ എന്ന അച്ചന്റെ വീട്ടിലും നാഗപ്പിള്ളി എന്ന അമ്മ വീട്ടിലും ആയിട്ടായിരുന്നു എന്റെ കുട്ടിക്കാലം, നാഗപ്പിള്ളിൽ നിന്ന് 2 മിനിറ്റ് ഓടിയാൽ പെരുമ്പിള്ളിലെത്താം, അവിടെ നിന്ന് 2 മിനിറ്റ് ഓടിയാൽ മധുനിവാസിലെത്തും. ഈ ഒറ്റ കാര്യത്തിന്റെ പേരിൽ കുട്ടിക്കാലത്തു എന്റെ അച്ഛനേം അമ്മയേം ഞാൻ വെറുത്തിരുന്നു.

കൂട്ടുകാരൊക്കെ അച്ചന്റെ നാട്ടിലും അമ്മേടെ നാട്ടിലും ഒക്കെ പോയി അവധി ആഘോഷിക്കുമ്പോൾ ഒരിടത്തും പോകാനില്ലാതെ മീനച്ചിലാറ്റിൽ ചൂണ്ടയിട്ടും, കക്കാ വാരിയും, കൂട്ടുകാരൊന്നിച്ച് കള്ളനും പോലീസും, കിളിമാസും, മടുക്കുമ്പോൾ ചൊട്ടേം മണീം കളിച്ചും, പമ്പരം കുത്തിയും സമയം കളഞ്ഞ ഞാൻ മറ്റെന്ത് ചെയ്യാൻ. അച്ഛമ്മയുടെ മുറുക്കും പൊ

കല തീറ്റിയും കാരണം മറ്റൊരബദ്ധവും എനിക്ക് ഇക്കാലത്തു തന്നെ പറ്റിയിട്ടുണ്ട്. പൊകലയും ശർക്കരയും കൂടെ മറ്റെന്തൊക്കെയോ ഒക്കെ കൂട്ടി സുഗന്ധ പൂരിതമാക്കി പളുങ്കു ഭരണിയിലാക്കി അച്ഛമ്മയുടെ കട്ടിലിനടിയിൽ എപ്പോഴും സൂക്ഷിച്ചിരിക്കും . ഇതിന്റെ സുഗന്ധത്താൽ ആകൃഷ്ടനായി ഒരു ദിവസം ഞാൻ ഇതിലല്പം എടുത്ത് സേവിച്ചു. തീർന്നില്ലേ കഥ ആരും അറിയാതെ ചെയ്തത്, ഇനി ആരും അറിയാനില്ല എന്ന അവസ്ഥയിലായി, നിർത്താതെയുള്ള ഛർദ്ദി, വൈദ്യനായ പാപ്പൻ എന്ന് വിളിക്കുന്ന കൊച്ചു മുത്തച്ഛൻ ഓടി വരുന്നു അമ്മ ഓടിവരുന്നു അച്ഛമ്മ ഓടി വരുന്നു, പണിക്കാരെല്ലാം ഓടിവരുന്നു ആർക്കും കാര്യം മനസ്സിലാകുന്നില്ല, അപ്പോഴാണ് നെഞ്ചത്തടിച്ചോണ്ടുള്ള പാറൂട്ടിയവരുടെ വരവ്, വന്നപാടെ ഛർദ്ദിയിൽ മുങ്ങിയ എന്നെ വാരിയെടുത്തു, ഛർദ്ദിയെലേക്കൊന്ന് നോക്കി, എന്നിട്ട് പറഞ്ഞു 'അമ്പട കള്ളാ അച്ചമ്മടെ പോയല മുഴോനും തീർത്തു.... ല്ലേ' 'ഹെന്റെ ഗുരുവായൂരപ്പാ' അച്ഛമ്മ അലമുറയിട്ടു 'എന്റെ കുഞ്ഞിന് വല്ലോം പറ്റ്വോന്റെ ദൈവേ' അമ്മേടെ വക. പാറൂട്ടിയവര് പറഞ്ഞു 'ച്ചിരി മൊരു കൊണ്ടദരു ആരെങ്കിലും ഛർദ്ദി പ്പൊ ഞാൻ നിർത്തി തരാം' അമ്മ ഓടിപോയി മോര് കൊണ്ട് വന്നു. അതും കുടിച്ച് ഞാൻ പാറൂട്ടിയവരുടെ പാല് വറ്റിയ മാറിൽ കിടന്ന് മയങ്ങി.

മറ്റൊരു കുസൃതിയും കൂടി അക്കാലത്ത് ഞാനൊപ്പിച്ചിട്ടുണ്ട്.

തൈര് കടഞ്ഞു വെണ്ണ ഉണ്ടാക്കുന്ന വിദ്യ കുട്ടിക്കാലത്ത് എന്നെ വളരെ അധികം ആകർഷിച്ചിട്ടുണ്ട്, അമ്മയോ പേരമ്മയോ ആയിരിക്കും തൈര് കടയുക. മിക്കവാറും ആ സമയത്ത് ഞാനും പ്രസന്റായിരിക്കും, എന്റെ ഉദ്ദേശം ശുദ്ധം... നിർമ്മലം, വെണ്ണയോടുള്ള കൊതി. തൈര് സൂക്ഷിച്ചിരിക്കുന്ന വലിയ മരപാത്രത്തിന്റെയോ മൺപാത്രത്തിന്റെയോ മുന്നിലായി അല്പം ഉയരമുള്ള സ്റ്റൂളിൽ അമ്മ ഇരിക്കും, മുൻപിലുള്ള പാത്രത്തിന്റെ തുളയുള്ള അടപ്പിലൂടെ കടത്തിയ മരംകൊണ്ടുള്ള വലിയ മത്തിൽ അഞ്ചാറ് ചുറ്റ് ചുറ്റിയ കയറിന്റെ രണ്ടറ്റം അമ്മയുടെ രണ്ട് കൈയിലുമായിരിക്കും, കാല് രണ്ടും പാത്രത്തിന് മുകളിൽ മത്തിന്റെ രണ്ട് വശത്തുമായി കേറ്റിവെച്ച് അമ്മ താളത്തിൽ കയറ് വലിച്ച് തൈര് കടയുന്നത് കാണാൻ നല്ല ചന്തമുണ്ട്. തൈര് കടയുന്നതിനൊപ്പം ഉണ്ണികൃഷ്ണൻ വെണ്ണ കട്ട കഥയും, യശോദ ഉണ്ണിക്കണ്ണന്റെ വായ പൊളിച്ച് മൂന്ന് ലോകങ്ങളും കണ്ട കഥയും മറ്റും അമ്മ പറഞ്ഞു തരും, എന്നെ അടക്കി ഇരുത്താനാണതൊക്കെ. വെണ്ണ ഉരുണ്ട് കൂടി തുടങ്ങുമ്പോൾ അടുത്ത് വെച്ചിരിക്കുന്ന പ്ലാവില കൊണ്ട് അതൊക്കെ വടിച്ചെടുത്ത് താഴെ വെച്ചിരിക്കുന്ന വേറൊരു ചേരുവത്തിലെ പച്ചവെള്ളത്തിലേക്കിടും. എന്നിട്ടെന്നോട് പറയും 'അമ്മേടെ ഉണ്ണി കണ്ണൻ പോയി പ്ലാൻ ചോട്ടീന്നൊരു പഴുത്ത പ്ലാവില എടുത്തോണ്ട് വായോ'

അമ്മ ഞാൻ കൊണ്ടുവരുന്ന പ്ലാവില ഉടുത്തിരുക്കുന്ന മുണ്ടിലൊന്ന് തുടച്ച് അതിൽ ഒരു പൊട്ട് വെണ്ണ വെച്ച് തരും, കൊതിയോടെ ഞാനത് മുഴുവൻ നക്കിതിന്നും. ബാക്കിയുള്ളത് അമ്മ കൊണ്ട് പോയി കട്ടിലിനടിയിൽ വെക്കും. വീണ്ടും ചോദിച്ചാൽ തരില്ല. ഒരു ദിവസം എനിക്ക് കൊതി സഹിക്കാനായില്ല, കട്ടിലിനടിയിലെ നെയ് പാത്രത്തിൽ നിന്നും ആകാവുന്നിടത്തോളം എടുത്ത് കഴിച്ചു. എന്തിനേറെ പറയുന്നു, ഛർദ്ദി, ദഹനക്കേട്, വയറ്റിളക്കം. അന്ന് പക്ഷേ എന്നെ രക്ഷിക്കാൻ പാറൂട്ടിയവര് ഉണ്ടായിരുന്നില്ല. രണ്ട് ദിവസം പനി പിടിച്ച് കിടന്നതല്ലാതെ വേറെ കുഴപ്പമൊന്നുമുണ്ടായില്ല.

പാറൂട്ടിയവര് പെരുമ്പിള്ളിലെ ജോലിക്കാരിയൊന്നുമല്ല, പക്ഷേ വീട്ടിലെല്ലാവരുടേം തുണിമുഴുവൻ അലക്കി വെളുപ്പിക്കുന്നതവരാണ്, എല്ലാ വീട്ടിലേയും തുണിയൊന്നും അലക്കാൻ അവരെ കിട്ടില്ല, സ്ഥാനി നായന്മാരുടെ വീടുകളിലും മനക്കലും മാത്രമാണ് പാറൂട്ടിയവരുടെ അലക്ക്. ഇന്നത്തെ പോലെ

വീടുകളിൽ വന്ന് തുണി അലക്കി തരുന്ന പരിപാടിയൊന്നും അന്നില്ല, വീട്ടിൽ കൊണ്ടുപോയാണ് അലക്കുക. മുഷിഞ്ഞ തുണി മുഴുവൻ ഒരു വലിയ മുണ്ടിൽ കെട്ടി പൊതിഞ്ഞ് ഒരു വലിയ കെട്ടാക്കി വെക്കും എന്നിട്ട് ഇടത് കൈ കൊണ്ട് പിടിച്ച് വലത് കാൽമുട്ടുകൊണ്ടൊരു തട്ട് തട്ടി തലയിൽ കേറ്റും. പിന്നെ ഒരു നടപ്പാണ് രണ്ട് കൈയും വീശി. രണ്ടോ നാലോ ദിവസം കഴിഞ്ഞു വരും അലക്കിയതും കൊണ്ട്. അപ്പോൾ ബ്രഹ്മാണ്ഡം പോലൊരു കെട്ടാവും തലയിൽ. എല്ലാ വീട്ടിലും കൊടുത്തു തീർത്തു അവസാനമാവും പെരുമ്പിള്ളിൽ വരിക. അങ്ങിനെ അലക്കിയതുമായി വരുമ്പോഴാണ് എനിക്ക് പാറൂട്ടിയവരോട് ഏറ്റവും ഇഷ്ടം തോന്നുക. ആ സമയത്ത് അവരെ നല്ല മണമാണ്, അലക്കിയ മുണ്ടിനൊരു മണമില്ലേ ആ മണമാണവർക്കും, , 501 ബാർ സോപ്പിന്റെയും കാരത്തിന്റെയും ഒക്കെ കൂടി കലർന്ന സമ്മിശ്രമായ ഒരു ഗന്ധം, നല്ല വൃത്തിയുടെയും വെടിപ്പിന്റെയും ഗന്ധം. അന്നത്തെ അലക്കിനും ചില പ്രത്യേകതകളുണ്ട്, കഞ്ഞി പിഴിഞ്ഞ് അലക്കിയുണക്കിയ തുണികൾ, പ്രത്യേക തരം മരക്കഷണം കൊണ്ട് അടിച്ചടിച്ചാണ് മടക്കുന്നത്. തുണിയുടെ മൂലക്ക് ഒരടയാളമുണ്ടാവും. തേങ്ങയുടെ കണ്ണ് പോലെ മൂന്ന് കറുത്ത കുത്ത്, അതാണ് പെരുമ്പിള്ളിലെ അടയാളം. ചേറിൻ കായയുടെ മഷി കൊണ്ടാണ് ഈ അടയാളമിടുന്നത്. ഓരോ വീടിനും ഓരോ അടയാളമുണ്ടാവും തുണികൾ മാറി പോവാതിരിക്കാൻ.

പാറൂട്ടിയവർക്ക് എന്നോടുണ്ടായിരുന്നത് വെറും ഇഷ്ടം ആയിരുന്നില്ല സ്വന്തം മക്കളോടോ കൊച്ച്മക്കളോടോ തോന്നുന്ന കറ കളഞ്ഞ സ്നേഹമായിരുന്നു. അത് പണത്തിനോ മറ്റെന്തിനെങ്കിലിനുമൊ വേണ്ടി ആയിരുന്നില്ല ആ സ്നേഹം. വീട്ടിൽ വന്നാൽ കുഞ്ഞൂട്ടനെ (അതായത് എന്നെ ) കളിപ്പിക്കലാണ് പ്രധാന ജോലി, കമുകിൻ പാളയിലിരുത്തി വലിച്ചുകൊണ്ട് നടക്കും , കവളൻ മടൽ വെട്ടിയെടുത്ത് അതിന്റെ മുകളിൽ രണ്ട് കൊമ്പ് അടിച്ച് കയറ്റി കാളയെ ഉണ്ടാക്കി തരും, കൂമ്പാള കൊണ്ട് കോണകമുണ്ടാക്കി ഉടുപ്പിക്കും. വെള്ളയ്ക്കയും ഈർക്കിലികളും കൊണ്ട് കറക്കുമ്പോൾ ശബ്ദം ഉണ്ടാക്കുന്ന കിലുക്കൻ ഉണ്ടാക്കി തരും. വാസന സോപ്പിട്ട് കുളിപ്പിക്കും, കിണറ്റിൻ കരയിലെ സിമന്റിട്ട തിണ്ടിലിരുത്തി ചമതിപ്പിക്കും... പക്ഷേ ഇതൊന്നും അച്ചമ്മക്കത്ര ഇഷ്ടമൊന്നുമല്ല. 'ഇവിടെ നൂറ് പണി കിടക്കുന്നു അവള് കൊച്ചിനെ കളിപ്പിച്ചോണ്ടു നടക്കുന്നു 'അച്ഛമ്മ സ്ഥിരം പല്ലവി ഉരുവിടും. അവിടെ വരുന്നവരെല്ലാം എന്തെങ്കിലും പണിയെടുത്തോണം, അല്ലെങ്കിൽ എന്തെങ്കിലും ഒരു ജോലി അച്ഛമ്മ കണ്ട് പിടിച്ച് കൊടുക്കും.

കിഴക്കേ വീട്ടിലെ മണിയമ്മ ചേച്ചി കറി അടുപ്പത്തു വെച്ചിട്ട് ഒരുമുറി തേങ്ങ കൈവായ്പ മേടിക്കാൻ വന്നതാവും, അടുക്കളപ്പുറത്തു കൂടി ഒതുക്കത്തിൽ പോകുന്ന ചേച്ചിയെ തിണ്ണയിൽ ഇട്ട കസേരയിൽ ഇരിക്കുന്ന അച്ഛമ്മയുടെ കഴുകൻ കണ്ണുകൾ കണ്ടുപിടിക്കും. 'ആരാടി അത് മണിയമ്മയാണോ ?' നിവൃത്തിയില്ലാതെ മണിയമ്മ ചേച്ചി 'ആന്നേ' 'ആ ഞാൻ നിന്നെ നോക്കിയിരിക്കുവാരുന്നു, ആ കിണറ്റിന്നൊരു ഒരു രണ്ട് പാള വെള്ളം ആ ചെമ്പിലോട്ടൊന്നൊഴിച്ചെരെ, പിള്ളേരുടെ അച്ഛൻ ഇപ്പൊ ചോറുണ്ണാൻ വരും കൈ കഴുകാൻ ഒരു തുള്ളി വെള്ളമില്ല,' മണിയമ്മ ചേച്ചി അടുപ്പത്തിരുന്ന് കരിയുന്ന കറിയെ ഓർത്ത് നെടുവീർപ്പിട്ടുകൊണ്ട് ചെമ്പിൽ വെള്ളം കോരി നിറയ്ക്കും. പണിയെടുപ്പിക്കാൻ വശമുള്ള അച്ഛമ്മ ഒരു പണിയുമെടുത്ത് ഞാൻ കണ്ടിട്ടില്ല. സൈനസിന്റെ അസ്കിത ഒട്ടേറെ ഉണ്ടായിരുന്ന അച്ഛമ്മ സ്വയം ഒരു അസുഖക്കാരിയായി തീരുമാനിക്കുകയും മറ്റുള്ളവരെ കൊണ്ട് അതംഗീകരിപ്പിക്കുകയും ചെയ്തിരുന്നു. ഇടക്കിടക്ക് ശക്തിയിൽ മൂക്ക് ചീറ്റികൊണ്ട് ഇടനാഴിക്കപ്പുറമുള്ള മരുന്ന് പുരയിൽ കേൾക്കത്തക്ക വിധ

ത്തിൽ അച്ഛമ്മ എല്ലാവരോടുമായി ഉറക്കെ പ്രസ്താവിക്കും 'കണ്ടോ, തല മുഴുവൻ പഴുത്ത് മൂക്കിലൂടെ പോവ്വാണെന്നാ തോന്നുന്നത്'

പാരമ്പര്യ വൈദ്യനായ പാപ്പൻ കേൾക്കാനാണത്, തന്റെ അസുഖത്തെ ആരും വേണ്ടത്ര ഗൗനിക്കുന്നില്ലെന്നായിരുന്നു അച്ഛമ്മയുടെ എന്നുമുള്ള പരാതി. പണിക്കാരുടെ കൂടെ നിന്ന് തീച്ചൂടേറ്റ് കഷായം ഉണ്ടാക്കുകയോ കുഴമ്പുണ്ടാക്കുകയോ ചെയ്യുന്ന, പാപ്പൻ എന്ന് എല്ലാവരും വിളിക്കുന്ന, മുത്തച്ഛന്റെ അനിയൻ. തലയിൽ വട്ടത്തിൽ കെട്ടിയ തോർത്തഴിച്ച്, ദേഷ്യം കൊണ്ടും തീയുടെ ചൂടേറ്റും ചുവന്ന മുഖമൊന്നമർത്തി തുടച്ച് വീണ്ടും തോളത്തേക്കിട്ടിട്ടു ചാടിയെഴുന്നേൽക്കും. 'ഈ ചേട്ടത്തി ഇതെന്തു ഭാവിച്ചാ' എന്റെ ഗോപാലാ നീയൊന്നടങ്ങ് നീയും അവളെ പോലെ തുടങ്ങിയാലോ മുത്തച്ഛൻ സമാധാനിപ്പിക്കും. പിന്നെ പാപ്പനൊന്നും മിണ്ടില്ല.

ചില ആഴ്ചകളിൽ പാറൂട്ടിയവരോടൊപ്പം മകൾ ലക്ഷ്മികുട്ടിയും ഉണ്ടാകും അലക്കിയ തുണിയും ചുമന്ന്. ലക്ഷ്മി ഒരിക്കലും എന്റെ മനസ്സിൽ കയറിപറ്റിയില്ല. അടുത്ത് തന്നെയുള്ള മധുനിവാസിലേക്ക് താമസം മാറ്റിയ ശേഷം പാറൂട്ടിയവരെ കാണുന്നത് തന്നെ വല്ലപ്പോഴുമായി, മധുനിവാസിലെ അലക്കും കൂടി ഏറ്റെടുക്കണമെന്ന് അമ്മ ആവശ്യപ്പെട്ടിട്ടും പാറൂട്ടിയവര് വഴങ്ങിയില്ല, അപ്പോഴേക്കും സ്കൂളിൽ പോകാൻ തുടങ്ങിയിരുന്ന ഞാൻ പാറൂട്ടിയവരെ കുറേശ്ശേ മറക്കാൻ തുടങ്ങിയിരുന്നു.

സ്കൂളിലേക്ക് പോകുന്ന വഴിയിൽ എന്നെ വല്ലപ്പോഴും കാണുമ്പോൾ തലയിലെ വിഴുപ്പു കെട്ട് വീതികുറഞ്ഞ തോട്ടിന്റെ അരികിലെ തിട്ടയിൽ കയറ്റി വെച്ചിട്ട് 'കുഞ്ഞേ' എന്ന് വിളിച്ച്, എന്നെ വാരിപ്പുണരാൻ ശ്രമിക്കുന്ന പാറൂട്ടിയവരുടെ കൈ തട്ടി മാറ്റി അവരെ ക്രോധത്തോടെ നോക്കി ഓടി പോകുന്ന എന്റെ രൂപം ഈ പ്രായത്തിലും എന്നെ ലജ്ജിപ്പിക്കുന്നു, സങ്കടപ്പെടുത്തുന്നു. കല്ല് വിഗ്രഹമായി കഴിഞ്ഞാൽ പിന്നെ അതിൽ തൊടാൻ തച്ചന് അധികാരമില്ലല്ലോ എങ്കിലും ആ സമയത്ത് അവരുടെ മുഖം വിളറിയിരുന്നോ, കണ്ണുകൾ നിറഞ്ഞിരുന്നോ, ആവോ. അതൊന്നും ശ്രദ്ധിക്കാൻ ഞാൻ മിനക്കെട്ടിരുന്നില്ല. അല്ലെങ്കിൽ എന്റെ ധാർഷ്ട്യം അതിനെന്നെ അനുവദിച്ചിരുന്നില്ല. ഞാനറിയാതെന്നിൽ ആവേശിച്ച മാടമ്പി സ്വഭാവമാണോ അതിന് കാരണം, അതോ അവരുടെ വിയർപ്പ് നാറ്റം എന്നിൽ ജുഗുപ്സ ഉണ്ടാക്കിയോ, അതോ എന്റെ തുണിയലക്കിത്തരാൻ വിധിക്കപ്പെട്ട ഒരു അലക്കുകാരി മാത്രമാണവരെന്ന ചിന്ത എന്നിൽ വേരൂന്നിയിരുന്നോ അറിയില്ല. ഒന്ന് മാത്രമെനിക്കറിയാം അവരെ എന്റെ മനസ്സിൽ ഒരു പ്രധാനസ്ഥാനത്ത് ഞാൻ പ്രതിഷ്ഠിച്ചിരുന്നു, അല്ലെങ്കിൽ ഇന്നും ഞാനവരെ ഓർക്കുമായിരുന്നില്ല. എന്റെ എട്ടോ പത്തോ വയസ്സിന് ശേഷം ഞാനവരെ കണ്ടിട്ടില്ല ഒരു വിവരവും അറിഞ്ഞിട്ടില്ല, മരിച്ചിരിക്കും...... ഞാനന്വേഷിച്ചിട്ടില്ല. എത്ര കൃതഘ്നനായി പോയി ഞാൻ. മുതിർന്നപ്പോൾ അവരെയൊന്ന് കാണാൻ കൊതിച്ചിട്ടുണ്ട്, ഒന്ന് ക്ഷമ ചോദിക്കാൻ, 'കുഞ്ഞേ' എന്നുള്ള ദൈന്യം നിറഞ്ഞ വിളിയൊന്നൂടെ കേൾക്കാൻ. വളരെ ദൂരെ നിന്നുമാണ് അവർ വന്നിരുന്നത് എന്നറിയാം. മുറിക്കൽ എന്നോ മറ്റോ ആണ് വീട്ടുപേരെന്നും വടവാതൂർ എന്ന സ്ഥലത്തുനിന്നും നടന്നാണ് വന്നിരുന്നതെന്നും പിന്നൊരിക്കൽ അച്ഛൻ പറഞ്ഞു കേട്ടിട്ടുണ്ട്. അവസാനം കാണുമ്പോൾ 70 വയസ്സെങ്കിലുമുള്ള അവർ എന്നേ മരിച്ച് കാണും, പക്ഷേ ഒരിക്കൽ കൂടിയൊന്ന് കാണാൻ ആ വിളിയൊന്ന് കേൾക്കാൻ ഒരു മോഹം, ഒരിക്കൽ കൂടി അവരെന്നെ ഒന്ന് കെട്ടി പിടിച്ചിരുന്നെങ്കിലെന്ന്, ലാളിച്ചിരുന്നെങ്കിലെന്ന് വെറുതേ മോഹിച്ച് പോകുന്നു.

'വെറുതേ ഈ മോഹങ്ങൾ എന്നറിയുമ്പോഴും
വെറുതേ മോഹിക്കുവാൻ മോഹം'

കാലചക്രം പുറകോട്ട് കറങ്ങിയിരുന്നെങ്കിൽ....

■

# *ദൃഗ് ദൃശ്യ വിവേകം* (*25*)

സി. നാരായണൻ - 9819456012

അവച്ഛിന്നശ്ചിദാഭാസ
തൃതീയഃ സ്വപ്നകല്പിതഃ
വിജ്ഞേയസ്ത്രിവിധോ
ജീവഃ തത്രാദ്യഃ പാരമാർത്ഥികഃ. (32)

| | | |
|---|---|---|
| അവച്ഛിന്നഃ | = | പരിമിതമായ |
| ചിദാഭാസഃ | = | ചൈതന്യപ്രതിബിംബം |
| തൃതീയഃ | = | മൂന്നാമത്തേത് |
| സ്വപ്നകല്പിതഃ | = | സ്വപ്നത്തിൽ കാണപ്പെടുന്നവൻ |
| ജീവഃ | = | വ്യക്തിജീവൻ |
| ത്രിവിധഃ | = | മൂന്നു തരത്തിൽ |
| വിജ്ഞേയഃ | = | അറിയപ്പെടുക |
| തത്ര | = | അവയിൽ |
| ആദ്യഃ | = | ആദ്യത്തേത് |
| പാരമാർത്ഥികഃ | = | യഥാർത്ഥത്തിലുള്ളത് |

(ജീവാത്മാവിനെ, പരിച്ഛിന്ന ചൈതന്യമായും, പ്രതിബിംബചൈതന്യമായും സ്വപ്നത്തിൽ അനുഭവപ്പെടുന്ന സ്വപ്നപുരുഷനായും മൂന്നു തരത്തിൽ കാണാവുന്നതാണ്. ആ മൂന്നിൽ ആദ്യത്തേതിനെ പരമാർത്ഥമെന്നറിഞ്ഞു കൊള്ളണം.) ശരിക്കും പറഞ്ഞാൽ 31-ാമത്തെ ശ്ലോകത്തോടെ ആചാര്യൻ ഈ ഗ്രന്ഥം ഉപസംഹരിച്ചു കഴിഞ്ഞു. എന്നാൽ ഇപ്പോൾ പ്രചാരത്തിലുള്ള 'ദൃഗ് ദൃശ്യവിവേകം' എന്ന ഈ ഗ്രന്ഥത്തിൽ 14 ശ്ലോകങ്ങൾ കൂടി കാണാവുന്നതാണ്. ഇതുവരെ പറഞ്ഞതിനെ ഒന്നു കൂടെ വിശദീകരിക്കയാണ് 46 വരെ ഇനിയുള്ള ശ്ലോകങ്ങളിൽ എന്നു പറയാം. ബ്രഹ്മജ്ഞാനമെന്ന വിഷയം സാധാരണക്കാരനു മനസ്സിലാക്കാൻ അത്യന്തം വിഷമകരമായ വിഷയമായതിനാൽ ദയാനിധികളായ ഗുരുനാഥന്മാർ ഒരിക്കൽ പറഞ്ഞതു തന്നെ വേറെ വാക്കുകളിൽ ആവർത്തിക്കുക പതിവുണ്ട്. അതായിരിക്കണം ഇവിടേയും ചെയ്യുന്നത്.

അസ്തിത്വമുള്ള ഒരേയൊരു സത്തബ്രഹ്മവും, അത് നിത്യമുക്തവുമായിരിക്കേ, മോക്ഷത്തിന് ആരാണധികാരി എന്നൊരു ചോദ്യം പ്രസക്തമാണ്. അധികാരി തന്നെയില്ലെങ്കിൽ ശാസ്ത്രം വ്യർത്ഥമാവും. ഈശ്വരദത്തമായ ശാസ്ത്രം നിരർത്ഥകമാവാൻ വഴിയില്ല. അതുകൊണ്ട് മോക്ഷത്തിന് അർഹതയുള്ള ഒരു സത്തയുണ്ട്. അതാണ് ജീവൻ. ബന്ധം യഥാർത്ഥത്തിലുള്ളതാണെങ്കിൽ മോക്ഷം സാദ്ധ്യമല്ല. മോക്ഷം എന്ന ഒരു ഭ്രാന്തി സൃഷ്ടിക്കാൻ മാത്രമേ സാദ്ധ്യമാവൂ. വേദവും വസിഷ്ഠ വിശ്വാമിത്രാദികളെ പോലുള്ള ഗുരുക്കന്മാരും നമുക്ക് പ്രദാനം ചെയ്യുന്നത് വെറും ഭ്രാന്തിയാണെന്നു കരുതാൻ വയ്യ. അപ്പോൾ ബന്ധം സത്യത്തിലുള്ളതല്ലെന്നുറപ്പാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ജീവത്വവും ജീവനും മിത്ഥ്യകളാണ്. അതായത്, സത്യമായ ചൈതന്യത്തിൽ ജീവത്വം ആരോപിക്കപ്പെട്ടതാണ്. ആരോപണത്തിന് ശാസ്ത്രീയമായി അധ്യാസം എന്നും പറയും.

ഈ ഗ്രന്ഥത്തിലെ 16-ാമത്തെ ശ്ലോകത്തിൽ ജീവനെ ഇങ്ങനെ വിവരിക്കുന്നുണ്ട്

'സാക്ഷിണ പുരതോ ഭാതം
ലിംഗം ദേഹേന സംയുതം
ചിതിച്ഛായാസമാവേശാ
ജീവഃ സ്യാദ് വ്യാവഹാരികാഃ

(സാക്ഷിചൈതന്യത്തിന്റെ സമക്ഷത്തിൽ,

സ്ഥൂലശരീരത്തോട് യോജിച്ച, ചൈതന്യ പ്രതിബിംബ സൂക്ഷ്മശരീര സംഘാതത്തെ വ്യാവഹാരികജീവനെന്ന് പറയുന്നു.) ഇതിന്റെ സാരാംശം, ലിംഗശരീരസ്ഥനായ ചിദാഭാസനാണ് ജീവനെന്നാണ്. എന്തായാലും സംസാരവും മോക്ഷവും ആത്മാവിനല്ല, ആത്മാഭാസത്തിനാണ്.

(ആത്മാഭാസസ്യ ജീവസ്യ സംസാരോ നാത്മ വസ്തുനഃ)

ശുദ്ധമായതിനെ വീണ്ടും ശുദ്ധീകരിക്കാനാവില്ലല്ലോ. മോക്ഷമെന്ന് പറഞ്ഞാൽ അജ്ഞാനത്താൽ ആത്മാവിൽ ആരോപിതമായ അനാത്മതത്ത്വങ്ങളെ മനസാ വിട്ടുകളയലാണ്. ശ്രീവിദ്യാരണ്യമുനിയും ജീവന്റെ നിർവചനം കൊടുത്തിട്ടുള്ളത് ഇതിന് സമാനമായിത്തന്നെയാണ്

'ചൈതന്യം യദധിഷ്ഠാനം
ലിംഗദേഹശ്ച യഃ പുനഃ
ചിച്ഛായാ ലിംഗദേഹസ്ഥാ
തത്സംഘോ ജീവ ഉച്യതേ

(ലിംഗദേഹത്തിനടിസ്ഥാനമായ ചൈതന്യം യാതൊന്നോ അതും, ലിംഗദേഹവും, സാക്ഷിചൈതന്യം ലിംഗശരീരത്തിൽ പ്രതിബിംബിക്കുമ്പോൾ സംജാതമാകുന്ന ചിദാഭാസനും കൂടിയതാണ് ജീവൻ) അതായത്, സാക്ഷി ചൈതന്യം, ലിംഗശരീരം, ചിദാഭാസൻ എന്നീ മൂന്നു തത്ത്വങ്ങളുടെ സംഘാതമാണ് ജീവൻ. ജീവനെന്നാൽ മൂന്നെണ്ണം കൂടിയതാണോ, ഒരൊറ്റ വസ്തുവല്ലേ എന്നു ചോദിച്ചാൽ, അല്ല എന്നാണുത്തരം. ജീവൻ സദ്വവസ്തുവല്ല, വ്യാവഹാരികമാണ്. ഏതൊരു വ്യാവഹാരിക സത്തയും മിശ്രിതമാണ്.

ജീവൻ മൂന്നു തത്ത്വങ്ങൾ ചേർന്നുണ്ടായ വ്യാവഹാരികസത്തയായതിനാൽ, ആ മൂന്നു തത്ത്വങ്ങളും ഒറ്റക്ക് ജീവനെന്നു വ്യവഹരിക്കപ്പെടാൻ യോഗ്യങ്ങളാണ്. മൂന്നും ജീവ വാച്യങ്ങളാണ്. ഗൗഡപാദാചാര്യർ പറയുന്നു

'ന കശ്ചിജ്ജായതേ ജീവഃ
സംഭവോസ്യ ന വിദ്യതേ
ഏതത്തദുത്തമം സത്യം
യത്ര കിംചിന്ന ജായതേ

(ഒരു ജീവനും ജനിക്കുന്നില്ല. ഒരു ജീവനും ഉത്പത്തിയില്ല. ജനനമില്ലാത്ത ഏതൊരു സത്യത്തിൽ യാതൊന്നും ജനിക്കുന്നില്ലയോ, അതാണുത്തമമായ സത്യം.) ജീവനെ കുറിച്ചുള്ള അന്വേഷണം, അതു സത്യത്തിലുള്ള ഒരു സംഘാതമെന്ന ധാരണയോടെ ചെയ്താൽ അതെവിടെയുമെത്തില്ല. ജീവൻ മിഥ്യയാണെന്നും ഏതൊരു മിഥ്യക്കും അധിഷ്ഠാനമുണ്ടാവണമെന്നതിനാൽ, ആ അധിഷ്ഠാനം എന്താണെന്നുമായിരിക്കണം നമ്മുടെ അന്വേഷണം.

മുൻ പറഞ്ഞ മൂന്നു തത്ത്വങ്ങളിൽ സത്യത്വമുള്ളത് സാക്ഷി ചൈതന്യത്തിനു മാത്രമാണ്. ലിംഗശരീരം ഒരു സംഘാതമായതിനാലും വികാരം, നാശം എന്നിവ ഉള്ളതിനാലും സത്യമല്ല. ചിദാഭാസനും മൗലികതയില്ല. അതിനാൽ രണ്ടാമത് പറഞ്ഞ ജാഗ്രതിലെ വ്യാവഹാരിക ജീവനും സ്വപ്നത്തിലെ സ്വപ്നപുരുഷനും സത്യത്വമില്ല.

ഈ ശ്ലോകത്തിൽ ആദ്യത്തേതും പരമാർത്ഥവുമായ ജീവൻ അവച്ഛിന്നമാണെന്നാണ് പറയുന്നത്. സൂക്ഷ്മത്തിൽ സൂക്ഷ്മവും അഖണ്ഡചിന്മയവുമായ ബ്രഹ്മത്തെ എങ്ങനെയാണ് ഛേദിക്കുക? ആയതിനാൽ ഛേദം യഥാർത്ഥത്തിലുള്ളതല്ല. ഒരു ഘടത്തിനുള്ളിലെ ആകാശം (space) ഒരു പരിച്ഛിന്നതയുമില്ലാതിരിക്കെത്തന്നെ പരിച്ഛിന്നമാണെന്ന തോന്നൽ ജനിപ്പിക്കുന്നുണ്ടല്ലോ? ഘടത്തിനകത്തും പുറത്തും ആകാശമാണെന്നതിനു പുറമേ, ഘടം സ്ഥിതി ചെയ്യുന്നതും ആകാശത്തിലാണ്.

അതുപോലെ അന്തഃകരണത്താൽ ബോധം പരിച്ഛിന്നമാണെന്ന ഭ്രാന്തി എല്ലാവർക്കുമുണ്ട്.

മഹാവാക്യങ്ങളെ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാവും. 'തത്വമസി'യിലെ ത്വം പദവും, 'അഹം ബ്രഹ്മാസ്മി' യിലെ അഹം ശബ്ദവും, 'പ്രജ്ഞാനം ബ്രഹ്മ' യിലെ പ്രജ്ഞാനമെന്നതും, 'അയമാത്മാ ബ്രഹ്മ' യിലെ അയമാത്മാ എന്നതും കുറിക്കുന്നത് ശരീരത്രയത്തിനു സാക്ഷിമാത്രമായ ചൈതന്യത്തെയാണ്.

തത്വമസിയുടെ ലക്ഷ്യാർത്ഥം നിരൂപിക്കുന്ന സമയത്ത് ആചാര്യസ്വാമികളും ഇതുതന്നെയാണ് പറഞ്ഞിട്ടുള്ളത്. 'തത്' പദത്തിന്റെ അർത്ഥമായ ഈശ്വരനോട് ഐക്യം, ശോധിതമായ 'ത്വം' പദത്തിനാണ്, അതായത് ഉപാധി വിഹീനമായ സാക്ഷിക്കാണ് ഐക്യം, അല്ലാതെ സംസാരിയായ ജീവനല്ല.

അടുത്ത ശ്ലോകത്തിൽ ഈ ആശയം കൂടുതൽ വ്യക്തമാക്കുന്നു.

അവച്ഛേദഃ കല്പിതഃ സ്യാദ്
അവച്ഛേദ്യം തു വാസ്തവം
തസ്മിൻ ജീവത്വമാ രോപാത്
ബ്രഹ്മത്വം തു സ്വഭാവതഃ. ( 33 )

(അവച്ഛേദമായ സത്ത സാങ്കല്പികമാണ്. എന്നാൽ ആ സങ്കല്പത്തിനധിഷ്ഠാനമായ യത് വസ്തുരൂപമാണ്. ആ തത്ത്വത്തിൽ ആരോപിതം മാത്രമാണ് ജീവത്വം. ബ്രഹ്മത്വമാകട്ടെ അതിന്റെ സ്വരൂപമാണ്.) ജീവന്റെ സ്വരൂപം ബ്രഹ്മമാണ്. ജീവത്വമെന്നത് ബ്രഹ്മത്തിൽ ആരോപിക്കപ്പെട്ടതു മാത്രമാണ്. ഈ ശ്ലോകത്തിൽ ജീവനെ അവച്ഛേദമെന്നും ബ്രഹ്മത്തെ അവച്ഛേദ്യമെന്നും വിളിക്കുന്നു.

ആകാശത്തിന്റെ ദൃഷ്ടാന്തമെടുത്താൽ ഇതു എളുപ്പം മനസ്സിലാകും. ആകാശം പ്രകൃത്യാ അതിരുകളില്ലാത്തതാണ്. അതിനാൽ അത് വ്യവഹാരയോഗ്യമല്ല. വ്യവഹരിക്കാൻ ആകാശത്തിൽ കൃത്രിമമായ അതിരുകൾ സങ്കല്പിക്കണം. അങ്ങനെ സങ്കല്പിക്കപ്പെട്ട ആകാശമാണ് നമ്മുടെ ഭവനവും അമ്പലവും നൃത്തശാലകളുമെല്ലാം. അങ്ങനെ അതിര് തിരിക്കപ്പെട്ട മഹാനഗരങ്ങളിലെ ചില ആകാശങ്ങൾക്ക് കോടിക്കണക്കിനു വിലയുള്ളപ്പോൾ, ഗ്രാമത്തിലെ ചില ആകാശങ്ങൾക്ക് നിസ്സാരവിലയ്ക്ക് പോലും ആവശ്യക്കാരില്ല. ആകാശം ഒന്നിനേയും സ്പർശിക്കുന്നില്ല. എങ്കിലും ആകാശത്തിന് നീല നിറമുള്ളതായും, ആകാശം ചക്രവാളത്തിൽ ഭൂമിയോട് മുട്ടുന്നതായും മറ്റും തോന്നപ്പെടുന്നു. എല്ലാം ആരോപണങ്ങൾ മാത്രം. അഖണ്ഡമായ ആകാശത്തിൽ ഖണ്ഡങ്ങൾ ആരോപിക്കുന്നതു പോലെത്തന്നെയാണ് അനന്തത സ്വരൂപമായ ബ്രഹ്മത്തിൽ ജീവത്വം ആരോപിക്കുന്നത്.

ഘടത്തിലെ ആകാശത്തിനു പുറത്തുള്ള മഹാകാശത്തിൽ നിന്ന് വ്യതിരിക്തമായി ഒരു സ്വതന്ത്ര അസ്തിത്വമൊന്നുമില്ല. എങ്കിലും വ്യവഹാരാർത്ഥം നാമങ്ങനെ സങ്കല്പിക്കുന്നു. ഘടാകാശം എന്നൊന്ന് യഥാർത്ഥത്തിൽ ഉണ്ടായിട്ടില്ലാത്ത പോലെ, ജീവനും യഥാർത്ഥത്തിൽ ജനിക്കുന്നില്ല. ശ്രീഗൗഡപാദാചാര്യർ പറയുന്നു

'ആത്മാ ആകാശവജ്ജീവൈർ
ഘടാകാശൈരിവോദിതഃ
ഘടാദിവച്ച സംഘാതൈർ
ജാതാവേതന്നിദർശനം'

(ആകാശത്തിൽ ഘടാകാശങ്ങൾ ജന്മമെടുത്ത പോലെ തോന്നും വിധം തന്നെയാണ്, പരമാത്മാവിൽ ജീവന്മാരുടെ ജന്മമുണ്ടായതുപോലെ തോന്നുന്നത്) മഹാകാശത്തിൽ മണ്ണുകൊണ്ടുണ്ടാക്കിയ ഘടരൂപമാണല്ലോ ഘടാകാശത്തിന്റെ നിർമ്മാണത്തിനു കാരണമെന്നപോലെ ഇരിക്കുന്നത്. അതുപോലെ ശരീരത്രയസംഘാതമാണ് പരമാത്മാവിൽ നിന്ന് വ്യത്യസ്ഥമായി ഒരു ജീവാത്മാവുണ്ടായി എന്ന ഭ്രാന്തിയുണ്ടാക്കുന്നത്.

■



ॐ

**ജ്യോതിഷാചാര്യൻ: ജി. കെ. മേനോൻ**

**(2025 – ജൂൺ 15 മുതൽ ജൂലൈ 16 വരെ)**

**1200 – മിഥുന മാസ ഫലം**

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

**Ernakulam Karayogam : ☎ 0484 - 2361160 8848036518, 9645683491**



(**മേടക്കൂർ:** അശ്വതി ഭരണി കാർത്തിക ആദ്യ പാദം) പൊതുവേ അനുകുലമായ സമയമായിരിക്കും ലൗകീക സുഖങ്ങൾ അനുഭവിക്കുകയും അത്തരം താൽപര്യം വർദ്ധിക്കുകയും ചെയ്യും. ഭാഗ്യാനുഭവങ്ങൾ പ്രതീക്ഷിക്കാം. വാതരോഗ സംബന്ധമായ വിഷയങ്ങളാൽ കാലിന് പ്രയാസങ്ങൾ അനുഭവപ്പെടും. ജൂലൈ 7, 8 തിയതികൾ അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ ആ ദിവസങ്ങളിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടത് നല്ലതാണ്. ഭദ്രകാളി ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നതും നല്ലതാണ്



(**ഇടവക്കൂർ:** കാർത്തിക അവസാന മൂന്ന് പാദം രോഹിണി മകയിരം ആദ്യപകുതി) സ്വയം സൗകര്യങ്ങൾക്ക് വേണ്ടി ധനം ചിലവഴിക്കും. ധനപരമായും കർമ്മപരമായും നേട്ടങ്ങൾ പ്രതീക്ഷിക്കാം. കുടുംബത്തിൽ അകാരണമായ കലഹങ്ങൾ ഉണ്ടാകാം. ജൂലൈ 9, 10 തിയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങൾ ആയതിനാൽ ആ ദിവസങ്ങളിൽ ഒഴിവാക്കാൻ പറ്റാത്തപുതിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയോടെ ഇടപെടാവു. ദേവീ ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുക .



(**മിഥുനക്കൂർ:** മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം) നിൽക്കുന്ന സ്ഥലം വിട്ട് പോകുന്നതിനും. വിദേശയാത്രക്ക് ശ്രമിക്കുന്നവർക്കും മാസം അനുകൂലമാകും. ഗൃഹനിർമ്മാണത്തിനെ കുറിച്ച് ഗൗരവമായ ചിന്തകൾ ഉണ്ടാകും. കർമ്മരംഗത്ത് മന്ദത അനുഭവപ്പെടാം ജൂലൈ 11, 12 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. ചൊവ്വാഴച്ച ദിവസങ്ങളിൽ ദേവീ ക്ഷേത്ര ദർശനവും ലളിത സഹസ്ര നാമജപവും നടത്തുക,



(**കർക്കിടക്കൂർ:** പുണർതം അവസാനപാദം, പൂയം , ആയില്യം) കലാപരമായ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ധനപരമായ നേട്ടം പ്രതീക്ഷിക്കാം. ചിലവ് വരവിനേക്കാൾ അധികരിക്കും. വാക്കും, ധനവും മൂലം പ്രശ്നങ്ങൾ ഉണ്ടാകാം. ജൂലൈ 14, 15 ദിവസങ്ങൾ പൊതുവേ അനുകൂലമല്ലാത്തതിനാൽ പുതുസംരംഭത്തിന് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം ശാസ്താ ക്ഷേത്രദർശനവും മന്ത്രജപവും ചെയ്യുന്നത് നല്ലതാണ്.



(**ചിങ്ങക്കൂർ:** മകം, പൂരം, ഉത്രം ആദ്യ കാൽഭാഗം) സ്വയാർജിതമായ ധനലാഭം ഉണ്ടാകും. കലാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഭാഗ്യാനുകൂലത പ്രതീക്ഷിക്കാം. ശിരോരോഗം ഉള്ളവർക്ക് രോഗം വർദ്ധിക്കാം. ജൂൺ 19, 20 തിയതികൾ അഷ്ടമരാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ദേവീ, ഗണപതി പ്രീതികരങ്ങളായ മന്ത്രജപങ്ങൾ നടത്തുന്നതും ക്ഷേത്രത്തിൽ ദർശ്ശനം നടത്തുന്നതും നല്ലതാണ്.



(**കന്നിക്കൂർ:** ഉത്രം അവസാന മൂന്നാംപാദം അത്തം, ചിത്തിര ആദ്യ പകുതി) കലാസാഹിത്യ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് അപ്രതീക്ഷിത ധനലാഭം ഉണ്ടാകും. സാമ്പത്തിക പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ ആശ്വാസം ലഭിക്കും.നീർക്കെട്ട് പോലുള്ള അസുഖങ്ങൾ മൂലം അസ്വസ്ഥത ഉണ്ടാവാം. ജൂൺ 21 22 ദിവസങ്ങൾ അനുകൂലമല്ല. ദേവീ ക്ഷേത്ര ദർശ്ശനവും ദേവീ പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും തുടരുക.



(**തുലാക്കൂർ:** ചിത്തിര അവസാനപകുതി, ചോതി, വിശാഖം ആദ്യ മൂന്ന്പാദം.) വിവാഹത്തിനായി പരിശ്രമിച്ചാൽ വിവാഹത്തിന് സാധ്യത ഉണ്ട്. പൊതുവേ ഭാഗ്യം അനുകൂലമായിരിക്കും. സാഹിത്യ കലാരംഗത്ത് നിന്നും അനുമോദനങ്ങളും അംഗീകാരങ്ങളും ലഭിക്കും. ജൂൺ 24 25 തിയതികൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. ദേവീ ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.



(**വൃശ്ചികക്കൂർ:** വിശാഖം അവസാന പാദം, അനിഴം തൃക്കേട്ട ) കർമ്മരംഗത്ത് കലഹങ്ങൾക്കും, തടസ്സങ്ങൾ നേരിടുന്നതിനും സാധ്യത ഉണ്ട് ദാമ്പത്യ കലഹങ്ങൾ ഉണ്ടാകാതിരിക്കുവാൻ കരുതൽ വേണം ഭാഗ്യപരീക്ഷണങ്ങളും വലിയ നിക്ഷേപങ്ങളും സൂക്ഷിക്കണം. ജൂൺ 26 27 ദിവസങ്ങളിൽ ശ്രീകൃഷ്ണക്ഷേത്ര ദർശ്ശനവും മന്ത്രജപവും, കുടുംബ ക്ഷേത്രത്തിലെ സർപ്പപ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നത് നല്ലതാണ്.



(**ധനുക്കൂർ:** മൂലം, പൂരാടം, ഉത്രാടം ആദ്യപാദം.) പലവിധ തടസ്സങ്ങൾ നേരിട്ട് മുടങ്ങി കിടന്നിരുന്ന പ്രവർത്തന മേഖലയിൽ ഉണർവ് ഉണ്ടാകും. ജീവിതപങ്കാളിയുമായും ബിസിനസ്സ് പങ്കാളികളാകും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. പാദരോഗം, വീഴ്ച്ച ചെറിയ തരത്തിലുള്ള പരിക്കുകൾ എന്നീ ദോഷങ്ങൾക്ക് സാധ്യത ഉണ്ട്. ജൂൺ 28, 29 ദിവസങ്ങൾ അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ പുതുതായി ആരംഭിക്കുന്ന നല്ല കാര്യങ്ങൾക്ക് സ്വീകരിക്കാതിർക്കുന്നതാണ് ഉത്തമം. സർപ്പപ്രീതികരമായ വഴി പാടുകൾ നടത്തുക



(**മകരക്കൂർ:** ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യപകുതി) വാഹനം വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് സാഹചര്യങ്ങൾ അനുകൂലമാകും. ബുദ്ധിപരമായ കാര്യങ്ങളിലൂടെ നേട്ടങ്ങൾ ഉണ്ടാവും. ഉന്നത വിജയങ്ങൾ നേടാൻ കഴിയും. കുടുംബപരമായ ധന കാര്യവിഷയങ്ങളിൽ ആശ്വസം ലഭിക്കും. ജൂൺ 30 ജൂലൈ 1 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. ചൊവ്വ, വെള്ളി ദിവസങ്ങളിൽ ദേവീക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(**കുംഭക്കൂർ:** അവിട്ടം അവസാന പകുതി ചതയം പൂരുരുരുട്ടാതി ആദ്യ മൂന്ന് പാദം).ചെറിയ കാര്യങ്ങൾക്ക് പോലും അലസത പ്രകടിപ്പിക്കും. വാക്ക് നിമിത്തം പ്രശ്നങ്ങൾ ഉണ്ടാകാതെ നോക്കണം. വീട് നിർമ്മാണത്തിന് ശ്രമിക്കുന്നവർക്ക് കാര്യം അനുകുലമാകും. നേത്രരോഗം മൂർച്ചിക്കാതെ നോക്കണം. ജുലൈ 3, 4 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ദേവിക്കും, സർപ്പത്തിനും പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ക്ഷേത്ര ദർശ്ശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



(**മീനക്കൂർ:** പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി രേവതി ) പൂർവ്വികമായി കൈവശം വന്ന് ചേർന്ന. വസ്തു വകകളിൽ നിന്നും ധനലാഭം പ്രതീക്ഷിക്കാം.പരുഷമായ വാക്കുകൾ മൂലം സൗഹൃത്തുക്കളും ബന്ധുജനങ്ങളും അകലാൻ സാധ്യത ഉണ്ട്. അകാരണമായ ഭയം മനസ്സിനെ അലട്ടാം. ജൂൺ 5, 6 ദിവസങ്ങൾ അത്ര ഗുണകരമല്ലാത്തതിനാൽ പുതിയ സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. സർപ്പപ്രീതി ഗണപതിക്ഷേത്ര ദർശനം എന്നിവ നടത്തി ദുരിത ശാന്തി വരുത്തുക

***ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!***

# MANGALYAM MATRIMONIA



for the better half of your life....

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 27 / 170cm, Rohini, B.Sc Physics, Preventive Officer (Inspector) in Customs, Ministry of Revenue, Govt of India, Pref: Graduate/Post Graduate, Fair,preferring Bank/Govt/LIC/ employee, Mob:9645092814

Email: rajeshkannattu97@gmail.com
Date of Birth:29-07-1997(5.46am)
Sishta Dasa:Rahu :0-0-0

ശി ച ശു ബു

| | | | |
|---|---|---|---|
| മ | | ച | |
| ശി | ഗ്രഹനില & അംശകം | | ര ല |
| ഗു മാ | | | ബു സശു |
| | | | കു |

മ മാ (ഇടത്)
കു ല ഗു സ (വലത്)
ര

Contact Address:
MR.RAJESH KUMAR
KANNATHU HOUSE,
THRICHATTUKULAM P.O,
PANAVALLY
CHERTHALA -






എറണാകുളം കരയോഗം ടി.ഡി.എം. ഹാളിൽ നടന്ന
കുട്ടികളുടെ അവധിക്കാല ക്യാമ്പിൽ നിന്ന്....











DATE OF PUBLICATION: 10-06-2025

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**

**REGISTERED NO. KL/EKM/761/2025-27**
**LICENSE NO. KL/CR/EKM/WPP-3/2025-27**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 17 JUNE- 2025 Issue No. 06












*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi - 682016, Kerala



The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam



Printed by M. Sreevallabhan Nair. Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.


സേവനം ജീവിതസാഫല്യം